# പിഎസ്‌സി ബുള്ളറ്റിൻ

SINCE 1985

PSC Bulletin, Official Publication of Kerala Public Service Commission

Vol. 27 | Issue 7 | Fortnightly | December 1, 2015 | Page 32 | ₹ 5


## അസിസ്റ്റന്റ് പ്രൊഫസർ ഇൻ പീഡോഡോണ്ടിക്സ്

കേരള മെഡിക്കൽ എഡ്യൂക്കേഷൻ സർവീസസ്

## ലക്ചറർ ഇൻ തമിഴ്

കോളേജ് വിദ്യാഭ്യാസം (ട്രെയിനിംഗ് കോളേജുകൾ)

## ലിഫ്റ്റ് ഓപ്പറേറ്റർ

ജില്ലാ സഹകരണ ബാങ്ക്

ഉൾപ്പെടെ വിവിധ തസ്തികകളിൽ വിജ്ഞാപനം

**വിജ്ഞാപനം**

## ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ് ജനുവരി 2016

പേജ് 26

പിഎസ്‌സി ബുള്ളറ്റിൻ




## ഓർഗനൈസിങ് ഏജന്റുമാരെ ആവശ്യമുണ്ട്

കേരളത്തിൽ ഏറ്റവും കൂടുതൽ പ്രചാരമുള്ള ഔദ്യോഗിക പ്രസിദ്ധീകരണങ്ങളിലൊന്നായ പിഎസ്‌സി ബുള്ളറ്റിൻ താലൂക്കടിസ്ഥാനത്തിൽ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എത്തിച്ച് ഉദ്യോഗാർഥികൾക്ക് ലഭ്യമാക്കുന്നതിന് ഓർഗനൈസർമാരെ ആവശ്യമുണ്ട്. മാർക്കറ്റിങ്ങിൽ മുൻപരിചയമുള്ളവർക്കും സ്വന്തമായി വാഹനസൗകര്യമുള്ളവർക്കും മുൻഗണന. ഒരു ഓർഗനൈസർ ഏറ്റവും കുറഞ്ഞത് 300 കോപ്പിയെങ്കിലും വിപണനം ചെയ്യേണ്ടതാണ്. കൊറിയർ ചാർജ് സൗജന്യമാണ്. kpscbulletin@gmail.com ലേക്ക് ഇ–മെയിൽ അയയ്ക്കുകയോ പബ്ലിക് റിലേഷൻസ് ഓഫീസർ, കേരള പബ്ലിക് സർവീസ് കമ്മിഷൻ, പട്ടം, തിരുവനന്തപുരം –4 എന്ന വിലാസത്തിലേക്ക് എഴുതുകയോ ചെയ്താൽ അപേക്ഷ ഫോറവും വ്യവസ്ഥകളും ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ : 9446412483 (പി.ആർ.ഒ.) 0471 2546270 (സർക്കുലേഷൻ വിഭാഗം).

വിവിധ പി.എസ്.സി. ഓഫീസുകളിലോ പോസ്റ്റോഫീസിലോ നൂറുരൂപ ഒടുക്കിയാൽ ബുള്ളറ്റിൻ 15 മാസത്തേക്ക് ഇന്ത്യയിലെവിടെയും തപാലിൽ കിട്ടും. വരിസംഖ്യ പി.എസ്.സി.ഓഫീസിൽ ലഭിച്ചാൽ അതു സംബന്ധമായ എസ്എംഎസ് വരിക്കാർക്ക് ലഭിക്കും. മണിയോർഡർ ഫോറത്തിൽ മൊബൈൽ നമ്പർ ഉൾപ്പെടുത്തുന്നവർക്കാണ് ഈ സംവിധാനം ലഭ്യമാകുന്നത്. വിലാസത്തിൽ പിൻകോഡ് ഉൾപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. വരിസംഖ്യ പിഎസ്‌സിയുടെ വിവിധ ഓഫീസുകളിലോ പേസ്റ്റോഫീസുകളിലോ നേരിട്ട് അടയ്ക്കാൻ ഉദ്യോഗാർഥികൾ ശ്രദ്ധിക്കേണ്ടതാണ്. തപാൽ വരിസംഖ്യ സ്വീകരിക്കുന്നതിന് ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടില്ല.

പി.എസ്.സി. ബുള്ളറ്റിൻ സംബന്ധമായ വായനക്കാരുടെ നിർദ്ദേശങ്ങൾ പബ്ലിക് റിലേഷൻസ് ഓഫീസർ, കേരള പബ്ലിക് സർവീസ് കമ്മിഷൻ, പട്ടം, തിരുവനന്തപുരം –4 എന്ന വിലാസത്തിൽ അയയ്ക്കുക.




## ഒറ്റത്തവണ രജിസ്ട്രേഷൻ ഫോട്ടോ സംബന്ധിച്ച നിർദ്ദേശങ്ങൾ

1.1.2012 മുതൽ പ്രാബല്യത്തിലുള്ള വൺ–ടൈം രജിസ്ട്രേഷൻ, കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in വഴി നടത്തിയശേഷമാണ് ഉദ്യോഗാർത്ഥികൾ വിവിധ തസ്തികകൾക്കായി അപേക്ഷ സമർപ്പിക്കേണ്ടത്. ഫോട്ടോ അപ്‌ലോഡ് ചെയ്യുമ്പോൾ പരീക്ഷാർത്ഥികൾ താഴെ പറയുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1. **ഫോട്ടോയിൽ ഉദ്യോഗാർത്ഥിയുടെ പേരും ഫോട്ടോ എടുത്ത തീയതിയും പതിച്ചിരിക്കണം.**
2. **കമ്മീഷൻ പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങൾ പ്രകാരം ഉദ്യോഗാർത്ഥികൾ അപേക്ഷ സമർപ്പിക്കുമ്പോൾ അപ്‌ലോഡ് ചെയ്യുന്ന ഫോട്ടോയ്ക്ക് 10 വർഷത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും.**
3. പരീക്ഷാർത്ഥിയുടെ മുഖവും തോളുകളുടെ മുകൾഭാഗവും വ്യക്തമായി പതിഞ്ഞിരിക്കത്തക്ക വിധത്തിലുള്ള പാസ്പോർട്ട് സൈസിലുള്ള കളർ/ബ്ലാക്ക് & വൈറ്റ് ഫോട്ടോയായിരിക്കണം.
4. വെളുത്തതോ ഇളം നിറത്തിലോ ഉള്ള പശ്ചാത്തലത്തിൽ ഇളം നിറത്തിലുള്ള വസ്ത്രം ധരിച്ച് എടുത്ത ഫോട്ടോയായിരിക്കണം.
5. മുഖം നേരെയും പൂർണ്ണമായും ഫോട്ടോയുടെ മദ്ധ്യഭാഗത്ത് പതിഞ്ഞിരിക്കണം.
6. കണ്ണുകൾ വ്യക്തമായി കാണത്തക്ക വിധത്തിലായിരിക്കണം.
7. അപ്‌ലോഡ് ചെയ്യുന്ന ഫോട്ടോകൾ 200 പിക്സെൽ h x 150 പിക്സെൽ w ഉള്ളതും JPG ഫോർമാറ്റിലുള്ളതും 30 KB ഫയൽ സൈസിൽ അധികരിക്കാത്തതുമായിരിക്കണം.
8. സൺഗ്ലാസ്, തൊപ്പി എന്നിവ ധരിച്ച് എടുത്തതും മുഖത്തിന്റെ ഒരു വശം മാത്രം കാണത്തക്കവിധമുള്ളതും മുഖം വ്യക്തമല്ലാത്തതുമായ ഫോട്ടോകൾ സ്വീകാര്യമല്ല.
9. "മതാചാരത്തിന്റെ ഭാഗമായി തൊപ്പി/ശിരോവസ്ത്രം ധരിച്ച് എടുത്ത ഫോട്ടോ മറ്റ് നിർദ്ദേശങ്ങളനുസരിച്ചാണെങ്കിൽ സ്വീകാര്യമാണ്.

## വരിക്കാരുടെ ശ്രദ്ധയ്ക്ക്

**80497 വരെയുള്ള വരിക്കാരുടെ കാലാവധി ഡിസംബർ 1 ലക്കത്തോടെയാണ് അവസാനിക്കുന്നത്**

വരിസംഖ്യ (നൂറുരൂപ)

മണിയോർഡറായി അയക്കേണ്ട വിലാസം:

**പബ്ലിക് റിലേഷൻസ് ഓഫീസർ,**
**കേരള പബ്ലിക് സർവീസ് കമ്മിഷൻ,**
**പട്ടം പാലസ് പി. ഒ., തിരുവനന്തപുരം – 695004**

**വരിക്കാർ ബുള്ളറ്റിൻ സംബന്ധിച്ച് കത്തെഴുതുമ്പോഴും ഫോൺ ചെയ്യുമ്പോഴും ബുള്ളറ്റിനിന്റെ ലേബലിലുള്ള സബ്സ്ക്രൈബർ നമ്പർ കൃത്യമായി സൂചിപ്പിക്കേണ്ടതാണ്.**

## പത്രാധിപസമിതി

**ശ്രീ. അശോകൻ ചരുവിൽ – ചെയർമാൻ**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
**ഡോ. കെ ഉഷ**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
**ശ്രീ. പി ശിവദാസൻ**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
**ശ്രീമതി. സിമി റോസ്ബെൽ ജോൺ**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
**അഡ്വ. ഇ രവീന്ദ്രനാഥൻ**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

**പബ്ലിക് റിലേഷൻസ് ഓഫീസർ**
**ശ്രീ.ബി. സന്തോഷ്**, ഫോൺ : *0471 2546368 OR 9446412483*
സർക്കുലേഷൻ (പി.ആർ. യൂണിറ്റ്): *0471 2546270*

# കൂട്ടിച്ചേർക്കൽ വിജ്ഞാപനം

## വിവിധ വകുപ്പുകളിൽ ക്ലാർക്ക്–ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ് ക്ലാർക്ക്

വിവിധ വകുപ്പുകളിലെ ക്ലാർക്ക്–ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ് ക്ലാർക്ക് തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിനായി 28–03–20156 ൽ പുറപ്പെടുവിച്ച കാറ്റഗറി നമ്പർ 45/2015 (നേരിട്ടുള്ള നിയമനം) 46/2015 (തസ്തികമാറ്റം നിയമനം) പ്രകാരമുള്ള വിജ്ഞാപനങ്ങളിൽ താഴെപ്പറയുന്ന മാറ്റങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.

1. കാറ്റഗറി നമ്പർ 45/2015 (നേരിട്ടുള്ള നിയമനം) നമ്പർ വിജ്ഞാപനത്തിന്റെ 7ാം ഇനത്തിലും കാറ്റഗറി നമ്പർ 46/2015 (തസ്തികമാറ്റ നിയമനം) നമ്പർ വിജ്ഞാപനത്തിന്റെ 5 ാം ഇനത്തിലും ഒന്നാമതായി ഉൾപ്പെടുത്തിയിട്ടുള്ള പ്ലസ്ടു വിജയം അല്ലെങ്കിൽ തത്തുല്യം എന്ന യോഗ്യത നീക്കം ചെയ്ത് പകരം എസ്.എസ്.എൽ.സി. വിജയം അല്ലെങ്കിൽ തത്തുല്യം എന്ന് കൂട്ടിചേർക്കുന്നു
2. മേൽപ്പറഞ്ഞ കൂട്ടിച്ചേർക്കലുകൾക്കു താഴെയായി ചേർക്കുന്ന പ്രത്യേക കുറിപ്പ്
   പ്രത്യേക കുറിപ്പ്–27–07–2015 ലെ സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) നമ്പർ 24/2015/ഉ.ഭ.പ.വ പ്രകാരം ടി തസ്തികയിലേയക്ക് 28–03–2015 ൽ പുറപ്പെടുവിച്ച അസ്സൽ വിജ്ഞാപനങ്ങൾക്കു മുൻകാല പ്രാബല്യത്തോടെ ബാധകമാക്കിക്കൊണ്ട് അടിസ്ഥാന യോഗ്യത ഇളവു ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്ലസ്ടു യോഗ്യത ഇല്ലാത്തതിനാൽ ടി വിജ്ഞാപനപ്രകാരം അപേക്ഷ സമർപ്പിക്കുവാൻ കഴിയാതിരുന്ന എസ്.എസ്.എൽ.സി. യോഗ്യതയുള്ളവരിൽ നിന്നു മാത്രം അപേക്ഷ ക്ഷണിച്ചുകൊണ്ട് (അസ്സൽ വിജ്ഞാപനങ്ങൾ നിലനിർത്തിക്കൊണ്ട്) പുറപ്പെടുവിക്കുന്നതാണ് ഈ കൂട്ടിച്ചേർക്കൽ വിജ്ഞാപനമെന്നതിനാൽ

എ) അസ്സൽ വിജ്ഞാപന പ്രകാരം അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതിയായ 29–04–2015 ലോ അതിനു മുമ്പോ പ്ലസ്ടു യോഗ്യത നേടിയിട്ടില്ലാത്തതും എന്നാൽ ടി കാലയളവിൽ നിഷ്കർഷികക്കപ്പെട്ട മറ്റു സാങ്കേതിക യോഗ്യതകൾക്കൊപ്പം എസ്.എസ്.എൽ.സി. അല്ലെങ്കിൽ തത്തുല്യമായ യോഗ്യതയുണ്ടായിരുന്നതുമായ ഉദ്യോഗാർത്ഥികൾ മാത്രമേ ഈ വിജ്ഞാപന പ്രകാരം അപേക്ഷകൾ സമർപ്പിക്കുവാൻ പാടുള്ളൂ.

ബി) 29–04–2015 ലോ അതിനു മുമ്പോ പ്ലസ്ടു യോഗ്യതയുണ്ടായിരുന്നിട്ടും അസ്സൽ വിജ്ഞാപന പ്രകാരം അപേക്ഷ സമർപ്പിക്കാത്ത ഉദ്യോഗാർത്ഥികൾ (പ്ലസ്ടു യോഗ്യത നേടിയിട്ടും 29–04–2015 ലോ അതിനു മുമ്പോ ആയത് ഒ.റ്റി.ആർ പ്രൊഫൈലിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ഉദ്യോഗാർത്ഥികൾ ഉൾപ്പെടെ) ഈ വിജ്ഞാപന പ്രകാരം അപേക്ഷിക്കുവാൻ പാടുള്ളതല്ല. അപ്രകാരം അപേക്ഷിച്ചിട്ടുള്ളതായി തെളിയുന്നപക്ഷം അവരുടെ അപേക്ഷകൾ അറിയിപ്പില്ലാതെ നിരസിക്കുന്നതാണ്.

സി) 28–03–2015 ലെ അസ്സൽ വിജ്ഞാപന പ്രകാരം അപേക്ഷകൾ സമർപ്പിച്ചിട്ടുള്ള ഉദ്യോഗാർത്ഥികൾ യാതൊരു കാരണവശാലും വീണ്ടും അപേക്ഷിക്കുവാൻ പാടില്ലാത്തതാണ്.

ഡി) അസ്സൽ വിജ്ഞാപനത്തിലെ പ്രായപരിധി സംബന്ധിച്ച വ്യവസ്ഥകൾക്ക് യാതൊരു മാറ്റവുമില്ല. അതായത് 02–01–1979 നും 01–01–1997 നും (രണ്ടു തീയതികളും ഉൾപ്പെടെ) ഇടയിൽ ജനിച്ചവർ മാത്രമേ ഈ കൂട്ടിച്ചേർക്കൽ വിജ്ഞാപനപ്രകാരം (നേരിട്ടുള്ള നിയമനത്തിനായി) അപേക്ഷിക്കുവാൻ പാടുള്ളൂ. പട്ടിക ജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും മറ്റു പിന്നോക്ക വിഭാഗക്കാർക്കും അസ്സൽ വിജ്ഞാപനത്തിൽ നിഷക്ർഷിച്ചിട്ടുള്ള (മേൽപ്പറഞ്ഞ) പ്രായപരിധിയുടെ അടിസ്ഥാനത്തിൽ നിയമാനുസൃത വയസ്സിളവിന് അർഹതയുണ്ടായിരിക്കും.

ഇ) അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 15–12–2015 ചൊവ്വാഴ്ച അർദ്ധരാത്രി 12 മണി വരെ വിജ്ഞാപനത്തിലെ മറ്റു വ്യവസ്ഥകൾക്ക് മാറ്റമില്ല

## എൻ.സി.സി/സൈനിക ക്ഷേമം വകുപ്പുകളിൽഎൽ.ഡി. ടൈപ്പിസ്റ്റ്/ക്ലാർക്ക് ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ് ക്ലാർക്ക് (വിമുക്ത ഭടന്മാർ മാത്രം)

എൻ.സി.സി/സൈനിക ക്ഷേമം വകുപ്പുകളിലെ എൽ.ഡി. ടൈപ്പിസ്റ്റ്/ക്ലാർക്ക് ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ് ക്ലാർക്ക് (വിമുക്ത ഭടന്മാർ മാത്രം) തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിനായി മലപ്പുറം, വയനാട്, കണ്ണൂർ ജില്ലകളിൽ 26–12–2014 ൽ പുറപ്പെടുവിച്ച കാറ്റഗറി നമ്പർ 572/2014 (നേരിട്ടുള്ള നിയമനം ) പ്രകാരമുള്ള വിജ്ഞാപനത്തിൽ താഴെപ്പറയുന്ന മാറ്റങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.

1. വിജ്ഞാപനത്തിന്റെ 7ാം ഇനത്തിൽ ഒന്നാമതായി ഉൾപ്പെടുത്തിയിട്ടുള്ള പ്ലസ്ടു വിജയം അല്ലെങ്കിൽ തത്തുല്യം എന്ന യോഗ്യത നീക്കം ചെയ്ത് പകരം എസ്.എസ്.എൽ.സി. വിജയം അല്ലെങ്കിൽ തത്തുല്യം എന്നു കൂട്ടിച്ചേർക്കുന്നു.

**(ശേഷം പേജ് 25ൽ)**

## ഇൻറർവ്യൂ പ്രോഗ്രാം ഡിസംബർ 2015

| sl. No | category No | Name of Post & Dept. | Date 2015 Dec. |
|---|---|---|---|
| | | **കെപിഎസ്സി ആസ്ഥാന ആഫീസ്, പട്ടം, തിരുവനന്തപുരം** | |
| 1. | 157/13 | Dairy Extension Officer Kerala Dairy Development Department * | 9,10,11 |
| 2. | 457/09 | Junior Instructor (Plumber) - Industrial Training Department | 9,10,11, 16 |
| 3. | 116/10 | Scientific Assistant (Biochemistry) - Medical Education Services | 16,17 |
| 4. | 571/12 | Technical Superintendent (Dairy) - Kerala Cooperative Milk Marketing Federation Limited | 16 |
| 5. | 578/13 | Lecturer in Applied Arts in College of Fine Arts (NCA LC/AI) Technical Education | 16 |
| 6. | 222/14 | Specialist (Manasika) - Indian Systems of Medicine | 16 |
| 7. | 304/12 | Scheduled Caste Development Officer Grade I (Special Recruitment for SC/ST & ST only) - Scheduled Caste Development Department | 17 |
| 8. | 249/14 | Tutor Technician (PH Backlog) - Medical Education Services | 17 |
| 9. | 249/14 | Departmental Test - July 2015 - Second Class Language Test in Malayalam (Tamil/Kannada) - Part B - Viva-Voce | 17 |
| | | **കെപിഎസ്സി ജില്ലാ ആഫീസ്, കോട്ടയം** | |
| 1. | 476/12 | Librarian Gr IV Municipal Common Service | 9,10, |
| 2. | 461/12 | High School Assistant (Sanskrit) -Education | 11 |
| | | **കെപിഎസ്സി ആസ്ഥാന ആഫീസ്, എറണാകുളം** | |
| 1. | 410/10 | Boat Master-Kerala State Water Transport Dept | 9,10,11 |
| | | **കെപിഎസ്സി ജില്ലാ ആഫീസ്, എറണാകുളം** | |
| 1. | 476/12 | Librarian Gr IV - Municipal Common Service | 9,10,11 |
| | | **കെപിഎസ്സി ജില്ലാ ആഫീസ്, പാലക്കാട്** | |
| 1. | 476/12 | Librarian Gr IV - Municipal Common Service | 16 |
| 2. | 13/13 | LPSA (Malayalam Medium) (SR for ST only) - Education Department | 17 |
| 3. | 324/12 | Junior Health Inspector Gr II (NCA-V)*, Health Services Department | 17 |

* Denotes that the examination was conducted online.

# തൊഴിൽ അവസരങ്ങൾ

വിവിധ തസ്തികകളിൽ നിയമനത്തിന് തിരഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യതയുള്ള വരിൽനിന്നും അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനങ്ങൾ 26 - 11 - 2015 തീയതിയിലെ കേരള സർക്കാർ അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനങ്ങളുടെ **സംക്ഷിപ്ത രൂപം** ചുവടെ ചേർക്കുന്നു. ഉദ്യോഗാർത്ഥികൾ ഇതോടൊപ്പം ഗസറ്റും നോക്കേണ്ടതാണ്. ജനറൽ റിക്രൂട്ട്മെന്റിന് പിന്നാക്ക സമുദായങ്ങളിൽപ്പെട്ടവർക്ക് മൂന്നു വർഷവും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 5 വർഷവും വരെ ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. വയസ്സിളവിനെ സംബന്ധിച്ച **കൂടുതൽ വിവരങ്ങൾക്ക് ഗസററിലുള്ള പൊതുവ്യവസ്ഥകൾ നോക്കുക.**

**അസാധാരണ ഗസറ്റ് തീയതി: 26 – 11 – 2015 അവസാന തീയതി: 30 – 12 – 2015 രാത്രി 12 മണി വരെ**

## ഉദ്യോഗാർത്ഥികളുടെ ശ്രദ്ധയ്ക്ക്

**അപേക്ഷ സമർപ്പിക്കുന്ന രീതി:** ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മിഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.Keralapsc.gov.in. വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്തശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ User Id യും Pass word ഉം ഉപയോഗിച്ച് Login ചെയ്ത ശേഷം സ്വന്തം Profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link ലെ 'Apply Now' ൽ മാത്രം click ചെയ്യേണ്ടതാണ്. അപേക്ഷ ഫീസ് നൽകേണ്ടതില്ല. ആവശ്യമെങ്കിൽ രജിസ്ട്രേഷൻ കാർഡ് Link click ചെയ്ത് Profile ലെ വിശദാംശങ്ങൾ കാണുന്നതിനും പ്രിൻറ് ഔട്ട് എടുത്ത് സൂക്ഷിക്കുവാനും കഴിയും. Pass word രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ Profile ൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പ് വരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User ID പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. ആയതിനു ശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ ഒഴിവാക്കുവാനോ കഴിയുകയില്ല. തിരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപന വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങളുടെ പകർപ്പുകൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

**താഴെ പറയുന്ന തസ്തികകളിലേക്കുള്ള തെരഞ്ഞെടുപ്പിന് എഴുത്തുപരീക്ഷ/ഒഎംആർ പരീക്ഷ നടത്തുന്നപക്ഷം അർഹതപ്പെട്ട ഉദ്യോഗാർത്ഥികൾക്കുള്ള അഡ്മിഷൻ ടിക്കറ്റ് ഓൺലൈൻ സംവിധാനത്തിൽ കമ്മീഷൻെറ ഔദ്യോഗിക വെബ്സൈറ്റിലൂടെ നൽകുന്നതും, ഉദ്യോഗാർത്ഥികൾ അത് നിർദ്ദേശാനുസരണം ഡൗൺലോഡ് ചെയ്ത് പ്രിൻറ് എടുക്കേണ്ടതുമാകുന്നു.**

**ഒറ്റത്തവണ രജിസ്ട്രേഷൻ നടത്തിയിട്ടില്ലാത്ത ഉദ്യോഗാർത്ഥികൾ ഒറ്റത്തവണ രജിസ്ട്രേഷൻ പൂർത്തിയാക്കിയതിന് ശേഷവും നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലൂടെയും ഓൺലൈനായി കമ്മീഷന്റെ വെബ്സൈറ്റിലൂടെ അപേക്ഷ സമർപ്പിക്കേണ്ടതാണ്.**

## ജനറൽ റിക്രൂട്ട്മെന്റ് (സംസ്ഥാനതലം)

### കാറ്റഗറി നമ്പർ: 409/2015
### അസിസ്റ്റന്റ് പ്രൊഫസർ ഇൻ പീഡോഡോണ്ടിക്സ്
### കേരള മെഡിക്കൽ എഡ്യൂക്കേഷൻ സർവീസസ്

1 **വകുപ്പ്** : കേരള മെഡിക്കൽ എഡ്യൂക്കേഷൻ സർവീസസ്

2 **ഉദ്യോഗപ്പേര്** : അസിസ്റ്റൻറ് പ്രൊഫസർ ഇൻ പീഡോഡോണ്ടിക്സ്

3 **ശമ്പളം** : യു.ജി.സി.മാനദണ്ഡങ്ങൾക്കനുസരിച്ച്

4. **ഒഴിവുകളുടെ എണ്ണം** : 2 (രണ്ട്)

5 **നിയമന രീതി** : നേരിട്ടുള്ള നിയമനം

6 **പ്രായം** 24–41; ഉദ്യോഗാർത്ഥികൾ 02.01.1974–നും 01.01.1991നും ഇടയിൽ ജനിച്ചവർ ആയിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) മറ്റു പിന്നാക്കം, പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലുള്ളവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും. (വയസ്സിളവിനെ സംബന്ധിച്ച ഇതര വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക)

7 **യോഗ്യതകൾ** : അസിസ്റ്റൻറ് പ്രൊഫസർ

(i) ഡെൻറൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെ അംഗീകാരമുള്ള ഏതെങ്കിലുമൊരു അംഗീകൃത സർവകലാശാലയിൽ നിന്നും പീഡോഡോണ്ടിക്സ് വിഷയത്തിൽ നേടിയ ബിരുദാനന്തര ബിരുദം (എം.ഡി.എസ് ഇൻ പീഡോഡോണ്ടിക്സ്)

(ii) സംസ്ഥാന ഡെൻറൽ കൗൺസിലിലുള്ള സ്ഥിരം രജിസ്ട്രേഷൻ

(iii) മൂന്ന് വർഷത്തെ അദ്ധ്യാപന പരിചയം.

**കുറിപ്പ്:** KS & SSR പാർട്ട് II–ലെ റൂൾ 10 (a) ii ബാധകമാണ്. മേൽപ്പറഞ്ഞിട്ടുള്ള യോഗ്യതയുള്ളവരുടെ അഭാവത്തിൽ അടിസ്ഥാന ബിരുദം (ബി.ഡി.എസ്) യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ യു.ജി.സി. മാനദണ്ഡങ്ങൾ അനുസരിച്ചിട്ടുള്ള ശമ്പള നിരക്കിൽ ലക്ചറർ തസ്തികയ്ക്ക് പരിഗണിക്കുന്നതാണ്.

(i) അംഗീകൃത സർവകലാശാലയിൽ നിന്നും നേടിയ ബി.ഡി.എസ് ബിരുദം

(ii)സംസ്ഥാന ഡെൻറൽ കൗൺസിലിലുള്ള സ്ഥിരം രജിസ്ട്രേഷൻ

(iii) ഹൗസ് സർജനായോ ഡെൻറൽ സർജനായോ ആശുപത്രിയിൽ നിന്നും നേടിയ ആറുമാസത്തെ പരിചയം.

**കുറിപ്പ്:**–(i) KS & SSR പാർട്ട് II–ലെ റൂൾ 10 (a) ii ബാധകമാണ്.

(ii)റെസിഡൻസി പ്രോഗ്രാമിലൂടെ ബിരുദാനന്തര ബിരുദം നേടിയ ഉദ്യോഗാർത്ഥികളുടെ പഠനകാലയളവ് അസിസ്റ്റൻറ് പ്രൊഫസർ തസ്തികയുടെ നിയമനത്തിനായുള്ള അദ്ധ്യാപന പരിചയമായി കണക്കാക്കപ്പെടുന്നതാണ്. റെസിഡൻസി പ്രോഗ്രാം ഇല്ലാതെ ബിരുദാനന്തര ബിരുദം നേടിയ ഉദ്യോഗാർത്ഥികൾ തങ്ങൾ പഠിച്ചിരുന്ന കോളേജിലെ പ്രിൻസിപ്പലിൽ നിന്ന് അദ്ധ്യാപന/ക്ലിനിക്കൽ പരിചയം തങ്ങൾക്ക് ബിരുദാനന്തര ബിരുദ പഠനകാലയളവിൽ ലഭിച്ചിട്ടുണ്ടെന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

(iii) ഒരു മെഡിക്കൽ കൗൺസിലിൻേറയും താത്ക്കാലിക രജിസ്ട്രേഷൻ പരിഗണിക്കുന്നതല്ല.

(iv) ലക്ചറർ തസ്തികയുടെ 3% ഒഴിവുകൾ ലോക്കോ–മോട്ടോർ ഡിസബിലിറ്റി/സെറിബ്രൽ പാൾസി വിഭാഗത്തിൽപ്പെട്ട ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികൾക്കായി സംവരണം ചെയ്യപ്പെട്ടിരിക്കുന്നു. (G.O.(P) No. 61/2012/SWD dated 17.10.2012.

### കാറ്റഗറി നമ്പർ: 410/2015
### ലക്ചറർ ഇൻ തമിഴ്
### കോളേജ് വിദ്യാഭ്യാസം
### (ട്രെയിനിംഗ് കോളേജുകൾ)

1. **വകുപ്പ്** :കോളേജ് വിദ്യാഭ്യാസം (ട്രെയിനിംഗ് കോളേജുകൾ)

2. **ഉദ്യോഗപ്പേര്** :ലക്ചറർ ഇൻ തമിഴ്

3. **ശമ്പളം** :യു.ജി.സി സ്കെയിൽ

4. **ഒഴിവുകളുടെ എണ്ണം** :01 (ഒന്ന്)

5. **നിയമന രീതി** :തസ്തികമാറ്റം വഴിയുള്ള നിയമനം [കേരള ജനറൽ എഡ്യൂക്കേഷൻ സബോർഡിനേറ്റ് സർവ്വീസിലെ ഹെഡ്മാസ്റ്റർ, ഹൈസ്ക്കൂൾ അസിസ്റ്റന്റ് എന്നിവരിൽ നിന്നും, സർക്കാർ ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകരിൽ നിന്നും തസ്തികമാറ്റം വഴിയുള്ള നിയമനം.]

6. ഉദ്യോഗാർത്ഥികൾ (ഹെഡ് മാസ്റ്റർ / ഹൈസ്ക്കൂൾ അസിസ്റ്റന്റ്/ഹയർ സെക്കന്ററി സ്കൂൾ ടീച്ചറായി ജോലി ചെയ്യുന്നവർ) മേലധികാരിയിൽ നിന്നും റഗുലർ സർവ്വീസിലാണെന്ന് തെളിയിക്കുന്ന സർവ്വീസ് സർട്ടിഫിക്കറ്റ് താഴെ കൊടുത്തിരിക്കുന്ന ഫോറത്തിൽ വാങ്ങി സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്.

**SERVICE CERTIFICATE**

1. Name of the Candidate :
2. Name of post held by the applicant with scale of pay :
3. Name of the Department in which now working :
4. Name of Service to which the applicant belongs :
5. Date of commencement of service and date of Commencement of probation :
6. Whether the applicant is a Probationer or Approved Probationer or full Member of the Service :
7. Service Particulars :

| Sl. No. | Name of Post held | Period | | Length of Service | | | Date of declaration of probation |
|---|---|---|---|---|---|---|---|
| | | From | To | Year | Month | Days | |
| | | | | | | | |

Total Service

Certified that above details in respect of Sri./Smt. .................................................... who is a probationer/ approved probationer/ Full Member of the .......................................... (Name of Service) have been verified by me with the Service particulars as given in the Service Book of the candidate and that they are found correct.

Also Certified that Sri./Smt. .................................. is eligible to apply for the post of ............................By transfer as per Part I Rule 2(13) of KS&SSR 1958.

Signature of the Head of the Office with Name & Designation Signature

Place: Name and Designation of the

Date: Issuing authortiy

(Office Seal)

**കുറിപ്പ്:** എല്ലാ പരിചയ സർട്ടിഫിക്കറ്റുകളും സർക്കാരിന്റെ ബന്ധപ്പെട്ട നിയന്ത്രണാധികാരി /മേലധികാരിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്. സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റുകൾ നൽകുന്നവരുടെയും ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടെയും പേരിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതുമാണ്.

7. **പ്രായം** : തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് ഉയർന്ന പ്രായപരിധിയില്ല.

8. **യോഗ്യതകൾ:**

1)ബന്ധപ്പെട്ട വിഷയത്തിൽ അല്ലെങ്കിൽ ഡിസിപ്ലിനിൽ 50% മാർക്കിൽ കുറയാതെ നേടിയ ബിരുദാനന്തരബിരുദം അല്ലെങ്കിൽ തത്തുല്യ യോഗ്യത. മികച്ച വിദ്യാഭ്യാസ നിലവാരം പുലർത്തിയിരിക്കണം. [27/09/2008 ലെ 115/2008/H.Edn നമ്പർ സർക്കാർ ഉത്തരവ്].

2)55% മാർക്കിൽ കുറയാതെ നേടിയ എം.എഡ് ബിരുദം. (20/07/2011 ലെ 102/11/H.Edn നമ്പർ സർക്കാർ ഉത്തരവ്

3)പ്രൊഫഷണൽ യോഗ്യത നേടിയതിനുശേഷം സ്കൂളുകളിൽ നിന്നോ കോളേജുകളിൽ നിന്നോ നേടിയിട്ടുള്ള മൂന്നു വർഷത്തെ അദ്ധ്യാപന പരിചയം.

4) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനോ അല്ലെങ്കിൽ സംസ്ഥാന സർക്കാർ പ്രത്യേകം രൂപീകരിച്ച ഏജൻസിയോ ഇതിനായി നടത്തിയ സമഗ്ര പരീക്ഷ (കോംപ്രിഹെൻസീവ് ടെസ്റ്റ്) ജയിച്ചിരിക്കണം. തുല്യ യോഗ്യതയുള്ളവരിൽ മലയാള ഭാഷയിൽ മതിയായ പരിജ്ഞാനമുള്ള ഉദ്യോഗാർത്ഥികൾക്ക് മുൻഗണന നൽകുന്നതാണ്.

**കുറിപ്പ്:** മുകളിൽ സൂചിപ്പിച്ച തസ്തികയ്ക്ക് യു.ജി.സി അംഗീകരിച്ച സർവകലാശാലകൾ നൽകുന്ന ബിരുദങ്ങൾ മാത്രമേ പരിഗണിക്കുകയുള്ളൂ.

**പ്രത്യേക ഇളവുകൾ:** ബന്ധപ്പെട്ട വിഷയത്തിൽ പി.എച്ച്.ഡി നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളെ നെറ്റ് പാസ്സായിരിക്കണമെന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. [19/06/2007 ലെ 86/07/H.Edn. നമ്പർ ഉത്തരവ് ].

**കുറിപ്പ്:** KS & SSR Part II Rule 10(a)ii ബാധകമാണ്.

**സംവരണം:** 1958ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ്

സർവ്വീസ്റൂളിലെ രണ്ടാം ഭാഗം 14 മുതൽ 17 വരെയുള്ള ചട്ടങ്ങളിൽ വിവരിച്ചിരിക്കുന്ന സംവരണ വ്യവസ്ഥകൾ തസ്തിക മാറ്റം വഴിയുള്ള നിയമനത്തിന് ബാധകമായിരിക്കുന്നതല്ല.

## കാറ്റഗറി നമ്പർ: 411/2015
## ലക്ചറർ ഇൻ തമിഴ്
## കോളേജ് വിദ്യാഭ്യാസം
## (ട്രെയിനിംഗ് കോളേജുകൾ)

**1. വകുപ്പ്** : കോളേജ് വിദ്യാഭ്യാസം (ട്രെയിനിംഗ് കോളേജുകൾ)
**2. ഉദ്യോഗപ്പേര്** : ലക്ചറർ ഇൻ തമിഴ്
**3. ശമ്പളം** : യു.ജി.സി സ്കെയിൽ
**4. ഒഴിവുകളുടെ എണ്ണം** : പ്രതീക്ഷിത ഒഴിവുകൾ
**5. നിയമന രീതി** : നേരിട്ടുള്ള നിയമനം

**കുറിപ്പ്:** തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ മാത്രമേ നേരിട്ടുള്ള നിയമനരീതി പരിഗണിക്കുകയുള്ളു.

6. അപേക്ഷകർ താഴെ പറയുന്ന മാതൃകയിലുള്ള പരിചയ സർട്ടിഫിക്കറ്റ് മേലധികാരിയിൽ നിന്നും വാങ്ങി സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്.

**CERTIFICATE OF EXPERIENCE**

(To be produced by the candidates applying for Direct Recruitment)

1. Name and Address of the Candidate :
2. Name of the Post held now :
3. Date of commencement of Service & total Service :
4. Basic Pay and Scale of Pay :
5. Period of Experience
From .............To...................
6. Details of Service
(Subjects/Languages taught with period) :
7. Name of Institution :
8. Whether Government or Aided

Certified that the information furnished above are correct and complete as per the service records mainted in the office.

Signature Name and Designation of the Issuing authortiy
Place: Name of the Institution
Date: Counter signed
(Office Seal)

**കുറിപ്പ്:** പരിചയ സർട്ടിഫിക്കറ്റുകൾ സർക്കാരിന്റെ ബന്ധപ്പെട്ട നിയന്ത്രണാധികാരി / മേലധികാരിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്. സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റുകൾ നൽകുന്നവരുടെയും ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടെയും പേരിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതുമാണ്.

**7. പ്രായം** : 22–40.

അപേക്ഷകർ 02/01/1975 നും 01/01/1993നും (രണ്ട് തീയതികളും ഉൾപ്പെടെ) ഇടയിൽ ജനിച്ചവരായിരിക്കണം. പട്ടിക ജാതി / പട്ടിക വർഗ്ഗത്തിൽപെട്ട ഉദ്യോഗാർത്ഥികൾക്കും മറ്റ് പിന്നോക്ക വിഭാഗങ്ങളിലെ ഉദ്യോഗാർത്ഥികൾക്കും ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്.

[വയസ്സിളവിനെ സംബന്ധിച്ച മറ്റ് വ്യവസ്ഥകൾക്ക് പാർട്ട് II പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക.]

**8. യോഗ്യതകൾ:** 1) ബന്ധപ്പെട്ട വിഷയത്തിൽ അല്ലെങ്കിൽ ഡിസിപ്ലിനിൽ 50% മാർക്കിൽ കുറയാതെ നേടിയ ബിരുദാനന്തരബിരുദം അല്ലെങ്കിൽ തത്തുല്യ യോഗ്യത. മികച്ച വിദ്യാഭ്യാസ നിലവാരം പുലർത്തിയിരിക്കണം. [27/09/2008 ലെ 115/2008/H.Edn നമ്പർ സർക്കാർ ഉത്തരവ്].

2) 55% മാർക്കിൽ കുറയാതെ നേടിയ എം.എഡ് ബിരുദം. (20/07/2011 ലെ 102/11/H.Edn നമ്പർ സർക്കാർ ഉത്തരവ്

3) പ്രൊഫഷണൽ യോഗ്യത നേടിയതിനു ശേഷം സ്കൂളുകളിൽ നിന്നോ കോളേജുകളിൽ നിന്നോ നേടിയിട്ടുള്ള മൂന്നു വർഷത്തെ അദ്ധ്യാപന പരിചയം.

4) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനോ അല്ലെങ്കിൽ സംസ്ഥാന സർക്കാർ പ്രത്യേകം രൂപീകരിച്ച
ഏജൻസിയോ ഇതിനായി നടത്തിയ സമഗ്ര പരീക്ഷ (കോംപ്രിഹെൻസീവ് ടെസ്റ്റ്) ജയിച്ചിരിക്കണം. തുല്യ യോഗ്യതയുള്ളവരിൽ മലയാള ഭാഷയിൽ മതിയായ പരിജ്ഞാനമുള്ള ഉദ്യോഗാർത്ഥികൾക്ക് മുൻഗണന നൽകുന്നതാണ്.

**കുറിപ്പ്:** മുകളിൽ സൂചിപ്പിച്ച തസ്തികയ്ക്ക് യു.ജി.സി അംഗീകരിച്ച സർവ്വകലാശാലകൾ നൽകുന്ന ബിരുദങ്ങൾ മാത്രമേ പരിഗണിക്കുകയുള്ളൂ.

**പ്രത്യേക ഇളവുകൾ:** ബന്ധപ്പെട്ട വിഷയത്തിൽ പി.എച്ച്.ഡി നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളെ നെറ്റ് പാസ്സായിരിക്കണമെന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. [19/06/2007 ലെ 86/07/H.Edn. നമ്പർ ഉത്തരവ്].

കുറിപ്പ്: KS & SSR Part II Rule 10(a)ii ബാധകമാണ്.

## കാറ്റഗറി നമ്പർ: 412/2015
## സീനിയർ ഡ്രില്ലർ
## ഭൂജല വകുപ്പ്

**1. വകുപ്പ്** : ഭൂജല വകുപ്പ്
**2 ഉദ്യോഗപ്പേര്** : സീനിയർ ഡ്രില്ലർ
**3 ശമ്പളം** : ₹ 16980–31360
**4 ഒഴിവുകളുടെ എണ്ണം** : 1 (ഒന്ന്)
**5 നിയമനരീതി** : നേരിട്ടുള്ള നിയമനം
**6 പ്രായം** : 18–36 ഉദ്യോഗാർത്ഥികൾ 02.01.1979 നും 01.01.1997 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ). മറ്റു പിന്നാക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും. (വയസ്സിളവിനെ സംബന്ധിച്ച വ്യവസ്ഥകൾക്ക്( പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക).

**7. യോഗ്യതകൾ**: മെക്കാനിക്കൽ എഞ്ചിനീയറിംഗിലുള്ള ബിരുദം അല്ലെങ്കിൽ ഡിപ്ലോമ

അഭിലഷണീയം : വാട്ടർവെൽ ഡ്രില്ലിംഗ് റിഗ്സിലുള്ള രണ്ടു വർഷത്തെ പരിചയം

**കുറിപ്പ് :** KS&SSR Part II Rule 10(a)(ii) ബാധകമാണ്.

## കാറ്റഗറി നമ്പർ: 413/2015
## മ്യൂസിയം – കം– ഫോട്ടോഗ്രാഫിക് അസിസ്റ്റന്റ്
## മെഡിക്കൽ വിദ്യാഭ്യാസം

**1 വകുപ്പ്** : മെഡിക്കൽ വിദ്യാഭ്യാസം
**2 ഉദ്യോഗപ്പേര്** : മ്യൂസിയം–കം–ഫോട്ടോഗ്രാഫിക് അസിസ്റ്റൻറ്
**3 ശമ്പളം** : ₹ 15380–25900/
**4 ഒഴിവുകളുടെ എണ്ണം** : 1 (ഒന്ന്)
**5 നിയമന രീതി** : നേരിട്ടുള്ള നിയമനം
**6 പ്രായം** : 18–41 ഉദ്യോഗാർത്ഥികൾ 02/01/1974–നും 01/01/1997 നും ഇടയിൽ ജനിച്ചവർ ആയിരിക്കണം.(രണ്ട് തീയതികളും ഉൾപ്പെടെ) മറ്റു പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി, പട്ടികവർഗ്ഗം എന്നീ വിഭാഗത്തിലുള്ളവർക്കും നിയമാനുസൃത വയസ്സിളവുണ്ടായിരിക്കും. (വയസ്സിളവിനെ സംബന്ധിച്ച മറ്റുവ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക)

**7. യോഗ്യതകൾ:** 1) അംഗീകൃത സർവകലാശാലയിൽ നിന്നും ലഭിച്ച സുവോളജിയിലുള്ള ബിരുദം അല്ലെങ്കിൽ തത്തുല്യയോഗ്യത. 2) ഫോട്ടോഗ്രാഫിയിൽ മൂന്നുവർഷത്തിൽ കുറയാത്ത പരിചയം.

**കുറിപ്പ്:–** KS&SSR Part II Rule 10 (a) ii ബാധകമാണ്.

പരിചയ സർട്ടിഫിക്കറ്റ്: ഉദ്യോഗാർത്ഥികൾ തൊഴിൽ പരിചയം തെളിയിക്കുന്നതിന് ഹാജരാക്കേണ്ട സർട്ടിഫിക്കറ്റ് താഴെക്കൊടുത്തിരിക്കുന്ന മാതൃകയിൽ ആയിരിക്കണം.

**പരിചയ സർട്ടിഫിക്കറ്റ്**

സ്ഥാപനത്തിൻെറ പേര് :
കമ്പനി/കോർപ്പറേഷൻ/ഗവൺമെൻറ് ഡിപ്പാർട്ട്മെൻറ്/സഹകരണ സ്ഥാപനങ്ങൾ മുതലായവ) :
രജിസ്റ്റർ നമ്പർ
(ചെറുകിട വ്യവസായ രജിസ്ട്രേഷൻ നമ്പർ അല്ലെങ്കിൽ മറ്റേതെങ്കിലും രജിസ്ട്രേഷൻ നമ്പർ) :
രജിസ്റ്റർ ചെയ്ത തീയതിയും എവിടെ രജിസ്റ്റർ ചെയ്തു എന്നും :

ശ്രീ/ശ്രീമതി.......................................................................... (ഉദ്യോഗാർത്ഥിയുടെ പേരും, മേൽവിലാസവും) മുകളിൽ പറഞ്ഞിരിക്കുന്ന ആൾ ഈ സ്ഥാപനത്തിൽ ........................................................................ (തസ്തികയുടെ പേര്/ജോലിയുടെ സ്വാഭാവം ഇവയിലേതെങ്കിലും) ആയി...............................രൂപ മാസ/ദിവസ ശമ്പളത്തിൽ .................. തീയതി മുതൽ..........................തീയതി വരെ ................ വർഷം .................. മാസം ................ ദിവസം ജോലി നോക്കിയിട്ടുണ്ട്/ജോലി നോക്കി വരികയാണ് എന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

(*യോജിക്കാത്ത ഇനം വെട്ടിക്കളയുക)

സ്ഥലം: സർട്ടിഫിക്കറ്റ് നൽകുന്ന വ്യക്തിയുടെ
തീയതി: തീയതി സഹിതമുള്ള ഒപ്പ്, പേര്, ഔദ്യോഗിക പദവി, സ്ഥാപനത്തിൻെറ പേര്
(ഓഫീസ് സീൽ)

**സാക്ഷ്യപത്രം**

.............................. എന്ന നിയമത്തിൽ/ചട്ടത്തിൽ വ്യവസ്ഥ ചെയ്യുന്നപ്രകാരം സ്ഥാപന ഉടമസ്ഥൻ/തൊഴിലുടമ നിർബന്ധമായും സൂക്ഷിക്കുവാൻ ബാദ്ധ്യതപ്പെട്ട .......................... രജിസ്റ്റർ പരിശോധിച്ച് (ബന്ധപ്പെട്ട രജിസ്റ്ററിൻെറ പേര്) മേൽ പരിചയ സർട്ടിഫിക്കറ്റിൽ പരാമർശിക്കുന്ന ജീവനക്കാരൻ ഇതിൽ പറഞ്ഞിരിക്കുന്ന കാലയളവിൽ ടി സ്ഥാപനത്തിൽ ........................................... ആയി ജോലി ചെയ്തിരുന്നു/ജോലി ചെയ്യുന്നുവെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു. ഞാൻ കേരള/കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള .............................. എന്ന ചട്ടപ്രകാരം ടി സ്ഥാപനത്തിലെ ജീവനക്കാരുടെ സേവന വ്യവസ്ഥകളെ സംബന്ധിച്ച് സ്ഥാപനമുടമ സൂക്ഷിക്കേണ്ട രജിസ്റ്റർ പരിശോധിക്കുവാൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനാണ്.

ചട്ടപ്രകാരം/നിയമപ്രകാരം സ്ഥാപനത്തിലെ ജീവനക്കാരുടെ സേവന വ്യവസ്ഥകൾ സാക്ഷ്യപ്പെടുത്തുവാൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻെറ
സ്ഥലം: തീയതി സഹിതമുള്ള ഒപ്പ്, പേര്,
തീയതി: ഉദ്യോഗപ്പേര്, ആഫീസ്
(ഓഫീസ് സീൽ)

**കുറിപ്പ്:** (1) ജോലി ചെയ്തിരുന്ന തസ്തികയുടെ പേര് അല്ലെങ്കിൽ ജോലിയുടെ സ്വഭാവം അതായത് കാഷ്വൽ തൊഴിലാളി അല്ലെങ്കിൽ ശമ്പളത്തോടുകൂടിയോ അല്ലാതെയോ ഉള്ള അപ്രൻറീസ് അല്ലെങ്കിൽ സ്ഥിരമോ താൽക്കാലികമോ ആയ തൊഴിലാളി ഇവയിലേതാണോ അത് സൂചിപ്പിക്കണം.

(2) എല്ലാ പരിചയസർട്ടിഫിക്കറ്റുകളും സർക്കാരിൻെറ ബന്ധപ്പെട്ട നിയന്ത്രണാധികാരി/മേലധികാരിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്. സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റുകൾ നൽകുന്നവരുടേയും ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടേയും പേരിൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

## കാറ്റഗറി നമ്പർ: 414/2015
## ഡയറ്റീഷൻ ഗ്രേഡ് II
## മെഡിക്കൽ വിദ്യാഭ്യാസം

**1 വകുപ്പ്** : മെഡിക്കൽ വിദ്യാഭ്യാസം
**2 ഉദ്യോഗപ്പേര്** : ഡയറ്റീഷ്യൻ ഗ്രേഡ് II
**3 ശമ്പളം** : ₹ 14620-25280/- (Revised)
**4 ഒഴിവുകളുടെ എണ്ണം**: 2 (രണ്ട്)
**5 നിയമന രീതി** : നേരിട്ടുള്ള നിയമനം
**6 പ്രായം** : 18–36 ഉദ്യോഗാർത്ഥികൾ 02/01/1979–നും 01/01/1997 നും ഇടയിൽ ജനിച്ചവർ ആയിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) പട്ടികജാതി, പട്ടികവർഗ്ഗം, മറ്റു പിന്നാക്കം എന്നീ വിഭാഗങ്ങളിൽ ഉൾപ്പെട്ടവർക്ക് നിയമാനുസൃത ഇളവുണ്ടായിരിക്കും. (വയസ്സിളവിനെ സംബന്ധിച്ച വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക)

**7. യോഗ്യതകൾ:** എ.(i) ഒരു അംഗീകൃത സർവകലാശാലയിൽ നിന്നും ഹോം സയൻസിൽ ലഭിച്ചിട്ടുള്ള ബിരുദം.
(ii) ഗവണ്മെൻറ് അഗീകരിച്ചിട്ടുള്ള സ്ഥാപനത്തിൽ നിന്നും ന്യൂട്രീഷ്യനിലോ ഡയടറ്റിക്സിലോ ലഭിച്ചിട്ടുള്ള ഡിപ്ലോമ.

**അല്ലെങ്കിൽ**

(i) ഒരു അംഗീകൃത സർവകലാശാലയിൽ നിന്നും സയൻസിൽ ലഭിച്ചിട്ടുള്ള ബിരുദം.
(ii) മധുര കാമരാജ് യൂണിവേഴ്സിറ്റിയിൽ നിന്നും അപ്ലൈഡ് ന്യൂട്രീഷ്യൻ ആൻറ് ഡയടറ്റിക്സിൽ ലഭിച്ചിട്ടുള്ള ബിരുദാനന്തര ഡിപ്ലോമ. (മേൽപ്പറഞ്ഞ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ)

ബി. ഗവണ്മെൻറ് അംഗീകരിച്ചിട്ടുള്ള സ്ഥാപനത്തിൽ നിന്നും ഒന്നാം ക്ലാസിലോ, രണ്ടാം ക്ലാസിലോ ഫുഡ് ടെക്നോളജിയിൽ ലഭിച്ച ഡിപ്ലോമ.

**കുറിപ്പ്:** KS&SSR Part II Rule 10(a)ii ബാധകമാണ്.

## കാറ്റഗറി നമ്പർ: 415/2015
## സർവ്വേയർ ഗ്രേഡ് II
## സർവ്വേയും ഭൂരേഖയും

**1. വകുപ്പ്** : സർവ്വേയും ഭൂരേഖയും
**2 ഉദ്യോഗപ്പേര്** : സർവ്വേയർ ഗ്രേഡ് II
**3 ശമ്പളം** : ₹ 11,620–20,240/
**4 ഒഴിവുകളുടെ എണ്ണം** : 16 (പതിനാറ്)

**കുറിപ്പ്:** മൂന്ന് ശതമാനം (3%) ഒഴിവുകൾ ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികൾക്കായി സംവരണം ചെയ്തിരിക്കുന്നു. [03.01.2013-ലെ ജി.ഒ.(പി) 1/13/SJD പ്രകാരം Locomotor disabiltiy/ Cerebral Palsy, Hearing impairment.)

**5 നിയമനരീതി** : നേരിട്ടുള്ള നിയമനം
**6 പ്രായം** : 18–36

ഉദ്യോഗാർത്ഥികൾ 02.01.1979 നും 01.01.1997 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടുതീയതികളും ഉൾപ്പെടെ) പട്ടികജാതി, പട്ടികവർഗ്ഗം, മറ്റു പിന്നാക്കം എന്നീ വിഭാഗങ്ങളിലുള്ളവർക്ക്

നിയമാനുസൃത ഇളവുണ്ടായിരിക്കും. (വയസ്സിളവിനെ സംബന്ധിച്ച വ്യവസ്ഥകൾക്ക് പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക.)

**7.യോഗ്യതകൾ**

1 എസ്.എസ്.എൽ.സി.യോ അഥവാ തത്തുല്യമായ പരീക്ഷ പാസ്സായിരിക്കണം .

2 കൂടാതെ ചുവടെ പറഞ്ഞിരിക്കുന്ന യോഗ്യതകളിൽ ഏതെങ്കിലും ഒരെണ്ണം ഉണ്ടായിരിക്കണം.

(i) ഐ.ടി.ഐ. (സർവ്വേയർ ട്രേഡ്) സർട്ടിഫിക്കറ്റ്.

(ii) ചെയിൻ സർവ്വേ ടെസ്റ്റോടുകൂടി സർവ്വേയിംഗ് ആന്റ് ലവലിംഗ് (ഹയർ) കെ.ജി.ടി.ഇ. അല്ലെങ്കിൽ എം.ജി.ടി.ഇ. പാസ്സായിരിക്കണം

(iii) സർവ്വേയർ ട്രേഡിൽ ആറു വർഷത്തെ സൈനിക സേവന പരിചയം.

**കുറിപ്പ് :** (1) മുകളിൽ പറഞ്ഞിരിക്കുന്ന സാങ്കേതിക യോഗ്യതയുള്ളവരുടെ അഭാവത്തിൽ ഹയർ സർവ്വേ ടെസ്റ്റ് പാസ്സായവരെ മതിയായ യോഗ്യതയുള്ളവരായി പരിഗണിക്കുന്നതാണ്.

(2) മുകളിൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും സാങ്കേതിക യോഗ്യതകൾ നേടിയവരുടെ അഭാവത്തിൽ ചെയിൻ സർവ്വേ ടെസ്റ്റ് പാസ്സായവരെ മതിയായ യോഗ്യതയുള്ളവരായി പരിഗണിക്കുന്നതാണ്.

**കുറിപ്പ് :** KS & SSR, Part II Rule 10(a) ii ബാധകമാണ്.

## കാറ്റഗറി നമ്പർ: 416/2015
## ലോവർ ഡിവിഷൻ ക്ലാർക്ക്
## കേരള സ്റ്റേറ്റ് ബിവറേജസ് (മാനുഫാക്ചറിംഗ് ആന്റ് മാർക്കറ്റിംഗ്) കോർപ്പറേഷൻ ലിമിറ്റഡ്

**1 സ്ഥാപനം** : കേരള സ്റ്റേറ്റ് ബിവറേജസ് (മാനുഫാക്ചറിംഗ് ആന്റ് മാർക്കറ്റിംഗ്) കോർപ്പറേഷൻ ലിമിറ്റഡ്

**2 ഉദ്യോഗപ്പേര്** : ലോവർ ഡിവിഷൻ ക്ലാർക്ക് (തസ്തിക മാറ്റം വഴി)

**3 ശമ്പളം** : ₹ 9190–15780/

**4 ഒഴിവുകളുടെ എണ്ണം:** പ്രതീക്ഷിത ഒഴിവുകൾ

**നോട്ട്:** (i) റിപ്പോർട്ട് ചെയ്യുന്ന എൽ.ഡി ക്ലാർക്ക് തസ്തികയുടെ 10% ഒഴിവുകൾ താഴ്ന്ന തസ്തികയിൽ ജോലി ചെയ്യുന്നവർക്കായി നീക്കിവച്ചിരിക്കുന്നു.(വിദേശ മദ്യ ഷോപ്പുകളിലെ ഒഴിവുകളിലേയ്ക്ക് സ്ത്രീകളെ പരിഗണിയ്ക്കുന്നതല്ല.)

**5 നിയമന രീതി** : തസ്തികമാറ്റം വഴി (കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനില് താഴ്ന്ന തസ്തികയില് ജോലി ചെയ്യുന്നവരില് നിന്നും)

**6 പ്രായം** : ഉയർന്ന പ്രായപരിധി ബാധകമല്ല.

**7 യോഗ്യത** : എസ്.എസ്.എൽ.സി അഥവാ തത്തുല്യ യോഗ്യത

**കുറിപ്പ്:** KS&SSR Part II Rule 10 (a) ii ബാധകമാണ്.

എ) ഉദ്യോഗാർത്ഥിയുടെ സർവ്വീസിനെ സംബന്ധിച്ച വിവരങ്ങൾ കാണിക്കുന്ന സർട്ടിഫിക്കറ്റ് താഴെ കാണിച്ചിരിക്കുന്ന ഫാറത്തിൽ ബന്ധപ്പെട്ട ഓഫീസ് മേധാവിയിൽ നിന്നും വാങ്ങി കമ്മീഷന് ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്.

Service Ceritificate to be produced for recruitment By Transfer as L.D Clerk in Kerala State Beverages (Manufacturing & Marketing) Corporation Limited.

**Service Certificate**

1 Name of the Candidate :
2 Name of the post held by the Applicant with scale of pay and pay now drawn by the applicant :
3 Name of the Department :
4 Name of Subordinate Service to which applicant belogs :
5 Date of commencement of probation and date of completion of probation in the above Subordinate Service, State whether an approved probationer or full member of the service

Certified that the above details in respect of Sri/Smt............................... who is an apporved probationer/full member of the Subordinate service have been verified by me with the Service Certificate of the candidate and that they are found correct.

Place: Signature of Head of Office
Date: with Name and Designation
(Office Seal)

ബി) ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയ്ക്കായി റിപ്പോർട്ട് ചെയ്യുന്ന ആകെ ഒഴിവുകളുടെ 10% ഒഴിവുകൾ കേരളാ സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിലെ താഴ്ന്ന തസ്തികയിൽ ജോലി ചെയ്യുന്നവർക്കായി നീക്കിവച്ചിട്ടുണ്ട്. അവരുടെ തിരഞ്ഞെടുപ്പ് നടപടികൾ പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിധിയിലായിരിക്കുന്നതും അവർ എസ്.എസ്.എൽ.സി അഥവാ തത്തുല്യ യോഗ്യത നേടിയിരിക്കേണ്ടതുമാണ്. നേരിട്ടുള്ള നിയമനത്തിനായി അപേക്ഷിക്കുന്ന ഉദ്യോഗാർത്ഥികൾക്കും തസ്തിക മാറ്റം വഴിയുള്ള നിയമനത്തിനായി അപേക്ഷിക്കുന്ന ഉദ്യോഗാർത്ഥികൾക്കും വേണ്ടി കമ്മീഷന് ഒരു മത്സര പരീക്ഷ നടത്തുന്നതാണ്. പ്രസ്തുത പരീക്ഷയുടെ മാർക്കിന്റെ അടിസ്ഥാനത്തിൽ നേരിട്ടുള്ള നിയമനത്തിനും തസ്തികമാറ്റം വഴിയുള്ള നിയമനത്തിനും വേണ്ടി പ്രത്യേകം പ്രത്യേകം റാങ്ക്പട്ടികകള് തയ്യാറാക്കപ്പെടുന്നതാണ്. കമ്മീഷന് നടത്തുന്ന മത്സര പരീക്ഷയില് 40% മാർക്ക് നേടുന്നവരെ തസ്തികമാറ്റം വഴിയുള്ള നിയമനത്തിനായുള്ള റാങ്ക്പട്ടികയിൽ ഉൾപ്പെടുത്തുന്നതാണ്. അവരെ തെരഞ്ഞെടുപ്പ് ചട്ടങ്ങൾ പാലിക്കാതെ മെരിറ്റിന്റെ അടിസ്ഥാനത്തിൽ 9, 19, 29, 39, 49, 59, 69, 79, 89, 99 എന്നീ ടേണുകളിൽ നിയമന ശിപാർശ നടത്തുന്നതാണ്. തസ്തികമാറ്റം വഴിയുള്ള റാങ്ക്പട്ടികയിൽ നിന്നും 10% ഒഴിവുകളിൽ നിയമന ശിപാർശ നടത്തുവാൻ യോഗ്യരായ ഉദ്യോഗാർത്ഥികൾ ലിസ്റ്റിൽ ഇല്ലാതെ വരുന്ന പക്ഷം അവരെ നേരിട്ടുള്ള നിയമനത്തിനായി തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനശിപാർശ നടത്തുന്നതായിരിക്കും. ഈ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള (തസ്തികമാറ്റം വഴിയുള്ള നിയമനത്തിന്) ഉദ്യോഗാർത്ഥികൾക്ക് പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി പൂർത്തിയാകുന്നതിന് മുമ്പ് നിയമനം ലഭിച്ചില്ലെങ്കിൽ അവരെ തസ്തികമാറ്റം വഴിയുള്ള നിയമനത്തിനായി തുടർന്ന് കമ്മീഷൻ തയ്യാറാക്കുന്ന റാങ്ക് പട്ടികയുടെ ഏറ്റവും മുകളിൽ ഉൾപ്പെടുത്തുന്നതാണ്.

സി) കേരളാ സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിലെ രണ്ടാം ഭാഗത്തിൽ 14 മുതൽ 17 വരെയുള്ള വകുപ്പുകളിൽ പറഞ്ഞിട്ടുള്ള സംവരണ വ്യവസ്ഥകൾ തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് ബാധകമല്ല.

## ജനറൽ റിക്രൂട്ട്മെന്റ് (ജില്ലാതലം)

## കാറ്റഗറി നമ്പർ: 417/2015
## ഹൈസ്ക്കൂൾ അസിസ്റ്റന്റ് (ഗണിത ശാസ്ത്രം) തമിഴ് മീഡിയം
## വിദ്യാഭ്യാസം

**1. വകുപ്പ്** : വിദ്യാഭ്യാസം

**2. ഉദ്യോഗപ്പേര്** : ഹൈസ്ക്കൂൾ അസിസ്റ്റന്റ് (ഗണിത ശാസ്ത്രം) തമിഴ് മീഡിയം (തസ്തികമാറ്റം വഴി)

**3. ശമ്പളം** : ₹ 15,380–25,900/

**4. ഒഴിവുകളുടെ എണ്ണം:** ജില്ലാടിസ്ഥാനത്തിൽ ഇടുക്കി 1

**കുറിപ്പ്:** (i) തസ്തികമാറ്റം വഴി നിയമനത്തിനായി വിജ്ഞാപനം ചെയ്ത ഒഴിവുകളിലേക്ക് നിയമന ശിപാർശ ചെയ്യപ്പെടാൻ അർഹരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ആ ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നതാണ്.

(ii) അപേക്ഷ അയയ്ക്കുന്ന തീയതിയിൽ ഉദ്യോഗാർത്ഥി കേരള പൊതു വിദ്യാഭ്യാസ സബോർഡിനേറ്റ് സർവ്വീസിലെ സ്ഥിരം ജീവനക്കാരനോ (Full Member) പ്രൊബേഷൻ തൃപ്തികരമായി പൂർത്തിയാക്കിയിട്ടുള്ള (approved Probationer) ആളോ ആയിരിക്കണം.

(iii) തസ്തികമാറ്റം വഴിയുള്ള നിയമനം ആയതിനാൽ KS & SSR ലെ രണ്ടാം ഭാഗത്തെ 14 മുതൽ 17 വരെയുള്ള വകുപ്പുകളിൽ പറഞ്ഞിട്ടുള്ള സംവരണ വ്യവസ്ഥകൾ ഈ നിയമനത്തിന് ബാധകമല്ല.

**5. നിയമന രീതി** : തസ്തിക മാറ്റം വഴിയുള്ള നിയമനം. (പൊതുവിദ്യാഭ്യാസ വകുപ്പിലെ ക്ലാർക്ക്, ടൈപ്പിസ്റ്റ്, അറ്റൻഡർ, പ്യൂൺ എന്നിവയിലേതെങ്കിലും തസ്തികയിൽ ജോലി ചെയ്യുന്ന നിശ്ചിത സർവ്വീസ് പൂർത്തിയാക്കിയവരിൽ നിന്നും തസ്തിക മാറ്റം വഴിയുള്ള നിയമനം) അപേക്ഷ അയയ്ക്കുന്ന തീയതിയിൽ ഉദ്യോഗാർത്ഥി പ്രസ്തുത സബോർഡിനേറ്റ് സർവ്വീസിലെ സ്ഥിരം ജീവനക്കാരനോ (Full Member), പ്രൊബേഷൻ തൃപ്തികരമായി പൂർത്തിയാക്കിയ (approved Probationer) ആളോ ആയിരിക്കേണ്ടതാണ്.

**6. പ്രായം** : ബാധകമല്ല.

**7. യോഗ്യതകൾ :** (എ) കേരളത്തിലെ സർവ്വകലാശാലകൾ നല്കിയിട്ടുള്ളതോ അംഗീകരിച്ചിട്ടുള്ളതോ ആയ മാത്തമാറ്റിക്സിലോ, സ്റ്റാറ്റിസ്റ്റിക്സിലോ ഉള്ള ബിരുദം ഉണ്ടായിരിക്കണം. കൂടാതെ ബന്ധപ്പെട്ട വിഷയത്തിൽ കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലകൾ നൽകിയിട്ടുള്ളതോ അംഗീകരിച്ചിട്ടുള്ളതോ ആയ B.Ed/BTബിരുദവും ഉണ്ടായിരിക്കണം.

**കുറിപ്പ്** (i) മാത്തമറ്റിക്സ്/സ്റ്റാറ്റിസ്റ്റിക്സ് ബിരുദാനന്തര ബിരുദം നേടിയവരെയും ബന്ധപ്പെട്ട വിഷയത്തിൽ B.Ed/BT ബിരുദമുള്ള പക്ഷം ഈ തസ്തികയിലേക്ക് പരിഗണിക്കുന്നതാണ്.

(ii) റൂറൽ ഉന്നത വിദ്യാഭ്യാസ നാഷണൽ കൗൺസിൽ നൽകിയിട്ടുള്ള റൂറൽ സർവ്വീസ് ഡിപ്ലോമയും ഡിഗ്രിക്ക് തുല്യമായി ഈ തസ്തികയ്ക്ക് പരിഗണിക്കുന്നതാണ്.

(iii) ഫിസിക്സ് പ്രധാന ഐച്ഛിക വിഷയമായും മാത്തമാറ്റിക്സ് ഉപഐച്ഛിക വിഷയമായും എടുത്ത ബിരുദവും ടീച്ചിംഗ് ഓഫ് മാത്തമാറ്റിക്സ് ഒരു വിഷയമായി എടുത്തിട്ടുള്ള ബി.എഡ്. ബിരുദവും ഉണ്ടെങ്കിൽ അങ്ങനെയുള്ളവർക്ക് ഹൈസ്ക്കൂൾ അസിസ്റ്റന്റ് (ഗണിതശാസ്ത്രം) തസ്തികയ്ക്ക് അപേക്ഷിക്കാവുന്നതാണ്. അങ്ങനെയുള്ളവരെ മാത്തമാറ്റിക്സ്/സ്റ്റാറ്റിസ്റ്റിക്സ് പ്രധാന ഐച്ഛിക വിഷയമായി ബിരുദം എടുത്തിട്ടുള്ളവരുടെ അഭാവത്തിൽ മാത്രം പരിഗണിക്കുന്നതാണ്.

(iv) NCERT യുടെ മൈസൂറിലെ റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ നടത്തുന്ന ഫിസിക്സ് കെമിസ്ട്രി ഗണിതശാസ്ത്രം സ്ട്രീമിലെ B.Sc Ed യോഗ്യത നേടിയവർക്കും ഈ തസ്തികയിലേക്ക് അപേക്ഷിക്കാവുന്നതാണ് (GO (P) No 117/13/G Edn dtd 30.3.2013).

(v) ഈ തസ്തികയ്ക്ക് അപേക്ഷിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് തമിഴിൽ വേണ്ടത്ര പരിജ്ഞാനം ഉണ്ടായിരിക്കേണ്ടതും ആയത് ഇന്റർവ്യു സമയത്ത് പരിശോധിക്കുന്നതുമാണ്. എഴുത്ത് പരീക്ഷ ഉണ്ടെങ്കിൽ ചോദ്യക്കടലാസ് തമിഴിൽ ആയിരിക്കും. ഉത്തരങ്ങളും തമിഴിൽ തന്നെ എഴുതേണ്ടതാണ്.

(vi) അപേക്ഷയിൽ യോഗ്യതകൾ രേഖപ്പെടുത്തുമ്പോൾ ബ്രാക്കറ്റിൽ ബിരുദത്തിന്/ ബിരുദാനന്തര ബിരുദത്തിന് ഐച്ഛികമായി പഠിച്ച വിഷയം കൂടി രേഖപ്പെടുത്തേണ്ടതാണ്. അതുപോലെ തന്നെ ബി.എഡ്/ബി.റ്റി ബിരുദത്തിനൊപ്പം ബ്രാക്കറ്റിൽ ഏതു വിഷയത്തിലാണ് ബി.എഡ്/ബി.റ്റി ലഭിച്ചിട്ടുള്ളതെന്നും രേഖപ്പെടുത്തിയിരിക്കണം.

(vii) കേരളത്തിന് പുറത്തുള്ള സർവകലാശാലകളിൽ നിന്നും ബി.എഡ്/ബി.റ്റി ബിരുദം നേടിയവർ ആയത് ടി തസ്തികയ്ക്ക് നിഷ്കർഷിച്ചിട്ടുള്ള ട്രെയിനിംഗ് യോഗ്യതയ്ക്കു തുല്യമായി കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാല അംഗീകരിച്ച ഉത്തരവിന്റെ നമ്പർ, തീയതി എന്നിവ അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതും ഉത്തരവിന്റെ പകർപ്പ് കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്.

NB: KS & SSR se part II റൂൾ 10 (a) ii ഈ തസ്തികയ്ക്ക് ബാധകമായിരിക്കും.

(ബി) അപേക്ഷാ തീയതിയിൽ പൊതു വിദ്യാഭ്യാസ വകുപ്പിൽ ക്ലാർക്ക്, ടൈപ്പിസ്റ്റ്, അറ്റൻഡർ പ്യൂൺ എന്നിവയിലേതെങ്കിലും തസ്തികയിൽ അഞ്ച് വർഷത്തിൽ കുറയാത്ത സർവ്വീസ് ഉണ്ടായിരിക്കണം.

**കുറിപ്പ്** മേൽപ്പറഞ്ഞ സർവ്വീസ് തെളിയിക്കുന്നതിന് ആഫീസ്/വകുപ്പ് മേലാധികാരിയിൽ നിന്നും താഴെ കൊടുത്തിട്ടുള്ള മാതൃകയിൽ ഒരു സർട്ടിഫിക്കറ്റ് (അസ്സൽ) വാങ്ങി കൈവശം വയ്ക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ മാത്രം ഹാജരാക്കേണ്ടതുമാണ്.

**സർവ്വീസ് സർട്ടിഫിക്കറ്റ്**

**1. ഉദ്യോഗാർത്ഥിയുടെ പേര്** :
2. ഇപ്പോൾ ഉദ്യോഗാർത്ഥി വഹിക്കുന്ന തസ്തികയുടെ പേരും ശമ്പള സ്കെയിലും :
3. ഇപ്പോൾ ജോലി ചെയ്യുന്ന വകുപ്പിന്റെ പേര് :
4. ഉദ്യോഗാർത്ഥി ഏത് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുന്നു എന്ന് :
5. സർവ്വീസ് തുടങ്ങിയ തീയതിയും പ്രൊബേഷൻ ആരംഭിച്ച തീയതിയും :
6. അപേക്ഷകൻ അപ്രൂവഡ് പ്രൊബേഷണറോ ഫുൾ മെമ്പറോ എന്ന് :
7. SC/ST/OBC എന്നിവരുടെ കാര്യത്തിൽ സമുദായം/മതം സർവ്വീസ് രേഖകളിൽ കാണും പ്രകാരം :

**സേവന വിവരങ്ങൾ**

| ക്രമ നം. | വഹിച്ച തസ്തിക | കാലം | | സർവീസ് ദൈർഘ്യം | | | പ്രൊബേഷൻ പ്രഖ്യാപിച്ച തീയതി |
|---|---|---|---|---|---|---|---|
| | | മുതൽ | വരെ | വർഷം | മാസം | ദിവസം | |
| | | | | | | | |
| | | | | | | | |
| ആകെ സർവീസ് | | | | | | | |

.......................... സബോർഡിനേറ്റ് സർവീസിൽ ............. അപ്രൂവ്ഡ് പ്രൊബേഷണർ /ഫുൾ മെംബർ ആയ ശ്രീ /ശ്രീമതി ...................... എന്ന ഉദ്യോഗസ്ഥയെ / ഉദ്യോഗസ്ഥനെ സംബന്ധിച്ച മുകളിൽ പ്രസ്താവിച്ച വിവരങ്ങൾ ടിയാന്റെ സർവീസ് ബുക്കിലെ വിവരങ്ങളുമായി ഒത്തു നോക്കുകയും അവ ശരിയാണെന്ന് ബോദ്ധ്യപ്പെടുകയും ചെയ്ത വിവരം ഇതിനാൽ സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

ശ്രീ/ശ്രീമതി ............................... ഹൈസ്കൂൾ അസിസ്റ്റന്റ് (ഗണിതശാസ്ത്രം) തമിഴ് മീഡിയം തസ്തികയ്ക്ക് (തസ്തികമാറ്റം വഴി) അപേക്ഷിക്കാൻ 1958 ലെ കേരള സ്റ്റേറ്റ് സബോർഡി നേറ്റ് സർവ്വീസ് റൂൾസിലെ പാർട്ട് 1 റൂൾ 2(13) പ്രകാരം

അർഹതയുള്ള ആളാണെന്ന് സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.
സ്ഥലം : ആഫീസ് തലവന്റെ ഒപ്പ്
തീയതി : പേര്, ഉദ്യോഗപ്പേര്
(ഓഫീസ് സീൽ)

## കാറ്റഗറി നമ്പർ: 418/2015
## സർജന്റ്
## വിവിധം

**1. വകുപ്പ്** : വിവിധം
**2. ഉദ്യോഗപ്പേര്** : സർജന്റ്
**3. ശമ്പളം** : ₹ 11,620–20,240/
**4. ഒഴിവുകളുടെ എണ്ണം**: ജില്ലാടിസ്ഥാനത്തിൽ
ആലപ്പുഴ 2 (രണ്ട്)
എറണാകുളം 1 (ഒന്ന്)
കോഴിക്കോട് 1 (ഒന്ന്)
വയനാട് 1 (ഒന്ന്)

**5. നിയമനരീതി** : സർജന്റ് തസ്തികയിലേക്കുള്ള നിയമനം താഴെ പറയും പ്രകാരമായിരിക്കും.
1)മറ്റേതെങ്കിലും ക്ലാസ്, കാറ്റഗറി അല്ലെങ്കിൽ സർവ്വീസിൽ നിന്നും തസ്തികമാറ്റം വഴിയുള്ള നിയമനം.
2)മുകളിൽ ഒന്നാമത്തെ വിഭാഗത്തിൽ യോഗ്യതയുള്ളവരുടെ അഭാവത്തിൽ നേരിട്ടുള്ള നിയമനം ( G O (P) No. 4/2009/P & ARD തീയതി 06.05.2009)

**6. പ്രായം** : 18–36. ഉദ്യോഗാർത്ഥികൾ 02.01.1979നും 01.01.1997നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ). മറ്റു പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കും, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും നിയമാനുസൃതമായ വയസ്സിളവുണ്ടായിരിക്കും.

**കുറിപ്പ്:** യാതൊരുകാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് II ലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക.

**7. യോഗ്യതകൾ :**
(1) കരസേനയിൽ ജൂനിയർ കമ്മീഷൻഡ് ഓഫീസർ റാങ്കിലോ നാവികസേനയിലോ വ്യോമസേനയിലോ തത്തുല്യമായ ഓഫീസർ റാങ്കിലോ പെൻഷൻ പറ്റിയ ആളായിരിക്കണം.

**അല്ലെങ്കിൽ**

(2) മുകളിൽ ഒന്നാമത്തെ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഇംഗ്ലീഷ് എഴുതുവാനും വായിക്കുവാനും ഉള്ള കഴിവും കരസേന, നാവികസേന, വ്യോമസേന ഇവയിൽ ഒന്നിൽ 10 (പത്ത്) വർഷത്തെ സൈനിക സർവ്വീസും ഉള്ള ആളായിരിക്കണം.

**അല്ലെങ്കിൽ**

(3) മുകളിൽ ഒന്നാമത്തെയും രണ്ടാമത്തെയും യോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ എസ്.എസ്.എൽ.സിയോ തത്തുല്യമായ പരീക്ഷയോ പാസ്സായിരിക്കുകയും പോലീസിലോ പട്ടാളത്തിലോ ആറുമാസത്തെ പരിശീലനം നേടിയിരിക്കുകയും ചെയ്ത ആളായിരിക്കണം.

**കുറിപ്പ് :** (i) മലയാളം, തമിഴ്, കന്നട ഇവയിൽ ഏതെങ്കിലും ഒന്നിൽ എഴുതുവാനും വായിക്കുവാനുമുള്ള പ്രാവീണ്യം അവശ്യം വേണ്ടതാണ്.
(ii)ഭിന്നശേഷിയുള്ളവർ ഈ തസ്തികയിലേക്ക് അപേക്ഷിക്കുവാൻ അർഹരല്ല. തന്മൂലം പൊതുവ്യവസ്ഥകളിലെ 2–ാം ഖണ്ഡികയിലെ ഏഴാം ഉപഖണ്ഡികയും 5, 5 a എന്നീ ഖണ്ഡികകളും ഈ ഉദ്യോഗത്തിന് ബാധകമല്ല.
(iii) ഉദ്യോഗാർത്ഥികൾ താഴെപ്പറയുന്ന ശാരീരിക യോഗ്യതകൾ ഉണ്ടെന്ന് തെളിയിക്കുന്നതിന് സർവീസിലുള്ള സിവിൽ സർജൻ ഗ്രേഡ്2 ൽ കുറയാത്ത റാങ്കിലുള്ള ഒരു മെഡിക്കൽ ആഫീസറിൽ നിന്നും ലഭിച്ച മെഡിക്കൽ സർട്ടിഫിക്കറ്റ് ഇന്റർവ്യൂസമയത്ത് ഹാജരാക്കേണ്ടതാണ്.

**(മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ മാതൃക താഴെ കൊടുത്തിട്ടുള്ളത് കാണുക).**

(എ)(1) ഉയരം 167 സെ.മീ.
(2) 81 സെ.മീ നെഞ്ചളവും കുറഞ്ഞത് 5 സെ.മീ വികാസവും ഉണ്ടായിരിക്കണം.(പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് 160 സെ.മീ. ഉയരവും 76 സെ.മീ. നെഞ്ചളവും മതിയാകുന്നതാണ്. എന്നാൽ 5 സെ.മീ. വികാസം അവർക്കും ഉണ്ടായിരിക്കണം).
(ബി) കണ്ണട ധരിച്ചുകൊണ്ട് താഴെപ്പറയുന്ന കാഴ്ചശക്തി ഉണ്ടായിരിക്കണം.

| | വലതു കണ്ണ് | ഇടതു കണ്ണ് |
|---|---|---|
| ദൂരക്കാഴ്ച | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| സമീപകാഴ്ച | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |

ഓരോ കണ്ണിനും പൂർണ്ണമായ കാഴ്ചശക്തി ഉണ്ടായിരിക്കണം. കളർ ബ്ളൈൻഡ്നസ്, സ്ക്വിന്റ് അല്ലെങ്കിൽ കണ്ണിന്റെയോ കൺപോളകളുടേയോ മോർബിഡ് ആയിട്ടുള്ള അവസ്ഥ എന്നിവ അയോഗ്യതയായി കണക്കാക്കുന്നതാണ്.
(സി) മുട്ടുതട്ട്, പരന്ന പാദം, ഞരമ്പ് വീക്കം, വളഞ്ഞ കാലുകൾ, അംഗവൈരൂപ്യം, ഉന്തിയ പല്ലുകൾ കേൾവിയിലും സംസാരത്തിലുമുള്ള കുറവുകൾ എന്നിങ്ങനെയുള്ള ശാരീരിക ന്യൂനതകൾ ഉള്ളവരെ അയോഗ്യരായി കണക്കാക്കുന്നതാണ്.
(iv) ഈ തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിന് KS&SSR Part II Rule 10 (a) (ii) ബാധകമാണ്.

**FORM OF MEDICAL CERTIFICATE**

...............................Signature of candidate
I have, this day, medically examined Sri. ..................................................................... (Address) ................................................................ ........................................................ and found that he possesses the following physical and visual standard.
(i) Height in cms.
(ii) Chest (Normal) in cms.
(iii) Chest (on expansion) in cms (A minimum expansion of 5 cms is required).
The candidate is free from/not free from (tsrike off which is not applicable) apparent physical defects like knock-knee, flat foot, varicose vein, bow leg, deformed limbs, irregular and prtoruding teeth, defective speech and hearing. (The Medical Officer examining the candidates should record in the certificate, the defects if any of the above nature is detected).
Standards of Vision with Glasses

| | Right Eye | Left Eye |
|---|---|---|
| (i) Distant Vision | ...... Snellen | ........Snellen |
| (ii) Near Vision | ...... Snellen | ........Snellen |
| (iii) Field of Vision | ...... Snellen | ........Snellen |

(Specify whether field of vision is full or not. Etnry such as `Normal' `good' etc are inappropriate here)
(iv)Colour Blindness :
(v)Squint :
(vi)Any morbid condition of the eye or lids of either eye :
Place : Signature
Name & Designation of the
Date : Medical Officer
(Office seal)

(v) തസ്തിക മാറ്റം വഴിയുള്ള നിയമനത്തിന് അപേക്ഷിക്കുന്ന ഉദ്യോഗാർത്ഥികൾ തങ്ങളുടെ സർവ്വീസ് തെളിയിക്കുന്നതിനായി കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹെഡ് ഓഫ് ഓഫീസ്/ വകുപ്പിൽ നിന്നും താഴെ കൊടുത്തിട്ടുള്ള മാതൃകയിൽ നേടിയ സർവ്വീസ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

**SERVICE CERTIFICATE**

1 Name of candidate :
2 Post now held :
3 Scale of pay and pay as on the date of application :
4 Department :
5 Total Service under Government with details :

| Post | Scale of Pay | Duration | | Date of declaration of probation |
|---|---|---|---|---|
| | | From | To | |
| | | | | |

Certified that the above details were verified with the Service particulars of the Candidate and they are found correct.
Signature
Name :
Place: Designation and address of
Date : Head of Office / Department
(Office Seal)

## കാറ്റഗറി നമ്പർ: 419/2015
## പാർട്ട് ടൈം ഹൈസ്കൂൾ അസിസ്റ്റന്റ് (ഹിന്ദി)
## വിദ്യാഭ്യാസം

**1. വകുപ്പ്** : വിദ്യാഭ്യാസം
**2. ഉദ്യോഗപ്പേര്** : പാർട്ട് ടൈം ഹൈസ്കൂൾ അസിസ്റ്റന്റ് (ഹിന്ദി)
**3. ശമ്പളം** : ₹ 9,940–16,580/
**4. ഒഴിവുകളുടെ എണ്ണം**: ജില്ലാടിസ്ഥാനത്തിൽ
ഇടുക്കി 1 (ഒന്ന്)
എറണാകുളം 1 (ഒന്ന്)
കണ്ണൂർ 1 (ഒന്ന്)

**കുറിപ്പ്:** 03.01.2013 ലെ സർക്കാർ ഉത്തരവ് നമ്പർ 1/13/SJD പ്രകാരം ഈ തസ്തികക്കുള്ള 3% ഒഴിവുകൾ യോഗ്യരായ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്കായി സംവരണം ചെയ്തിരിക്കുന്നു.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം.
**6. പ്രായം :** 18–40. ഉദ്യോഗാർത്ഥികൾ 02/01/1975നും 01/01/1997നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) മറ്റ് പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും ഉയർന്ന പ്രായപരിധിയിൽ നിയമാനുസൃതമായ ഇളവുണ്ടായിരിക്കും.

**കുറിപ്പ് :** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട II ലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക.

**7. യോഗ്യതകൾ :** ഈ തസ്തികയ്ക്ക് അപേക്ഷ അയയ്ക്കുന്ന ഉദ്യോഗാർത്ഥികൾക്ക് താഴെ പറഞ്ഞിട്ടുള്ളവയിൽ ഏതെങ്കിലും ഒരു അക്കാദമിക് യോഗ്യതയും ഏതെങ്കിലും ഒരു ട്രെയിനിംഗ് യോഗ്യതയും ഉണ്ടായിരിക്കണം
(എ) അക്കാഡമിക് യോഗ്യതകൾ :
കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ ഹിന്ദി ഭാഷയിലുള്ള ബിരുദം.

**അല്ലെങ്കിൽ**

കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ പൗരസ്ത്യഭാഷ (ഹിന്ദി) പഠനത്തിലുള്ള ടൈറ്റിൽ (പ്രസ്തുത ടൈറ്റിൽ ബന്ധപ്പെട്ട വിഷയത്തിലെ ബിരുദത്തിന്റെ പാർട്ട് 3ന് തുല്യമായി പ്രഖ്യാപിച്ചിട്ടുള്ളപക്ഷം).

**അല്ലെങ്കിൽ**

മദ്രാസിലെ ദക്ഷിണ ഭാരത ഹിന്ദി പ്രചാരസഭയുടെ പ്രവീൺ പരീക്ഷയും കേരളത്തിലെ പരീക്ഷാ കമ്മിഷണർ നടത്തുന്ന എസ്.എസ്.എൽ.സി. പരീക്ഷ അല്ലെങ്കിൽ തത്തുല്യമായ പരീക്ഷയും പാസ്സായിരിക്കണം.

**അല്ലെങ്കിൽ**

കേരള ഹിന്ദി പ്രചാരസഭയുടെ സാഹിത്യാചാര്യ പരീക്ഷയും കേരളത്തിലെ പരീക്ഷാ കമ്മിഷണർ നടത്തുന്ന എസ്.എസ്.എൽ.സി. പരീക്ഷ അല്ലെങ്കിൽ തത്തുല്യമായ പരീക്ഷയും പാസ്സായിരിക്കണം.
(ബി) ട്രെയിനിംഗ് യോഗ്യതകൾ :
കേരളത്തിലെ സർവ്വകലാശാലകൾ നൽകിയിട്ടുള്ളതോ അംഗീകരിച്ചിട്ടുള്ളതോ ആയ ബി.എഡ്/ബി.റ്റി/എൽ.റ്റി.

**അല്ലെങ്കിൽ**

കേരളത്തിലെ പരീക്ഷാ കമ്മിഷണർ നൽകിയ ഹിന്ദി ഭാഷയിലെ ഭാഷാദ്ധ്യാപക പരിശീലന സർട്ടിഫിക്കറ്റോ ഡിപ്ലോമയോ.

**അല്ലെങ്കിൽ**

കേരളത്തിലെ പരീക്ഷാ കമ്മിഷണർ നൽകിയ ഹിന്ദി അദ്ധ്യാപക പരിശീലനത്തിലുള്ള ഡിപ്ലോമ.

**അല്ലെങ്കിൽ**

ആഗ്രയിലെ കേന്ദ്രീയ ഹിന്ദി ശിക്ഷൺ മണ്ഡൽ നടത്തുന്ന താഴെപ്പറയുന്ന ഏതെങ്കിലും ഒരു പരീക്ഷ പാസ്സായിരിക്കണം.
(1) ഹിന്ദി ശിക്ഷൺ പ്രവീൺ
(2) ഹിന്ദി ശിക്ഷൺ പാരംഗത്
(3) ഹിന്ദി ശിക്ഷൺ നിഷ്ണാത്

**അല്ലെങ്കിൽ**

കേരള ഹിന്ദി പ്രചാരസഭയുടെ ആചാര്യ ടൈറ്റിലും ദക്ഷിണ ഭാരത ഹിന്ദി പ്രചാരസഭയുടെ ശിക്ഷാ സ്നാതകും സമാനമായ പരിശീലന യോഗ്യതയായി കണക്കാക്കുന്നതാണ്.

**കുറിപ്പ്:** 1) 1969–70 വിദ്യാഭ്യാസ വർഷത്തിലോ അതിനു മുൻപോ ദക്ഷിണ ഭാരത ഹിന്ദി പ്രചാരസഭയുടെ 'പ്രചാരക് ഡിപ്ലോമ' വിജയകരമായി പൂർത്തിയാക്കിയവരെ ഈ തസ്തികയ്ക്ക് വേണ്ട ട്രെയിനിംഗ് യോഗ്യത ഉള്ളവരായി കണക്കാക്കുന്നതാണ്.
2) 1967–68 വിദ്യാഭ്യാസ വർഷത്തിലോ അതിനു മുമ്പോ മധുര ഗാന്ധി ഗ്രാമിലെ റീജിയണൽ ഹിന്ദി ട്രെയിനിംഗ് കോളേജിന്റെ ഹിന്ദി അദ്ധ്യാപക ഡിപ്ലോമ കോഴ്സ് വിജയകരമായി പൂർത്തിയാക്കിയവരെ ഈ തസ്തികയ്ക്ക് വേണ്ട ട്രെയിനിംഗ് യോഗ്യതയുള്ളവരായി കണക്കാക്കുന്നതാണ്.
3) 1969–70 വിദ്യാഭ്യാസ വർഷത്തിലോ അതിനു മുമ്പോ കേരള ഹിന്ദി പ്രചാര സഭയുടെ ആചാര്യ കോഴ്സ് വിജയകരമായി പൂർത്തിയാക്കിയവരെ ഈ തസ്തികയ്ക്ക് വേണ്ട ട്രെയിനിംഗ് യോഗ്യത ഉള്ളവരായി കണക്കാക്കുന്നതാണ്.
4) ഹിന്ദി ഭാഷയിൽ ബിരുദാനന്തര ബിരുദം ഉള്ളവർക്കും ബി.എഡ്/ബി.റ്റി/എൽ.റ്റി ഉള്ളപക്ഷം ഈ തസ്തികയിലേയ്ക്ക് അപേക്ഷിക്കാവുന്നതാണ്.
5) ബി.എഡും ഹിന്ദി ഭാഷയിൽത്തന്നെ ആയിരിക്കണം .

**കുറിപ്പ്:** കെ.എസ് & എസ്. എസ്.ആർ റൂൾ 10 a (ii) ഈ തസ്തികയ്ക്ക് ബാധകമാണ്.

**പ്രായപരിധി, നിയമനം ഇവ സംബന്ധിച്ച പ്രത്യേക ആനുകൂല്യങ്ങൾക്ക് അനുബന്ധം II കാണുക.**

**കുറിപ്പ് :** താഴെ പൊതുവ്യവസ്ഥകളിൽ രണ്ടാം ഖണ്ഡികയിൽ പറയുന്നവ ആയ ഏതെങ്കിലും കാരണങ്ങളാൽ ഉയർന്ന പ്രായപരിധിയിൽ നിന്നും ഒഴിവാക്കാൻ അവകാശപ്പെടുന്നവർ ആ

വിവരം അപേക്ഷയുടെ നിശ്ചിത കോളത്തിൽ രേഖപ്പെടുത്തിയിരിക്കേണ്ടതും അല്ലാത്തപക്ഷം പ്രായപരിധി കഴിഞ്ഞു എന്ന കാരണത്താൽ അപേക്ഷ നിരസിക്കപ്പെടാൻ ഇടയുള്ളതുമാകുന്നു. യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 വയസ്സ് കവിയാൻ പാടില്ലാത്തതാകുന്നു. (പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 കാണുക).

## കാറ്റഗറി നമ്പർ: 420/2015
## ടെലഫോൺ ഓപ്പറേറ്റർ
## ജില്ലാ സഹകരണ ബാങ്ക്
### പാർട്ട് ഒന്ന് (നേരിട്ടുള്ള നിയമനം)

**1. സ്ഥാപനം** : ജില്ലാ സഹകരണ ബാങ്ക്
**2. ഉദ്യോഗപ്പേര്** : ടെലഫോൺ ഓപ്പറേറ്റർ
**3. ശമ്പളം** : ₹ 9,075–21,800/
**4. ഒഴിവുകളുടെ എണ്ണം**: ജില്ലാടിസ്ഥാനത്തിൽ
കോഴിക്കോട് 01 (ഒന്ന്)
വയനാട് 01 (ഒന്ന്)

ആകെ ഒഴിവുകളുടെ 50% ഈ വിഭാഗത്തിൽ നിന്നും നികത്തുന്നതാണ്.

**കുറിപ്പ് :** 3.1.2013 ലെ G.O (P) No 1/13/SJD പ്രകാരം ഈ തസ്തികയുടെ 3% (മൂന്നു ശതമാനം) ഒഴിവുകൾ യോഗ്യരായ ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികൾക്കായി സംവരണം ചെയ്തിരിക്കുന്നു (Locomotor disabiltiy/cerebral Pasly/Blindness/ Low vision ).

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം.

**6. പ്രായം** : 18–40. ഉദ്യോഗാർത്ഥികൾ 02.01.1975നും 01.01.1997നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ). പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും മറ്റു പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കും, നിയമാനുസൃത വയസ്സിളവ് ലഭിക്കുന്നതായിരിക്കും .

**കുറിപ്പ്:** (i) യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് 2 പൊതുവ്യവസ്ഥകൾ ഖണ്ഡിക 2 നോക്കുക).

09.03.1998ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 41/98ൽ പറയുന്ന ഇരുപത്തിയൊൻപത് സഹകരണ സ്ഥാപനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താല്ക്കാലികമായി (പ്രൊവിഷണൽ) നിയമനം ലഭിച്ചിട്ടുള്ളവർക്ക് (സർവീസിൽ തുടരുന്നവരോ പിരിച്ചുവിടപ്പെട്ടിട്ടുള്ളവരോ ആയിട്ടുള്ളവർ) ഒരു വർഷത്തിൽ കുറയാതെ സർവ്വീസ് ഉള്ളപക്ഷം തങ്ങളുടെ സർവീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് നല്കുന്നതാണ്. എന്നാൽ പ്രായപരിധിയിലുള്ള ഈ ഇളവ് പരമാവധി അഞ്ചുവർഷക്കാലത്തേയ്ക്കു മാത്രമേ ലഭിക്കുകയുള്ളൂ. ഒരിക്കൽ സ്ഥിരമായ അടിസ്ഥാനത്തിൽ (റെഗുലർ ബേസിസ്) നിയമനം ലഭിച്ചുകഴിഞ്ഞാൽ ഈ ആനുകൂല്യം മറ്റേതെങ്കിലും തസ്തികയിലേയ്ക്കുള്ള നിയമനത്തിന് നല്കുന്നതല്ല. ഈ ആനുകൂല്യം ലഭിക്കേണ്ടവർ ആ വിവരം അപേക്ഷയിലെ നിർദ്ദിഷ്ട കോളത്തിൽ കാണിച്ചിരിക്കേണ്ടതും ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങളിലെ വകുപ്പ്/ഓഫീസ് മേധാവിയിൽ നിന്നോ നിയമനാധികാരിയിൽ നിന്നോ താല്ക്കാലിക നിയമനത്തിലിരുന്ന തസ്തികയുടെ പേര്, ശമ്പളനിരക്ക്, വകുപ്പ്/ സ്ഥാപനം ജോലിയിൽ പ്രവേശിച്ച തീയതി, പിരിച്ചുവിടപ്പെട്ട തീയതി മുതലായ വിശദവിവരങ്ങൾ വ്യക്തമാക്കുന്ന സർട്ടിവഫിക്കറ്റ് (അസ്സൽ) കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതുമാണ്. പ്രസ്തുത സർട്ടിഫിക്കറ്റിൽ അപേക്ഷകൻ സഹകരണ സ്ഥാപനത്തിലെ റഗുലർ സർവീസസിലല്ല ജോലി നോക്കിയിരുന്നതെന്ന് രേഖപ്പെടുത്തേണ്ടതാണ്. അപ്രകാരം ഹാജരാക്കപ്പെടുന്ന സർട്ടിഫിക്കറ്റ് (അസ്സൽ) ഉദ്യോഗാർത്ഥികൾക്ക് മടക്കിക്കൊടുക്കുന്നതല്ല.

**7. യോഗ്യതകൾ:** എസ്.എസ്.എൽ.സി ജയിച്ചിരിക്കണം. ടെലക്സ് സിസ്റ്റം ഓപ്പറേറ്റ് ചെയ്യുന്നതിൽ ആറുമാസത്തിൽ കുറയാത്ത പരിചയം ഉണ്ടായിരിക്കണം .

**കുറിപ്പ്:** KS & SSR part II Rule 10 a (ii) ബാധകമാണ്.

## കാറ്റഗറി നമ്പർ: 421/2015
## ടെലഫോൺ ഓപ്പറേറ്റർ
## ജില്ലാ സഹകരണ ബാങ്ക്
### പാർട്ട് രണ്ട് (സൊസൈറ്റിക്വാട്ട നേരിട്ടുള്ള നിയമനം)

**1. സ്ഥാപനം** : ജില്ലാ സഹകരണ ബാങ്ക്
**2. ഉദ്യോഗപ്പേര്** : ടെലഫോൺ ഓപ്പറേറ്റർ
**3. ശമ്പളം** : ₹ 9,075–21,800/
**4. ഒഴിവുകളുടെ എണ്ണം**: ജില്ലാടിസ്ഥാനത്തിൽ
കോഴിക്കോട് പ്രതീക്ഷിത ഒഴിവുകൾ
വയനാട് പ്രതീക്ഷിത ഒഴിവുകൾ

**കുറിപ്പ്:** i) ഈ തസ്തികയുടെ റാങ്ക് ലിസ്റ്റിന്റെ കാലാവധിയ്ക്കുള്ളിൽ നിലവിലുള്ളതും എഴുതി അറിയിക്കപ്പെടുന്നതുമായ ആകെ ഒഴിവുകളുടെ 50 ശതമാനം ഈ വിഭാഗത്തിൽ നിന്നും നികത്തുന്നതാണ്.

ii) 3.1.2013 ലെ G.O (P) No 1/13/SJD പ്രകാരം ഈ തസ്തികയുടെ 3% (മൂന്നു ശതമാനം) ഒഴിവുകൾ യോഗ്യരായ ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികൾക്കായി സംവരണം ചെയ്തിരിക്കുന്നു (Locomotor disabiltiy/cerebral Palsy/Blindness/Low Vision).

**5 നിയമന രീതി** : മുകളിൽ രേഖപ്പെടുത്തിയിട്ടുള്ള ജില്ലാ സഹകരണ ബാങ്കിൽ അഫിലിയേറ്റ് ചെയ്ത മെമ്പർ സൊസൈറ്റി/പ്രാഥമിക സഹകരണ സംഘങ്ങളിൽ സ്ഥിരമായി ജോലി ചെയ്തുവരുന്നവരും നിശ്ചിത യോഗ്യതയുള്ളവരുമായ ജീവനക്കാരിൽ നിന്ന് നേരിട്ടുള്ള നിയമനം.

**6 പ്രായം** : 18–50 ഉദ്യോഗാർത്ഥികൾ 02.01.1965 നും 01.01.1997നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ)

**7 യോഗ്യതകൾ:** 1 എസ്.എസ്.എൽ.സി ജയിച്ചിരിക്കണം. ടെലക്സ് സിസ്റ്റം ഓപ്പറേറ്റ് ചെയ്യുന്നതിൽ ആറുമാസത്തിൽ കുറയാത്ത പരിചയം ഉണ്ടായിരിക്കണം.

2 അപേക്ഷകർ ബന്ധപ്പെട്ട ജില്ലാ സഹകരണ ബാങ്കിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രൈമറി സഹകരണ/ മെമ്പർ സൊസൈറ്റിയിൽ ഏതെങ്കിലും തസ്തികയിൽ മൂന്നു വർഷത്തിൽ കുറയാത്ത റഗുലർ സരഥീവസുള്ള (സർവീസിൽ തുടരുന്നവരുമായ) സ്ഥിരം ജീവനക്കാരായിരിക്കണം. ജീവനക്കാർ അപേക്ഷ അയയ്ക്കുന്ന അവസരത്തിൽ മാത്രമല്ല, ജോലി ലഭിക്കുന്ന തീയതിയിലും സംഘത്തിന്റെ സേവനത്തിൽ ഉണ്ടായിരിക്കണം.

**കുറിപ്പ്:** KS & SSR Part II Rule 10 (a) ii ബാധകമാണ്.

1 ബന്ധപ്പെട്ട അപ്പെക്സ്/കേന്ദ്ര സൊസൈറ്റിയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ/അംഗ സംഘങ്ങളിലെ ജീവനക്കാർക്ക് /സവരണം ചെയ്തിട്ടുള്ള ഒഴിവിൽ പി.എസ്.സി മുഖേന നിയമിക്കപ്പെട്ടവർ അപ്രകാരമുള്ള തസ്തികയിൽ തുടരുവോളം ഈ വിജ്ഞാപനപ്രകാരമുള്ള തസ്തികയിൽ നിയമനം ലഭിക്കുന്ന തീയതിയിലും അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ/അംഗ സംഘത്തിന്റെ സേവനത്തിലായിരിക്കണമെന്ന നിബന്ധന അവർക്ക് ബാധകമാകുന്നതല്ല

2 ജനറൽ ഓപ്പൺ മാർക്കറ്റ് ഉദ്യോഗാർത്ഥികൾക്കും മെമ്പർ സൊസൈറ്റികൾ/പ്രൈമറി സഹകരണസംഘങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള ഉദ്യോഗാർത്ഥികൾക്കും വെവ്വേറെ റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നതാണ്. ജനറൽ ഓപ്പൺ മാർക്കറ്റ് ഉദ്യോഗാർത്ഥികളുടെയും മെമ്പർ സൊസൈറ്റി/പ്രാഥമിക സംഘങ്ങളിലെ ജീവനക്കാരുടെയും റാങ്ക് ലിസ്റ്റുകളിൽ നിന്നും ഉദ്യോഗാർത്ഥികളെ ഒന്നിടവിട്ട് യഥാക്രമം നിയമന ശിപാർശ നടത്തുകയും ആദ്യ നിയമന ശിപാർശ ജനറൽ ഓപ്പൺ മാർക്കറ്റിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നൽകുന്നതുമാണ്. ഗവണ്മെന്റ് വകുപ്പുകളിലേയും പൊതുമേഖല സ്ഥാപനങ്ങളിലേയും ഒഴിവുകളിലേയ്ക്ക് കമ്മീഷൻ നിയമനശിപാർശ നടത്തുന്നതുപോലെ റൊട്ടേഷൻ തുടർച്ചയായിട്ടുള്ളതായിരിക്കുന്നതാണ്. മെമ്പർ സൊസൈറ്റികളിലെ/പ്രാഥമിക സഹകരണ സംഘങ്ങളിലെ ജീവനക്കാർക്കുവേണ്ടി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ ഉദ്യോഗാർത്ഥികളുടെ കുറവുണ്ടായാൽ ഒഴിവുകൾ ഓപ്പൺ മാർക്കറ്റ് ഉദ്യോഗാർത്ഥികളുടെ റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നതാണ്. ഇപ്രകാരം നികത്തപ്പെടുന്ന ഒഴിവുകൾക്ക് പിന്നീട് പകരം കൊടുക്കുന്നതല്ല. കെ.എസ്. & എസ്.എസ്.ആറിലെ ജനറൽ റൂൾസ് 14 മുതൽ 17 വരെയുള്ള സംവരണവ്യവസ്ഥകൾ പാലിച്ചായിരിക്കും രണ്ടു ലിസ്റ്റിൽ നിന്നുമുള്ള നിയമനങ്ങൾ

3 സർവ്വീസ് സർട്ടിഫിക്കറ്റ് നൽകുന്ന സ്ഥാപത്തിന്റെ രജിസ്ട്രേഷൻ നമ്പരും രജിസ്റ്റർ ചെയ്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. സർവ്വീസ് സട്ടിഫിക്കറ്റ് സഹകരണ വകുപ്പിലെ അസിസ്റ്റന്റ് രജിസ്ട്രാർ ജനറൽ അല്ലെങ്കിൽ വ്യവസായ സഹകരണ സംഘങ്ങളുടെ കാര്യത്തിൽ തത്തുല്യമായ റാങ്കിലുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിരിക്കണം. സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റുകൾ നൽകുന്നവരുടെയും ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടെയും പേരിൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

4 ഈ തസ്തികയിലേക്ക് അപേക്ഷിക്കുന്ന മെമ്പർ സൊസൈറ്റി/പ്രൈമറി സഹകരണ സംഘങ്ങളിൽ നിന്നുള്ള ഉദ്യോഗാർത്ഥി കൾ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അർഹത തെളിയിക്കുന്നതിനായി സർവ്വീസിനെ സംബന്ധിക്കുന്ന വിശദ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള സർവ്വീസ് സർട്ടിവഫിക്കറ്റ് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) അല്ലെങ്കിൽ വ്യവസായ സഹകരണ സംഘങ്ങളുടെ കാര്യത്തിൽ തത്തുല്യമായ റാങ്കിലുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയത് വാങ്ങി സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ആയത് ഹാജരാക്കേണ്ടതുമാണ്. സർവ്വീസ് സർട്ടിഫിക്കറ്റിൽ താഴെ പറയുന്ന വിവരങ്ങൾ ഉണ്ടായിരിക്കണം .

**സർവ്വീസ് സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്ക് അനുബന്ധം Iകാണുക.**

**നിയമനാധികാരിയിൽ നിന്നും വാങ്ങിയിരിക്കേണ്ട രസീതിന്റെ മാതൃകയ്ക്ക് വെബ്സൈറ്റ് കാണുക.**
(www.keralapsc.gov.in)

## കാറ്റഗറി നമ്പർ: 422/2015
## ലിഫ്റ്റ് ഓപ്പറേറ്റർ
## ജില്ലാ സഹകരണ ബാങ്ക്
### പാർട്ട് ഒന്ന് (നേരിട്ടുള്ള നിയമനം)

**1. സ്ഥാപനം** : ജില്ലാ സഹകരണ ബാങ്ക്
**2. ഉദ്യോഗപ്പേര്** : ലിഫ്റ്റ് ഓപ്പറേറ്റർ
**3. ശമ്പളം** : ₹ 7,025–14,200/
**4. ഒഴിവുകളുടെ എണ്ണം**: ജില്ലാടിസ്ഥാനത്തിൽ
കോഴിക്കോട് 01 (ഒന്ന്)

ആകെ ഒഴിവുകളുടെ 50% ഈ വിഭാഗത്തിൽ നിന്നും നികത്തുന്നതാണ്.

**കുറിപ്പ്:** 3.1.2013 ലെ G.O (P) No 1/13/SJD പ്രകാരം ഈ തസ്തികയുടെ 3% (മൂന്നു ശതമാനം) ഒഴിവുകൾ യോഗ്യരായ ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികൾക്കായി സംവരണം ചെയ്തിരിക്കുന്നു (Locomotor disabiltiy/cerebral Palsy/ Low vision ).

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം.

**6. പ്രായം** : 18–40. ഉദ്യോഗാർത്ഥികൾ 02.01.1975നും 01.01.1997നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ). പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും മറ്റു പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കും, നിയമാനുസൃത വയസ്സിളവ് ലഭിക്കുന്നതായിരിക്കും .

**കുറിപ്പ്:** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് 2 പൊതുവ്യവസ്ഥകൾ ഖണ്ഡിക 2 നോക്കുക).

09.03.1998ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 41/98ൽ പറയുന്ന ഇരുപത്തിയൊൻപത് സഹകരണ സ്ഥാപനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി (പ്രൊവിഷണൽ) നിയമനം ലഭിച്ചിട്ടുള്ളവർക്ക് (സർവ്വീസിൽ തുടരുന്നവരോ പിരിച്ചുവിടപ്പെട്ടിട്ടുള്ളവരോ ആയിട്ടുള്ളവർ) ഒരു വർഷത്തിൽ കുറയാതെ സർവ്വീസ് ഉള്ളപക്ഷം തങ്ങളുടെ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് നൽകുന്നതാണ്. എന്നാൽ പ്രായപരിധിയിലുള്ള ഈ ഇളവ് പരമാവധി അഞ്ചുവർഷക്കാലത്തേയ്ക്കു മാത്രമേ ലഭിക്കുകയുള്ളൂ. ഒരിക്കൽ സ്ഥിരമായ അടിസ്ഥാനത്തിൽ (റെഗുലർ ബേസിസ്) നിയമനം ലഭിച്ചുകഴിഞ്ഞാൽ ഈ ആനുകൂല്യം മറ്റേതെങ്കിലും തസ്തികയിലേയ്ക്കുള്ള നിയമനത്തിന് നൽകുന്നതല്ല. ഈ ആനുകൂല്യം ലഭിക്കേണ്ടവർ ആ വിവരം അപേക്ഷയിലെ നിർദ്ദിഷ്ട കോളത്തിൽ കാണിച്ചിരിക്കേണ്ടതും ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങളിലെ വകുപ്പ്/ഓഫീസ് മേധാവിയിൽ നിന്നോ നിയമനാധികാരിയിൽ നിന്നോ താൽക്കാലിക നിയമനത്തിലിരുന്ന തസ്തികയുടെ പേര്, ശമ്പളനിരക്ക്, വകുപ്പ്/ സ്ഥാപനം ജോലിയിൽ പ്രവേശിച്ച തീയതി, പിരിച്ചുവിടപ്പെട്ട തീയതി മുതലായ വിശദവിവരങ്ങൾ വ്യക്തമാക്കുന്ന സർട്ടിഫിക്കറ്റ് (അസ്സൽ) കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതുമാണ്. പ്രസ്തുത സർട്ടിഫിക്കറ്റിൽ അപേക്ഷകൻ സഹകരണ സ്ഥാപനത്തിലെ റഗുലർ സർവ്വീസിലല്ല ജോലി നോക്കിയിരുന്നതെന്ന് രേഖപ്പെടുത്തേണ്ടതാണ്. അപ്രകാരം ഹാജരാക്കപ്പെടുന്ന സർട്ടിഫിക്കറ്റ് (അസ്സൽ) ഉദ്യോഗാർത്ഥികൾക്ക് മടക്കിക്കൊടുക്കുന്നതല്ല.

**7. യോഗ്യതകൾ:** ഏഴാം സ്റ്റാൻഡേർഡ് ജയിച്ചിരിക്കണം. ലിഫ്റ്റ് ഓപ്പറേറ്ററായി ആറുമാസത്തിൽ കുറയാത്ത പരിചയം ഉണ്ടായിരിക്കണം .

**കുറിപ്പ്:** KS & SSR part II Rule 10 a (ii) ബാധകമാണ്.

## കാറ്റഗറി നമ്പർ: 423/2015
## ലിഫ്റ്റ് ഓപ്പറേറ്റർ
## ജില്ലാ സഹകരണ ബാങ്ക്
### പാർട്ട് രണ്ട് (സൊസൈറ്റിക്വാട്ട നേരിട്ടുള്ള നിയമനം)

**1. സ്ഥാപനം** : ജില്ലാ സഹകരണ ബാങ്ക്
**2. ഉദ്യോഗപ്പേര്** : ലിഫ്റ്റ് ഓപ്പറേറ്റർ
**3. ശമ്പളം** : ₹ 7,025–14,200/
**4. ഒഴിവുകളുടെ എണ്ണം**: ജില്ലാടിസ്ഥാനത്തിൽ
കോഴിക്കോട് പ്രതീക്ഷിത ഒഴിവുകൾ

**കുറിപ്പ്:** i) ഈ തസ്തികയുടെ റാങ്ക് ലിസ്റ്റിന്റെ കാലാവധിയ്ക്കുള്ളിൽ നിലവിലുള്ളതും എഴുതി അറിയിക്കപ്പെടുന്നതുമായ ആകെ ഒഴിവുകളുടെ 50 ശതമാനം ഈ വിഭാഗത്തിൽ നിന്നും നികത്തുന്നതാണ്.

ii) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ നടത്തുന്നതും കോഴിക്കോട് ജില്ലാസഹകരണ ബാ

ങ്കിലേയ്ക്ക് പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതുമാണ്. ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവുകൾ രേഖപ്പെടുത്തിയിട്ടുള്ളതും അവരവരുടെ മെമ്പർ സൊസൈറ്റി/പ്രാഥമിക സഹകരണ സംഘങ്ങൾ അഫിലിയേറ്റ് ചെയ്യപ്പെട്ടിട്ടുള്ളതുമായ ജില്ലാ സഹകരണ ബാങ്കിലെ ടി തസ്തികയിലേക്കു മാത്രമെ അപേക്ഷിക്കുവാൻ പാടുള്ളു. അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ പ്രസ്തുത ജില്ലയുടെ പേര് രേഖപ്പെടുത്തേണ്ടതാണ്.

iii) 3.1.2013 ലെ G.O (P) No 1/13/SJD പ്രകാരം ഈ തസ്തികയുടെ 3% (മൂന്നു ശതമാനം) ഒഴിവുകൾ യോഗ്യരായ ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികൾക്ക് സംവരണം ചെയ്തിരിക്കുന്നു (Locomotor disabiltiy/cerebral Palsy/Low vision).

**5 നിയമന രീതി** : മുകളിൽ രേഖപ്പെടുത്തിയിട്ടുള്ള ജില്ലാ സഹകരണ ബാങ്കിൽ അഫിലിയേറ്റ് ചെയ്ത മെമ്പർ സൊസൈറ്റി/പ്രാഥമിക സഹകരണ സംഘങ്ങളിൽ സ്ഥിരമായി ജോലി ചെയ്തുവരുന്നവരും നിശ്ചിത യോഗ്യതയുള്ളവരുമായ ജീവനക്കാരിൽ നിന്ന് നേരിട്ടുള്ള നിയമനം.

**6 പ്രായം** : 18–50 ഉദ്യോഗാർത്ഥികൾ 02.01.1965 നും 01.01.1997നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ)

**7 യോഗ്യതകൾ:**

1 ഏഴാം സ്റ്റാൻഡേർഡ് ജയിച്ചിരിക്കണം. ലിഫ്റ്റ് ഓപ്പറേറ്ററായി ആറു മാസത്തിൽ കുറയാതെയുള്ള പരിചയം ഉണ്ടായിരിക്കണം.

2 അപേക്ഷകർ ബന്ധപ്പെട്ട ജില്ലാ സഹകരണ ബാങ്കിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രൈമറി സഹകരണ/ മെമ്പർ സൊസൈറ്റിയിൽ ഏതെങ്കിലും തസ്തികയിൽ മൂന്നു വർഷത്തിൽ കുറയാത്ത റഗുലർ സർവ്വീസുള്ള (സർവ്വീസിൽ തുടരുന്നവരുമായ) സ്ഥിരം ജീവനക്കാരായിരിക്കണം. ജീവനക്കാർ അപേക്ഷ അയയ്ക്കുന്ന അവസരത്തിൽ മാത്രമല്ല, ജോലി ലഭിക്കുന്ന തീയതിയിലും സംഘത്തിന്റെ സേവനത്തിൽ ഉണ്ടായിരിക്കണം.

**കുറിപ്പ്:** KS & SSR Part II Rule 10 (a) ii ബാധകമാണ്.

1 ബന്ധപ്പെട്ട അപ്പെക്സ്/കേന്ദ്ര സൊസൈറ്റിയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ/അംഗ സംഘങ്ങളിലെ ജീവനക്കാർക്ക് സവരണം ചെയ്തിട്ടുള്ള ഒഴിവിൽ പി.എസ്.സി മുഖേന നിയമിക്കപ്പെട്ടവർ അപ്രകാരമുള്ള തസ്തികയിൽ തുടരുവോളം ഈ വിജ്ഞാപനപ്രകാരമുള്ള തസ്തികയിൽ നിയമനം ലഭിക്കുന്ന തീയതിയിലും അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ/അംഗ സംഘത്തിന്റെ സേവനത്തിലായിരിക്കണമെന്ന നിബന്ധന അവർക്ക് ബാധകമാകുന്നതല്ല

2 ജനറൽ ഓപ്പൺ മാർക്കറ്റ് ഉദ്യോഗാർത്ഥികൾക്കും മെമ്പർ സൊസൈറ്റികൾ/പ്രൈമറി സഹകരണസംഘങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള ഉദ്യോഗാർത്ഥികൾക്കും വെവ്വേറെ റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നതാണ്. ജനറൽ ഓപ്പൺ മാർക്കറ്റ് ഉദ്യോഗാർത്ഥികളുടെയും മെമ്പർ സൊസൈറ്റി/പ്രാഥമിക സംഘങ്ങളിലെ ജീവനക്കരുടെയും റാങ്ക് ലിസ്റ്റുകളിൽ നിന്നും ഉദ്യോഗാർത്ഥികളെ ഒന്നിടവിട്ട് യഥാക്രമം നിയമന ശിപാർശ നടത്തുകയും ആദ്യ നിയമന ശിപാർശ ജനറൽ ഓപ്പൺ മാർക്കറ്റിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നൽകുന്നതുമാണ്. ഗവൺമെന്റ് വകുപ്പുകളിലേയും പൊതുമേഖലാ സ്ഥാപനങ്ങളിലേയും ഒഴിവുകളിലേക്ക് കമ്മീഷൻ നിയമനശിപാർശ നടത്തുന്നതുപോലെ റൊട്ടേഷൻ തുടർച്ചയായിട്ടുള്ളതായിരിക്കുന്നതാണ്. മെമ്പർ സൊസൈറ്റികളിലെ/പ്രാഥമിക സഹകരണ സംഘങ്ങളിലെ ജീവനക്കാർക്കുവേണ്ടി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ ഉദ്യോഗാർത്ഥികളുടെ കുറവുണ്ടായാൽ ഒഴിവുകൾ ഓപ്പൺ മാർക്കറ്റ് ഉദ്യോഗാർത്ഥികളുടെ റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നതാണ്. ഇപ്രകാരം നികത്തപ്പെടുന്ന ഒഴിവുകൾക്ക് പിന്നീട് പകരം കൊടുക്കുന്നതല്ല. കെ.എസ്. & എസ്.എസ്. ആറിലെ ജനറൽ റൂൾസ് 14 മുതൽ 17 വരെയുള്ള സംവരണ വ്യവസ്ഥകൾ പാലിച്ചായിരിക്കും രണ്ടു ലിസ്റ്റിൽ നിന്നുമുള്ള നിയമനങ്ങൾ

3 സർവ്വീസ് സർട്ടിഫിക്കറ്റ് നൽകുന്ന സ്ഥാപത്തിന്റെ രജിസ്ട്രേഷൻ നമ്പരും രജിസ്റ്റർ ചെയ്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. സർവ്വീസ് സർട്ടിഫിക്കറ്റ് സഹകരണ വകുപ്പിലെ അസിസ്റ്റന്റ് രജിസ്ട്രാർ ജനറൽ അല്ലെങ്കിൽ വ്യവസായ സഹകരണ സംഘങ്ങളുടെ കാര്യത്തിൽ തത്തുല്യമായ റാങ്കിലുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിരിക്കണം. സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റുകൾ നൽകുന്നവരുടെയും ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടെയും പേരിൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

4. ഈ തസ്തികയിലേക്ക് അപേക്ഷിക്കുന്ന മെമ്പർ സൊസൈറ്റി/പ്രൈമറി സഹകരണ സംഘങ്ങളിൽ നിന്നുള്ള ഉദ്യോഗാർത്ഥികൾ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അർഹത തെളിയിക്കുന്നതിനായി സർവീസിനെ സംബന്ധിക്കുന്ന വിശദ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള സർവ്വീസ് സർട്ടിഫിക്കറ്റ് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) അല്ലെങ്കിൽ വ്യവസായ സഹകരണ സംഘങ്ങളുടെ കാര്യത്തിൽ തത്തുല്യമായ റാങ്കിലുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയത് വാങ്ങി സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതുമാണ്. സർവ്വീസ് സർട്ടിഫിക്കറ്റിൽ താഴെ പറയുന്ന വിവരങ്ങൾ ഉണ്ടായിരിക്കണം .

**സർവ്വീസ് സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്ക് അനുബന്ധം I കാണുക.**

**നിയമനാധികാരിയിൽ നിന്നും വാങ്ങിയിരിക്കേണ്ട രസീതിന്റെ മാതൃകയ്ക്ക് വെബ്സൈറ്റ് കാണുക.** (www.keralapsc.gov.in)

## കാറ്റഗറി നമ്പർ: 424/2015
## എയറോമോഡലിംഗ് ഹെൽപ്പർ
## (വിമുക്തഭടന്മാർ മാത്രം)
## എൻ.സി.സി

**1. വകുപ്പ്** : എൻ.സി.സി

**2. ഉദ്യോഗപ്പേര്** : എയറോമോഡലിംഗ് ഹെൽപ്പർ (വിമുക്തഭടന്മാർ മാത്രം)

**3. ശമ്പളം** : ₹ 8,730–13,540/

**4. ഒഴിവുകളുടെ എണ്ണം**: ജില്ലാടിസ്ഥാനത്തിൽ തിരുവനന്തപുരം 1 (ഒന്ന്)

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം. (വിമുക്തഭടന്മാർ മാത്രം)

**6. പ്രായം** : 21–36: ഉദ്യോഗാർത്ഥികൾ 02.01.1979 നും 01.01.1994നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ). പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും മറ്റു പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കും, നിയമാനുസൃത ഇളവുണ്ടായിരിക്കും.

**കുറിപ്പ്:** യാതൊരുകാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് II ലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക.

**7. യോഗ്യതകൾ** : എസ്.എസ്.എൽ.സി

എയറോമോഡലിംഗിലുള്ള വൈദഗ്ധ്യം (തെരഞ്ഞെടുപ്പിന് മുമ്പ് അപേക്ഷകന് എയ്റോമോഡലിംഗിലുള്ള വൈദഗ്ധ്യം ഒരു പ്രായോഗിക പരീക്ഷയിലൂടെ വിലയിരുത്തുന്നതാണ്)

**കുറിപ്പ്:** -KS & SSR Part II Rule 10 (a) (ii) യിലെ വ്യവസ്ഥകൾ ഈ തസ്തികയുടെ തെരഞ്ഞെടുപ്പിന് ബാധകമായിരിക്കുന്നതാണ്.

# സ്പെഷ്യൽ റിക്രൂട്ട്മെന്റ് (സംസ്ഥാനതലം)

## കാറ്റഗറി നമ്പർ: 425/2015
## വെറ്ററിനറി സർജൻ ഗ്രേഡ് II
## മൃഗ സംരക്ഷണം

**1. വകുപ്പ്** : മൃഗ സംരക്ഷണം

**2 ഉദ്യോഗപ്പേര്** : വെറ്ററിനറി സർജൻ ഗ്രേഡ് II (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗം മാത്രം)

**3 ശമ്പളം** : ₹ 20740–36140/

**4 ഒഴിവുകളുടെ എണ്ണം**: 10 (പത്ത്)

**5 നിയമനരീതി** : നേരിട്ടുള്ള നിയമനം (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗം മാത്രം)

**കുറിപ്പ്:** പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6 പ്രായം** : 18–44

ഉദ്യോഗാർത്ഥികൾ 02.01.1971നും 01.01.1997നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ).

**കുറിപ്പ്:** നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്ന പ്രായപരിധിയിൽ 50 വയസ്സുവരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 (അമ്പത്) വയസ്സ് കവിയാൻ പാടില്ല.

**7 യോഗ്യതകൾ :**

(1) ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും വെറ്ററിനറി സയൻസിൽ നേടിയ ബിരുദം

(2) കേരള സ്റ്റേറ്റ് വെറ്ററിനറി കൗൺസിൽ രജിസ്ട്രേഷന് (1984 ലെ ഇന്ത്യൻ വെറ്ററിനറി
കൗൺസിൽ സെൻട്രൽ ആക്ട് 52 പ്രകാരമുള്ളത്)

(3) മലയാള ഭാഷ കൈകാര്യം ചെയ്യുവാനുള്ള കഴിവ്.

ഭാഷാ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് മുകളിൽ 3–ാം ഇനത്തിൽ പറഞ്ഞിട്ടുള്ള യോഗ്യതയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ ആ വിഭാഗത്തിൽപ്പെട്ടവർ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ 1958 പാർട്ട് 2 റൂൾ 10
(എഎഎഎ) പ്രകാരം മലയാളം ലാംഗ്വേജ് ടെസ്റ്റ് പിന്നീട് പാസ്സാകേണ്ടതാണ്.

**കുറിപ്പ് :** മലയാള ഭാഷ കൈകാര്യം ചെയ്യുവാനുള്ള കഴിവ് തെരഞ്ഞെടുപ്പ് സമയത്ത് കമ്മീഷന്
പരിശോധിക്കുന്നതാണ്.

**8 പ്രൊബേഷൻ:** തുടർച്ചയായ മൂന്നു വർഷ സേവന കാലയളവിൽ രണ്ടു വർഷം പ്രൊബേഷനിൽ ആയിരിക്കും.

**9.ടെസ്റ്റ് :** വെറ്ററിനറി സർജനായി നിയമിക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ അക്കൗണ്ട് ടെസ്റ്റ് ലോവർ, അക്കൗണ്ട് ടെസ്റ്റ് ഫോർ എക്സിക്യൂട്ടീവ് ഓഫീസേഴ്സ് ഓഫ് കേരള മൃഗസംരക്ഷണ വകുപ്പ് മാന്വൽ ടെസ്റ്റ് എന്നിവ നേരത്തേ പാസ്സായിട്ടില്ലെങ്കിൽ പ്രൊബേഷൻ കാലയളവിനുള്ളിൽ പാസ്സാകേണ്ടതാണ്.

**10.പരിശീലനം:** വെറ്ററിനറി സർജന്മായി നിയമിക്കപ്പെടുന്നവർ പ്രൊബേഷൻ കാലത്ത് മൃഗസംരക്ഷണ വകുപ്പ് നടത്തുന്ന പരിശീലനത്തിന് വിധേയരാകേണ്ടതാണ്. അപ്രകാരം നടത്തുന്ന പരിശീലനം പ്രൊബേഷനെ സംബന്ധിച്ചിടത്തോളം ഡ്യൂട്ടിയായി കണക്കാക്കപ്പെടുന്നതാണ്.

[Rule 10 (a) (ii) of Part II of the KS & SSR is applicable]

* പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിഅഞ്ചും ഖണ്ഡികകളിലെ (25–ാം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(C) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

* നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച 13.04.1972 ലെ ജി.ഒ.(എം.എസ്.) നമ്പർ 142/72/PD, 29.11.1973 ലെ ജി.ഒ.(എം.എസ്) നമ്പര് 309/73/PD, 17.01.1976ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി, 22.01.1994 ലെ ജി.ഒ.(പി)25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17 (ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

## കാറ്റഗറി നമ്പർ: 426/2015
## ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകൻ
## (ജൂനിയർ) ഹിന്ദി
## കേരള ഹയർസെക്കന്ററി എഡ്യൂക്കേഷൻ
## ഒന്നാം പുന:വിജ്ഞാപനം

**1 വകുപ്പ്** : കേരള ഹയർസെക്കന്ററി എഡ്യൂക്കേഷൻ

**2 ഉദ്യോഗപ്പേര്** : ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകൻ (ജൂനിയർ) ഹിന്ദി
(സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗക്കാരിൽനിന്നു മാത്രം)

**3 ശമ്പളം** : ₹16,980 – 31,360/–

**4 ഒഴിവുകളുടെ എണ്ണം** : 1 (ഒന്ന്)

**5 നിയമനരീതി** : നേരിട്ടുള്ള നിയമനം (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗക്കാരിൽ നിന്നുമാത്രം)

**കുറിപ്പ്:** പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6 പ്രായം** : 20 – 45

(ഉദ്യോഗാർത്ഥികൾ 02.01.1970 നും 01.01.1995 നു മിടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ).

(വയസ്സിളവിനെ സംബന്ധിച്ച നിലവിലുള്ള മറ്റ് അനുകൂല്യങ്ങളൊന്നും ഈ തിരഞ്ഞെടുപ്പിന് ബാധകമല്ല)

**കുറിപ്പ്:** നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്ന പ്രായപരിധിയിൽ 50 വയസ്സുവരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 വയസ്സ് കവിയാൻ പാടില്ല.

**7 യോഗ്യതകൾ** : I കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാലയിൽ നിന്നും 50% മാർക്കിൽ കുറയാതെ ബന്ധപ്പെട്ട വിഷയത്തിൽ നേടിയ ബിരുദാനന്തര ബിരുദം അല്ലെങ്കിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ച ബന്ധപ്പെട്ട വിഷയത്തിലുള്ള യോഗ്യതയോ നേടിയിരിക്കണം.

I (1) കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാലയിൽ നിന്നും റഗുലർ പഠനത്തിലൂടെ ബന്ധപ്പെട്ട വിഷയത്തിൽ നേടിയ ബി.എഡ്. ബിരുദം അല്ലെങ്കിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല ബന്ധപ്പെട്ട വിഷയത്തിൽ തത്തുല്യമായി അംഗീകരിച്ച യോഗ്യത നേടിയിരിക്കണം.

(2) ബന്ധപ്പെട്ട വിഷയത്തിൽ ബി.എഡ്. ബിരുദം നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാലയിൽ നിന്നും ബന്ധപ്പെട്ട ഫാക്കൽറ്റിയിൽ നേടിയ ബി.എഡ്. ബിരുദം. (B.Ed. Degree acquired in the concerned faculty as specified in the Acts and Statutes of any of the University in Kerala)

(3) മുകളിൽ സൂചിപ്പിച്ച ഇനം 1 ഉം 2 ഉം പ്രകാരം ബി.എഡ്. ബിരുദം നേടിയ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാലയിൽ നിന്നും റഗുലർ പഠനത്തിലൂടെ ഏതെങ്കിലുമൊരു വിഷയത്തിൽ നേടിയ ബി.എഡ്. ബിരുദമോ അല്ലെങ്കിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല ഇതിന് തത്തുല്യമായി അംഗീകരിച്ച യോഗ്യതയോ ഉണ്ടായിരിക്കണം.

**കുറിപ്പ്** (1) മേൽപ്പറഞ്ഞ ബി.എഡ്. ബിരുദ യോഗ്യതയുള്ളവരുടെ അഭാവത്തിൽ 50% മാർക്കിൽ കുറയാതെയുള്ള ബിരുദാനന്തര ബിരുദവും സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റും (സെറ്റ്) പാസ്സായ ഉദ്യോഗാർത്ഥികളെ പരിഗണിക്കുന്നതാണ്. പി.എച്ച്.ഡി. ബിരുദമോ എം.ഫിൽ. ബിരുദമോ നേടിയിട്ടുള്ളവർക്കും ജൂനിയർ റിസർച്ച് ഫെല്ലോഷിപ്പ് നാഷണൽ എലിജിബിലിറ്റി ടെസ്റ്റ് (നെറ്റ്) യോഗ്യതയോ നേടിയിട്ടുള്ള ഉദ്യോഗാർത്ഥികൾക്കും മുൻഗണന നൽകുന്നതാണ്. ഈ വ്യവസ്ഥ പ്രകാരം നിയമിക്കപ്പെടുന്ന അദ്ധ്യാപകർ നിയമിക്കപ്പെടുന്ന തീയതി മുതൽ അഞ്ചു വർഷത്തിനുള്ളിൽ സ്വന്തം ചെലവിൽ ബി.എഡ്. ബിരുദം നേടിയിരിക്കണം.

(2) ലാംഗ്വേജ് ടീച്ചേഴ്സ് ട്രെയിനിംഗ് കോഴ്സ് പാസ്സായിട്ടുള്ള ഉദ്യോഗാർത്ഥികളെ ബി.എഡ്. യോഗ്യത നേടുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(3) കേരളത്തിലെ ഏതെങ്കിലും ഒരു സർവ്വകലാശാല അംഗീകരിച്ച ബന്ധപ്പെട്ട വിഷയത്തിലുള്ള എം.എഡ്. ബിരുദം നേടിയ ഉദ്യോഗാർത്ഥികളെ ബി.എഡ്. യോഗ്യതയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(4) യോഗ്യത സംബന്ധിച്ച KS & SSR Part II Rule 10 (a) ii ഈ തസ്തികയ്ക്ക് ബാധകമാണ്.

III കേരള സർക്കാർ നേരിട്ടോ കേരള സർക്കാർ അധികാരപ്പെടുത്തിയ ഒരു ഏജൻസി മുഖേനയോ ഹയർസെക്കന്ററി സ്കൂൾ അദ്ധ്യാപക നിയമനത്തിനായി നടത്തുന്ന സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (സെറ്റ്) പാസായിരിക്കണം.

**പ്രത്യേക ഇളവുകൾക്ക് അനുബന്ധം II കാണുക.**

**കുറിപ്പ്** ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ (ജൂനിയർ) എന്നതുകൊണ്ട് അർത്ഥമാക്കുന്നത് പാർട്ട് ടൈം ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപക തസ്തികയെന്നാണ്.

11. പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിഅഞ്ചും ഖണ്ഡികകളിലെ (25–ാം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(C) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

12. നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച 17/01/1976ലെ ജി.ഒ.(പി)നമ്പർ 21/76/പി.ഡി,22.01.1994ലെ ജി.ഒ.(പി) നമ്പർ 25/94/ജി.എ.ഡി എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി),17(എ), 17 (ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

## കാറ്റഗറി നമ്പർ: 427/2015
## ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകൻ (ജൂനിയർ) കെമിസ്ട്രി
## ഹയർസെക്കന്ററി എഡ്യൂക്കേഷൻ

1 **വകുപ്പ്** : ഹയർ സെക്കന്ററി വിദ്യാഭ്യാസം

2 **ഉദ്യോഗപ്പേര്** : ഹയർ സെക്കന്ററി സ്ക്കൂൾ ടീച്ചർ (ജൂനിയർ) കെമിസ്ട്രി

(സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി/പട്ടികവർഗ്ഗക്കാരിൽ നിന്നു മാത്രം)

3 **ശമ്പളം** : ₹ 16980 – 31360/–

4 **ഒഴിവുകളുടെ എണ്ണം** : പട്ടികവർഗ്ഗം 1,
പട്ടികജാതി/പട്ടികവർഗ്ഗം 2

5 **നിയമനരീതി** : നേരിട്ടുള്ള നിയമനം

(സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി/പട്ടികവർഗ്ഗക്കാരിൽ നിന്നു മാത്രം)

**കുറിപ്പ്:**പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

6 **പ്രായം** : 20 – 45. ഉദ്യോഗാർത്ഥികൾ 02.01.1970 നും 01.01.1995 നു മിടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ).

(വയസ്സിളവിനെ സംബന്ധിച്ച നിലവിലുള്ള മറ്റ് അനുകൂല്യങ്ങളൊന്നും ഈ തിരഞ്ഞെടുപ്പിന് ബാധകമല്ല)

**കുറിപ്പ്:** നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്ന പ്രായപരിധിയിൽ 50 വയസ്സുവരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 വയസ്സ് കവിയാൻ പാടില്ല.

7 **യോഗ്യതകൾ** : I കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാലയിൽ നിന്നും 50% മാർക്കിൽ കുറയാതെ ബന്ധപ്പെട്ട വിഷയത്തിൽ നേടിയ ബിരുദാനന്തര ബിരുദം അല്ലെങ്കിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ച ബന്ധപ്പെട്ട വിഷയത്തിലുള്ള യോഗ്യത നേടിയിരിക്കണം

I (1) കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാലയിൽ നിന്നും റഗുലർ പഠനത്തിലൂടെ ബന്ധപ്പെട്ട വിഷയത്തിൽ നേടിയ ബി.എഡ്. ബിരുദം അല്ലെങ്കിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല ബന്ധപ്പെട്ട വിഷയത്തിൽ തത്തുല്യമായി അംഗീകരിച്ച യോഗ്യതയോ നേടിയിരിക്കണം.

(2) ബന്ധപ്പെട്ട വിഷയത്തിൽ ബി.എഡ്. ബിരുദം നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാലയിൽ നിന്നും ബന്ധപ്പെട്ട ഫാക്കൽറ്റിയിൽ നേടിയ ബി.എഡ്. ബിരുദം. (B.Ed. Degree acquired in the concerned facutly as specified in the Acts and Statues of any of the Universtiy in Kerala)

(3) മുകളിൽ സൂചിപ്പിച്ച ഇനം 1 ഉം 2 ഉം പ്രകാരം ബി.എഡ്. ബിരുദം നേടിയ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാലയിൽ നിന്നും റഗുലർ പഠനത്തിലൂടെ ഏതെങ്കിലുമൊരു വിഷയത്തിൽ നേടിയ ബി.എഡ്. ബിരുദമോ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല ഇതിന് തത്തുല്യമായി അംഗീകരിച്ച യോഗ്യതയോ ഉണ്ടായിരിക്കണം.

അല്ലെങ്കിൽ

നാഷണൽ കൗൺസിൽ ഫോർ എഡ്യൂക്കേഷൻ റിസർച്ച് ആന്റ് ട്രെയിനിംഗ് (NCERT) സ്പോൺസർ ചെയ്യുന്ന ഏതെങ്കിലും പ്രാദേശിക വിദ്യാഭ്യാസ സ്ഥാപനത്തിൽ (റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ) നിന്നും ബന്ധപ്പെട്ട വിഷയത്തിൽ 50 ശതമാനത്തിൽ കുറയാത്ത മാർക്കോടെ നേടിയ എം.എസ്.സി.എഡ്. പാസായിരിക്കണം.

III കേരള സർക്കാർ നേരിട്ടോ കേരള സർക്കാർ അധികാരപ്പെടുത്തിയ ഒരു ഏജൻസി മുഖേനയോ ഹയർസെക്കന്ററി സ്കൂൾ അദ്ധ്യാപക നിയമനത്തിനായി നടത്തുന്ന സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (സെറ്റ്) പാസായിരിക്കണം.

**കുറിപ്പ്** (1) കേരളത്തിലെ ഏതെങ്കിലും ഒരു സർവ്വകലാശാല അംഗീകരിച്ച ബന്ധപ്പെട്ട വിഷയത്തിലുള്ള എം.എഡ്. ബിരുദം നേടിയ ഉദ്യോഗാർത്ഥികളെ ബി.എഡ്. യോഗ്യതയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(2) യോഗ്യത സംബന്ധിച്ച KS&SSR Part II Rule 10(a)ii ഈ തസ്തികയ്ക്ക് ബാധകമാണ്.

**പ്രത്യേക ഇളവുകൾക്ക് അനുബന്ധം II കാണുക.**

**കുറിപ്പ് :** ഹയർ സെക്കന്ററി സ്ക്കൂൾ ടീച്ചർ (ജൂനിയർ) എന്നതുകൊണ്ട്അർത്ഥമാക്കുന്നത്
പാർട്ട് ടൈം ഹയർ സെക്കന്ററി സ്ക്കൂൾ ടീച്ചർ എന്നാണ്.

11 പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിഅഞ്ചും ഖണ്ഡികകളിലെ (25–ാം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(C) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

12 നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച 17.01.1976ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി, 22.01.1994ലെ ജി.ഒ.(പി)25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17 (ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

## കാറ്റഗറി നമ്പർ: 428/2015
## ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II/ടൗൺ പ്ലാനിംഗ് സർവേയർ ഗ്രേഡ് II
## ടൗൺ ആന്റ് കൺട്രി പ്ലാനിംഗ്

1 **വകുപ്പ്** : ടൗൺ ആന്റ് കൺട്രി പ്ലാനിംഗ്

2 **ഉദ്യോഗപ്പേര്** : ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II/ടൗൺ പ്ലാനിംഗ് സർവേയർ ഗ്രേഡ് II

(സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി/പട്ടികവർഗ്ഗക്കാരിൽ നിന്നു മാത്രം)

3 **ശമ്പളം** : ₹ 11620 – 20240/

4 **ഒഴിവുകളുടെ എണ്ണം** : 2 (രണ്ട്)

5 **നിയമനരീതി** : നേരിട്ടുള്ള നിയമനം

(സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി/പട്ടികവർഗ്ഗക്കാരിൽ നിന്നു മാത്രം)

**കുറിപ്പ്:** പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

6 **പ്രായം** : 18 – 41

ഉദ്യോഗാർത്ഥികൾ 02.01.1974നും 01.01.1997നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ).

(വയസ്സിളവിനെ സംബന്ധിച്ച നിലവിലുള്ള മറ്റ് അനുകൂല്യങ്ങളൊന്നും ഈ തിരഞ്ഞെടുപ്പിന് ബാധകമല്ല)

**കുറിപ്പ്:** നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്ന പ്രായപരിധിയിൽ 50 വയസ്സുവരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 വയസ്സ് കവിയാൻ പാടില്ല.

7 **യോഗ്യതകൾ** : (1) SSLC-യോ തത്തുല്യ യോഗ്യതയോ ഉണ്ടായിരിക്കണം

(2) താഴെ പറയുന്നവയിൽ ഏതെങ്കിലും ഒരു യോഗ്യത ഉണ്ടായിരിക്കണം.

(a) വനിതാ പോളിടെക്നിക്കുകളിൽ നിന്നും 2 വർഷത്തെ പഠനത്തിനു ശേഷം ലഭിക്കുന്ന സിവിൽ എഞ്ചിനീയറിംഗിലുള്ള ഡിപ്ലോമ.

അല്ലെങ്കിൽ

(b) KGTE അല്ലെങ്കിൽ MGTE ഗ്രൂപ്പ് സർട്ടിഫിക്കറ്റ് (ഗ്രൂപ്പ് സർട്ടിഫിക്കറ്റിൽ നാല് ഗ്രൂപ്പുകൾ അടങ്ങിയിരിക്കണം. അതായത് ബിൽഡിംഗ് ഡ്രോയിംഗ്, ബിൽഡിംഗ് കൺസ്ട്രക്ഷൻ, സർവ്വേ, ഇറിഗേഷൻ എന്നീ നാല് ഗ്രൂപ്പുകൾ.

അല്ലെങ്കിൽ

(c) KGTE/MGTE-യിൽ താഴെപ്പറയുന്ന എട്ട് വിഷയങ്ങൾ പാസ്സായിരിക്കണം.

1. സർവ്വേയിംഗ് ആന്റ് ലവലിംഗ് (ഹയർ)
2. അപ്ലൈഡ് മെക്കാനിക്സ് (ഹയർ)
3. ബിൽഡിംഗ് മെറ്റീരിയൽസ് ആന്റ് കൺസ്ട്രക്ഷൻ (ഹയർ)
4. ഹൈഡ്രോളിക്സ് ആന്റ് ഇറിഗേഷൻ (ഹയർ)
5. ബിൽഡിംഗ് ഡ്രോയിംഗ് ആന്റ് എസ്റ്റിമേറ്റിംഗ് (ഹയർ)
6. എർത്ത് വർക്ക് ആന്റ് റോഡ് മേക്കിംഗ് (ഹയർ)
7. ജ്യോമെട്രിക്കൽ ഡ്രോയിംഗ് (ലോവർ)
8. മെൻസുറേഷൻ (ലോവർ)

**അല്ലെങ്കിൽ**

(d) നാഷണൽ അപ്രന്റിസ്ഷിപ്പ് സർട്ടിഫിക്കറ്റ് (സർവ്വേയർ)

**അല്ലെങ്കിൽ**

(e) നാഷണൽ അപ്രന്റിസ്ഷിപ്പ് സർട്ടിഫിക്കറ്റ് (സിവിൽ)

**അല്ലെങ്കിൽ**

(f) നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് (സർവ്വേയർ)

**അല്ലെങ്കിൽ**

(g) നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് (ഡ്രാഫ്റ്റ്സ്മാൻ സിവിൽ)

**അല്ലെങ്കിൽ**

(h) ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് IIനെ സംബന്ധിച്ച് ബിൽഡിംഗ് ടെക്നോളജിയിലുള്ള VHSE സർട്ടിഫിക്കറ്റ് പാസ്സായിരിക്കണം.

അല്ലെങ്കിൽ

(i) ടൗൺ പ്ലാനിംഗ് സർവ്വേയർ ഗ്രേഡ് IIനെ സംബന്ധിച്ച് ഡ്രാഫ്റ്റ്സ് മാൻഷിപ്പ് ആന്റ് ക്വാണ്ടിറ്റി സർവ്വേയിംഗിലുള്ള VHSE സർട്ടിഫിക്കറ്റ് പാസ്സായിരിക്കണം.

**കുറിപ്പ്** : കെ.എസ്.ആന്റ് എസ്.എസ്.ആർ. പാർട്ട് Iലെ റൂൾ 10 (a)(ii) ഈ തസ്തികയ്ക്ക് ബാധകമാണ്.

12 പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിഅഞ്ചും ഖണ്ഡികകളിലെ (25–ാം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(C) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

13 നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികജാതി /പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച 13.04.1972 ലെ ജി.ഒ.(എം.എസ്.) നമ്പർ 142/72/PD, 29.11.1973 ലെ ജി.ഒ.(എം.എസ്) നമ്പർ 309/73/PD, 17.01.1976ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി, 22.01.1994ലെ ജി.ഒ.(പി)25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17 (ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

**എൻസിഎ ഒഴിവുകളിലേക്ക് സംവരണ സമുദായങ്ങൾക്ക് നേരിട്ടുള്ള നിയമനം (ജില്ലാതലം)**

## കാറ്റഗറി നമ്പർ: 429/2015 – 432/2015
## ജൂനിയർ കൺസൾട്ടന്റ് (ജനറൽ സർജറി)
## ആരോഗ്യം
## ഒന്നാം എൻ.സി.എ വിജ്ഞാപനം

1 **വകുപ്പ്** : ആരോഗ്യം
2. **ഉദ്യോഗപ്പേര്** : ജൂനിയർ കൺസൾട്ടന്റ് (ജനറൽ സർജറി)
3. **ശമ്പളം** : ₹ 24040– 38840/–
4. **ഒഴിവുകളുടെ എണ്ണം** :

| കാറ്റഗറി നം. | സമുദായം | ഒഴിവുകളുടെ എണ്ണവും |
|---|---|---|
| 429/2015 | പട്ടികജാതി – | 2 (രണ്ട്) |
| 430/2015 | ലത്തീൻ കത്തോലിക്കർ/ ആംഗ്ലോ ഇന്ത്യൻ – | 1 (ഒന്ന്) |
| 431/2015 | മുസ്ലീം/മാപ്പിള– | 3 (മൂന്ന്) |
| 432/2015 | ഈഴവ/ബില്ലവ/തീയ്യ – | 2 (രണ്ട്) |

**നോട്ട്:–** മുകളിൽ കാണിച്ചിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 28.01.2015 തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ (കാറ്റഗറി നമ്പർ.203/2013, ഗസറ്റ് തീയതി 31.07.2013) കാലയളവിൽ പട്ടികജാതി, മുസ്ലീം/മാപ്പിള, ലത്തീൻ കത്തോലിക്കർ/ആംഗ്ലോ ഇന്ത്യൻ, ഈഴവ/ബില്ലവ/തീയ്യ സമുദായത്തിലുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേക്ക് നിയമന ശിപാർശ നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.

5. **നിയമന രീതി** : നേരിട്ടുള്ള നിയമനം (മുകളിൽ പരാമർശിച്ചിട്ടുള്ള സംവരണ വിഭാഗം ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**കുറിപ്പ്–** ഈ വിജ്ഞാപനത്തിൽ പരാമർശിക്കാത്ത സമുദായങ്ങളിലെ ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. അപ്രകാരമുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

6. **പ്രായം** : പട്ടികജാതി:18–47;
ഉദ്യോഗാർത്ഥികൾ 02/01/1968–നും 01/01/1997നും ഇടയിൽ ജനിച്ചവർ ആയിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ).
മുസ്ലീം/മാപ്പിള, ലത്തീൻ കത്തോലിക്കർ/ആംഗ്ലോ ഇന്ത്യൻ, ഈഴവ/ബില്ലവ/തീയ്യ: 18–45; ഉദ്യോഗാർത്ഥികൾ 02/01/1970–നും 01/01/1997നും ഇടയിൽ ജനിച്ചവർ ആയിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ).
(വയസ്സിളവിനെ സംബന്ധിച്ച മറ്റ് വ്യവസ്ഥകൾക്ക് പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക. ഖണ്ഡിക 2 (i) ഒഴികെ)

7. **യോഗ്യതകൾ**
i) മോഡേൺ മെഡിസിനിലുള്ള ബിരുദം (എം.ബി.ബി.എസ്) അല്ലെങ്കിൽ തത്തുല്യ യോഗ്യത
ii) ജനറൽ സർജറിയിൽ നേടിയിട്ടുള്ള ബിരുദാനന്തര ബിരുദം/ഡിപ്ലോമ അല്ലെങ്കിൽ തത്തുല്യ യോഗ്യത

**അല്ലെങ്കിൽ**

ജനറൽ സർജറിയിൽ ഡിപ്ലോമാറ്റ് ഇൻ നാഷണൽ ബോർഡ് എന്ന യോഗ്യത

**കുറിപ്പ്** i-KS&SSR Part II Rule 10(a)ii ബാധകമാണ്.

**കുറിപ്പ്** ii: ബിരുദാനന്തര ബിരുദം അല്ലെങ്കിൽ സൂപ്പർ സ്പെഷ്യാലിറ്റി ഡിഗ്രി ഉള്ള ഉദ്യോഗാർത്ഥികൾക്ക് പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഉള്ളവരെക്കാൾ മുൻഗണന നൽകുന്നതാണ് (മറ്റു കാര്യങ്ങൾ തുല്യമാണെങ്കിൽ).

1) ബിരുദം/ബിരുദാനന്തര ഡിപ്ലോമ/ബിരുദാനന്തര ബിരുദം/സൂപ്പർ
2) തത്തുല്യ യോഗ്യതകൾ എന്നത് (ഡി.എൻ.ബി ഒഴികെയുള്ളവ) ഇന്ത്യൻ മെഡിക്കൽ
3) ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലിന്റെ സാധുതയുള്ള സ്പെഷ്യാലിറ്റി ഡിഗ്രി എന്നിവ അംഗീകാരമുള്ള ഒരു യൂണിവേഴ്സിറ്റിയിൽ നിന്നും നേടിയതോ അല്ലെങ്കിൽ ഏതെങ്കിലും അംഗീകൃത യൂണിവേഴ്സിറ്റിയുടെ അംഗീകാരമുള്ളതോ ആയിരിക്കണം.

മെഡിക്കൽ ബിരുദാനന്തര ബിരുദം/ഡിപ്ലോമ, തത്തുല്യ യോഗ്യതകൾ എന്നിവ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരമുള്ളവയും ഡി.എൻ.ബി യോഗ്യത നാഷണൽ ബോർഡ് ഓഫ് എക്സാമിനേഷൻസ് നൽകിയതും ആയിരിക്കണം. നോൺ മെഡിക്കൽ ഡിഗ്രി/ഡിപ്ലോമ എന്നിവ ഏതെങ്കിലും അംഗീകൃത യൂണിവേഴ്സിറ്റിയിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ നേടിയതായിരിക്കണം. കൗൺസിൽ തത്തുല്യമെന്ന് അംഗീകരിച്ചതായിരിക്കണം. രജിസ്ട്രേഷൻ ഉണ്ടായിരിക്കണം.

## കാറ്റഗറി നമ്പർ: 433/2015 – 434/2015
## ജൂനിയർ കൺസൾട്ടന്റ് (അനസ്തേഷ്യ)
## ആരോഗ്യം
## 2 –ാം എൻ.സി.എ വിജ്ഞാപനം

1. **വകുപ്പ്** : ആരോഗ്യം
2. **ഉദ്യോഗപ്പേര്** : ജൂനിയർ കൺസൾട്ടന്റ് (അനസ്തേഷ്യ)
3. **ശമ്പളം** : ₹11910–19350 (പരിഷ്ക്കരണത്തിന് മുമ്പുള്ളത്)
4. **ഒഴിവുകളുടെ എണ്ണം** :

| കാറ്റഗറി നം. | സമുദായം | ഒഴിവുകളുടെ എണ്ണവും |
|---|---|---|
| 433/2015 | പട്ടികജാതി | 1 (ഒന്ന്) |
| 434/2015 | മുസ്ലീം/മാപ്പിള | 1 (ഒന്ന്) |

**നോട്ട്:–** മുകളിൽ കാണിച്ചിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 30.03.2011 തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ (കാറ്റഗറി നമ്പർ.276/2010, ഗസറ്റ് തീയതി 27.10.2010) കാലയളവിൽ പട്ടികജാതി, മുസ്ലീം/മാപ്പിള സമുദായങ്ങളിലുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേക്ക് നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്. 25.11.2014 തീയതിയിലെ ഗസറ്റ് വിജ്ഞാപനത്തിലൂടെ പട്ടിക ജാതി, മുസ്ലീം/മാപ്പിള വിഭാഗങ്ങൾക്ക് യഥാക്രമം 473/14, 474/14 എന്നീ കാറ്റഗറി നമ്പറുകളിൽ അപേക്ഷ ക്ഷണിച്ചപ്പോൾ ടി വിഭാഗം ഉദ്യോഗാർത്ഥികൾ ലഭ്യമല്ലാത്ത സാഹചര്യത്തിലാണ് ഈ രണ്ടാം എൻ.സി.എ വിജ്ഞാപനം തയ്യാറാക്കിയിട്ടുള്ളത്.

5. **നിയമന രീതി** : നേരിട്ടുള്ള നിയമനം (പട്ടികജാതി, മുസ്ലീം/മാപ്പിള ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**കുറിപ്പ്–** 1. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ പട്ടികവർഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെ പരിഗണിക്കുന്നതായിരിക്കും.
2. ഈ വിജ്ഞാപനത്തിൽ പരാമർശിക്കാത്ത സമുദായങ്ങളിലെ ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. അപ്രകാരമുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

6. **പ്രായം** : പട്ടികജാതി:18–47;
ഉദ്യോഗാർത്ഥികൾ 02/01/1968–നും 01/01/1997നും ഇടയിൽ ജനിച്ചവർ ആയിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ).
മുസ്ലീം/ മാപ്പിള:18–45; ഉദ്യോഗാർത്ഥികൾ 02/01/1970–നും 01/01/1997നും ഇടയിൽ ജനിച്ചവർ ആയിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) ണ്ഡിക 2 (i)–ലെ ഇളവ് ഉൾപ്പെടെ.
(വയസ്സിളവിനെ സംബന്ധിച്ച മറ്റ് വ്യവസ്ഥകൾക്ക് പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക (ഖണ്ഡിക 2 (i) ഒഴികെ) നോക്കുക)

7. **യോഗ്യതകൾ**: i) മോഡേൺ മെഡിസിനിലുള്ള ബിരുദം (എം.ബി.ബി.എസ്) അല്ലെങ്കിൽ തത്തുല്യ യോഗ്യത
ii) അനസ്തേഷ്യയിൽനേടിയിട്ടുള്ള ബിരുദാനന്തര ബിരുദം/ഡിപ്ലോമ അല്ലെങ്കിൽ തത്തുല്യ യോഗ്യത

അല്ലെങ്കിൽ

അനസ്തേഷ്യയിൽ ഡിപ്ലോമാറ്റ് ഇൻ നാഷണൽ ബോർഡ് യോഗ്യത

**കുറിപ്പ്** -:KS&SSR Part II, Rule 10 (a) (ii) ബാധകമാണ്.

**കുറിപ്പ്** ii: ബിരുദാനന്തര ബിരുദം അല്ലെങ്കിൽ സൂപ്പർ സ്പെഷ്യാലിറ്റി ഡിഗ്രി ഉള്ള ഉദ്യോഗാർത്ഥികൾക്ക് പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഉള്ളവരെക്കാൾ മുൻഗണന നൽകുന്നതാണ്.

**കുറിപ്പ്:–i**
1) ബിരുദം/ബിരുദാനന്തര ഡിപ്ലോമ/ബിരുദാനന്തര ബിരുദം/സൂപ്പർ സ്പെഷ്യാലിറ്റി ഡിഗ്രി എന്നിവ അംഗീകാരമുള്ള ഒരു യൂണിവേഴ്സിറ്റിയിൽ നിന്നും നേടിയതോ അല്ലെങ്കിൽ ഏതെങ്കിലും അംഗീകൃത യൂണിവേഴ്സിറ്റിയുടെ അംഗീകാരമുള്ളതോ ആയിരിക്കണം. മെഡിക്കൽ ബിരുദാനന്തര ബിരുദം/ഡിപ്ലോമ, തത്തുല്യ യോഗ്യതകൾ എന്നിവ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരമുള്ളവയും ഡി.എൻ.ബി യോഗ്യത നാഷണൽ ബോർഡ് ഓഫ് എക്സാമിനേഷൻസ് നൽകിയതും ആയിരിക്കണം. നോൺ മെഡിക്കൽ ഡിഗ്രി/ഡിപ്ലോമ എന്നിവ ഏതെങ്കിലും അംഗീകൃത യൂണിവേഴ്സിറ്റിയിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ നേടിയതായിരിക്കണം.
2) തത്തുല്യ യോഗ്യതകൾ എന്നത് (ഡി.എൻ.ബി ഒഴികെയുള്ളവ) ഇന്ത്യൻ മെഡിക്കൽ കൗൺസിൽ തത്തുല്യമെന്ന് അംഗീകരിച്ചതായിരിക്കണം.
3) ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലിന്റെ സാധുതയുള്ള രജിസ്ട്രേഷൻ ഉണ്ടായിരിക്കണം.

## കാറ്റഗറി നമ്പർ: 435/2015 – 439/2015
## സീനിയർ ലക്ചറർ (താഴെപ്പറയുന്ന വിഷയങ്ങളിൽ)
## മെഡിക്കൽ വിദ്യാഭ്യാസം
## ഒന്നാം എൻ.സി.എ. വിജ്ഞാപനം

1 വകുപ്പ് : മെഡിക്കൽ വിദ്യാഭ്യാസം
2 ഉദ്യോഗപ്പേര് : സീനിയർ ലക്ചറർ (താഴെപ്പറയുന്ന വിഷയങ്ങളിൽ)

| ക്രമ നം. | കാറ്റഗറി നം. | വിഷയം | യോഗ്യത സീനിയർ ലക്ചറർ തസ്തിക | സമുദായം/ ഒഴിവുകളുടെ എണ്ണം |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1. | 435/2015 | പത്തോളജി | (i) എം.ഡി. (പത്തോളജി)/ ഡി.എൻ.ബി (പത്തോളജി) (ii) സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിലെ (ട്രാവൻകൂർ–കൊച്ചിൻ മെഡിക്കൽ കൗൺസിൽ) സ്ഥിരം രജിസ്ട്രേഷൻ. | ഹിന്ദു നാടാർ 1 |
| 2. | 436/2015 | പത്തോളജി | (i) എം.ഡി. (പത്തോളജി)/ ഡി.എൻ.ബി (പത്തോളജി) (ii) സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിലെ (ട്രാവൻകൂർ–കൊച്ചിൻ മെഡിക്കൽ കൗൺസിൽ) സ്ഥിരം രജിസ്ട്രേഷൻ. | മുസ്ലീം/ മാപ്പിള 1 |
| 3. | 437/2015 | പീഡിയാട്രിക് സർജറി | (i)എം.സി.എച്ച്/ഡി.എൻ.ബി (പീഡിയാട്രിക് സർജറി) മേൽപ്പറഞ്ഞയോഗ്യതയുള്ളവരുടെ അഭാവത്തിൽ എം.എസ്.(ജനറൽ സർജറി) (ii) സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിലെ (ട്രാവൻകൂർ–കൊച്ചിൻ മെഡിക്കൽ കൗൺസിൽ) സ്ഥിരം രജിസ്ട്രേഷൻ. | ഈഴവ/ തിയ്യ/ ബില്ലവ 1 |
| 4. | 438/2015 | റേഡിയോ തെറാപ്പി | (i)എം.ഡി. (റേഡിയോ തെറാപ്പി)/ ഡി.എൻ.ബി (റേഡിയോ തെറാപ്പി) (ii) സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിലെ (ട്രാവൻകൂർ–കൊച്ചിൻ മെഡിക്കൽ കൗൺസിൽ) സ്ഥിരം രജിസ്ട്രേഷൻ. | പട്ടിക വർഗം 1 |
| 5. | 439/2015 | ജനറൽ സർജറി | (i) എം.എസ്. (ജനറൽ സർജറി)/ ഡി.എൻ.ബി (ജനറൽ സർജറി) (ii) സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിലെ (ട്രാവൻകൂർ–കൊച്ചിൻ മെഡിക്കൽ കൗൺസിൽ) സ്ഥിരം രജിസ്ട്രേഷൻ. | ഈഴവ/ തിയ്യ/ ബില്ലവ 2 |

**കുറിപ്പ്** : ഡി.എൻ.ബി.യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു സർവ്വകലാശാലയുടെ അംഗീകാരമുള്ള മെഡിക്കൽ കോളേജിൽ നിന്നും നേടിയതായിരിക്കണം.

മേൽപ്പറഞ്ഞ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ താഴെ പറയുന്ന യോഗ്യതയുള്ളവരെ ബന്ധപ്പെട്ട വിഷയത്തിൽ 'ലക്ചറർ' ആയി നിയമിക്കുന്നതിന് പരിഗണിക്കുന്നതാണ്.
1. ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള എം.ബി.ബി.എസ് ബിരുദം
2. സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിലെ (ട്രാവൻകൂർ–കൊച്ചിൻ മെഡിക്കൽ കൗൺസിൽ) സ്ഥിരം രജിസ്ട്രേഷൻ മേൽപ്പറഞ്ഞ യോഗ്യതയുള്ളവർ ഓരോ വിഷയത്തിലുമുള്ള ലക്ചറർ തസ്തികയിലേക്കും വെവ്വേറെ അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.

**കുറിപ്പ് :** 1. സീനിയർ ലക്ചറർ/ലക്ചറർ തസ്തികകൾക്കുള്ള മേൽപ്പറഞ്ഞ യോഗ്യതകൾ അപേക്ഷ സ്വീകരിക്കുന്നതിനുള്ള അവസാന തീയതിയിലോ അതിന് മുൻപോ നേടിയതായിരിക്കണം
2. ഒരു മെഡിക്കൽ കൗൺസിലിന്റേയും താൽക്കാലിക രജിസ്ട്രേഷൻ പരിഗണിക്കുന്നതല്ല.
3. ട്രാവൻകൂർ–കൊച്ചിൻ മെഡിക്കൽ കൗൺസിലിലെ സ്ഥിരം രജിസ്ട്രേഷൻ ഉൾപ്പെടെ തങ്ങൾക്കുള്ള എല്ലാ യോഗ്യതാപത്രങ്ങളുടെയും വിവരങ്ങൾ സ്വന്തം പ്രൊഫൈലിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് അപേക്ഷ സമർപ്പിക്കുന്നതിനു മുമ്പ് ഉദ്യോഗാർത്ഥികൾ ഉറപ്പുവരുത്തേണ്ടതാണ്.
4. ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നവർ അവരുടെ ആദ്യത്തെ പത്ത് (10) വർഷത്തെ സേവനത്തിനുള്ളിൽ (പരിശീലന കാലമുൾപ്പെടെ) നാല് (4) വർഷം പ്രതിരോധ സർവ്വീസിൽ

അല്ലെങ്കിൽ പ്രതിരോധം സംബന്ധിച്ച ജോലിയിൽ ഇന്ത്യയിൽ എവിടെയെങ്കിലുമോ, വിദേശത്തോ സേവനമനുഷ്ഠിക്കേണ്ടതാണ്. ഈ നിർബന്ധിത സൈനിക സേവനം നാൽപത്തിയഞ്ച് (45) വയസ് തികഞ്ഞവർക്ക് ബാധകമല്ല.

5. കെ.എസ്.&എസ്.എസ്.ആർ പാർട്ട് ii റൂൾ 10 (â) II ബാധകമാണ്.

മുകളിൽ 5–ാം കോളത്തിൽ കാണിച്ചിട്ടുള്ള ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക്ലിസ്റ്റ് ഈ തസ്തികകളിലേയ്ക്ക് യഥാക്രമം താഴെപ്പറയുന്ന തീയതികളിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റുകളുടെ കാലയളവിൽ ബന്ധപ്പെട്ട സമുദായങ്ങളിൽനിന്നുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെയുള്ള ഒഴിവുകളിലേക്കും തുടർന്നുണ്ടാകുന്ന അത്തരം ഒഴിവുകളിലേയ്ക്കും നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.

| ക്രമ നം. | മാതൃ റാങ്കുപട്ടിക പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| 1. | 18.03.2010 | 258/2009 |
| 2. | 18.03.2010 | 258/2009 |
| 3. | 18.10.2013 | 235/2011 |
| 4. | 02.04.2013 | 240/2011 |
| 5. | 05.08.2011 | 447/2009 |

**3. ശമ്പളം :–** സീനിയർ ലക്ചറർ തസ്തിക:– ₹ 10000–15200/– (റിവിഷന് മുമ്പ്)
ലക്ചറർ തസ്തിക:– ₹8000–13500/– (റിവിഷന് മുമ്പ്)

**4. നിയമന രീതി:–** നേരിട്ടുള്ള നിയമനം
(മുകളിൽ 2–ാം ണ്ഡികയിൽ 5–ാം കോളത്തിൽ കാണിച്ചിട്ടുള്ള സമുദായങ്ങളിലുള്ള ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം) മുകളിൽ കാണിച്ചിട്ടുള്ള സമുദായങ്ങളിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അത്തരം അപേക്ഷകൾ നിരസിച്ചുകൊണ്ട് വ്യക്തിഗത അറിയിപ്പ് നൽകുന്നതല്ല.

**5. പ്രായം** : (എ) മുസ്ലീം/മാപ്പിള, ഹിന്ദു നാടാർ, ഈഴവ/തിയ്യ/ബില്ലവ സമുദായങ്ങൾക്ക്: 21–49, ഉദ്യോഗാർത്ഥികൾ 02.01.1966നും 01.01.1994നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ).
(ബി) പട്ടിക വർഗത്തിന്: 21–50, ഉദ്യോഗാർത്ഥികൾ 02.01.1965നും 01.01.1994നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ).
(പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2(i)–ലെ ആനുകൂല്യം ഉൾപ്പെടെ)

**കുറിപ്പ്:–** (പ്രായപരിധിയിലെ ഇളവുകൾ സംബന്ധിച്ച ഇതര വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക) ഖണ്ഡിക 2(i) ഒഴികെ.

## കാറ്റഗറി നമ്പർ: 440/2015 – 441/2015
## ട്രാക്ടർ ഓപ്പറേറ്റർ കം വർക്ക്ഷോപ്പ് അസിസ്റ്റന്റ്
## കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ്
### ഒന്നാം എൻ.സി.എ. വിജ്ഞാപനം

**1. സ്ഥാപനത്തിന്റെ പേര്** : കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ്
**2. ഉദ്യോഗപ്പേര്** : ട്രാക്ടർ ഓപ്പറേറ്റർ കം വർക്ക്ഷോപ്പ് അസിസ്റ്റന്റ്
**3. ശമ്പളം** : ₹ 1200–2040/–
**4. ഒഴിവുകളുടെ എണ്ണം** :

| കാറ്റഗറി നം. | സമുദായം | ഒഴിവുകളുടെ എണ്ണവും |
|---|---|---|
| 440/2015 | മുസ്ലിം | 1 |
| 441/2015 | ലാറ്റിൻ കാത്തലിക്/ ആംഗ്ലോ ഇൻഡ്യൻ | 1 |

**കുറിപ്പ്:** (1) മുകളിൽ കൊടുത്തിട്ടുള്ള ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 26.09.2012–ാംതീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ (കാറ്റഗറി നമ്പർ 66/09, ഗസറ്റ് തീയതി 31.3.2009) കാലയളവിൽ മുസ്ലിം, ലാറ്റിൻ കാത്തലിക്/ആംഗ്ലോ ഇൻഡ്യൻ സമുദായത്തിന് നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേയ്ക്ക് ആ സമുദായത്തിലുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേയ്ക്ക് നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം
മുസ്ലിം,ലാറ്റിൻ കാത്തലിക്/ആംഗ്ലോ ഇൻഡ്യൻ സമുദായങ്ങളിലെ ഉദ്യോഗാർത്ഥികളിൽനിന്നു മാത്രമുള്ള നേരിട്ടുള്ള നിയമനം.

**കുറിപ്പ്:**മുസ്ലിം,ലാറ്റിൻ കാത്തലിക്/ആംഗ്ലോ ഇൻഡ്യൻ വിഭാഗങ്ങളിൽ അല്ലാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. അത്തരം ഉദ്യോഗാർത്ഥികൾക്കായി നിരസന അറിയിപ്പ് പ്രത്യേകം നൽകുന്നതല്ല.

**6. പ്രായം** :18–42 ഉദ്യോഗാർത്ഥികൾ 02.01.1973നും 01.01.1997 നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ)
പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2(i) ലെ ആനുകൂല്യം ഉൾപ്പെടെ

**കുറിപ്പ്:** പ്രസ്തുത സ്ഥാപനത്തിൽ പ്രൊവിഷണലായി ജോലി നോക്കിയിട്ടുള്ളവർ ആദ്യത്തെ പ്രൊവിഷണൽ നിയമന ക്കാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പരമാവധി അഞ്ചു വർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളു. ടി സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല.
പ്രൊവിഷണൽ സർവ്വീസുള്ളവർ സർവ്വീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അവർ റഗുലർ സർവ്വീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം
വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിൽ പാർട്ട് 2ലെ പൊതു വ്യവസ്ഥകൾ ഖണ്ഡിക 2 vi,vii,xii എന്നിവ നോക്കുക

**7.യോഗ്യതകൾ** : 1) എട്ടാം സ്റ്റാൻഡേർഡ് ജയിച്ചിരിക്കണം
2) ഐ.റ്റി.ഐ സർട്ടിഫിക്കറ്റ് (ട്രാക്ടർ ഡ്രൈവർ അല്ലെങ്കിൽ ട്രാക്ടർ മെക്കാനിക്ക്)

അല്ലെങ്കിൽ

അംഗീകൃത സർക്കാർ സ്ഥാപനത്തിൽ നിന്നും ട്രാക്ടർ ഡ്രൈവിംഗിലോ, ട്രാക്ടർ മെക്കാനിസത്തിലോ ആറ് മാസത്തെ സർട്ടിഫിക്കറ്റ് കോഴ്സ് വിജയകരമായി പൂർത്തിയാക്കിയിരിക്കണം.

**കുറിപ്പ്:** കെ.എസ്. ആന്റ് എസ്. എസ്. ആർ. പാർട്ട് I വിലെ റൂൾ 10(a) ii ബാധകമാണ്

11. (a) പൊതുവ്യവസ്ഥകളിലെ 2–ാം ഖണ്ഡികയിലെ ii,iii,iv, v,viii, ix, x, xi &xiii ഉപഖണ്ഡികകളും 5a, 6, 7 എന്നീ ഖണ്ഡികകളും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.
(b) മേൽപ്പറഞ്ഞ സ്ഥാപനത്തിലേയ്ക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിയ്ക്കും.

**എൻസിഎ ഒഴിവുകളിലേക്ക് സംവരണ സമുദായങ്ങൾക്ക് നേരിട്ടുള്ള നിയമനം (ജില്ലാതലം)**

## കാറ്റഗറി നമ്പർ: 442/2015
## സ്റ്റാഫ് നഴ്സ് ഗ്രേഡ് II
## ആരോഗ്യം
### ഒന്നാം എൻ.സി.എ. വിജ്ഞാപനം

**1. വകുപ്പ്** : ആരോഗ്യം
**2. ഉദ്യോഗപ്പേര്** : സ്റ്റാഫ് നഴ്സ് ഗ്രേഡ് II
**3. ശമ്പളം** : ₹ 13900 – 24040/–
**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ
കണ്ണൂർ എസ്.ഐ.യു.സി നാടാർ 01 (ഒന്ന്)

(ii) ഈ വിജ്ഞാപനപ്രകാരം കണ്ണൂർ ജില്ലയിലേയ്ക്ക് ഒരു റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത ഒഴിവുകളിലേയ്ക്കും ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| കണ്ണൂർ | 22.10.2013 | 201/2010 |

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം. (എസ്.ഐ.യു.സി നാടാർ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**6. പ്രായം** :20–39. ഉദ്യോഗാർത്ഥികൾ 02.01.1976 നും 01.01.1995നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ). പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 (i) ഉൾപ്പെടെ.

**കുറിപ്പ്:**യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് 2 ലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക (ഖണ്ഡിക 2 (i) ഒഴികെ).

**7. യോഗ്യതകൾ** : 1. സയൻസ് വിഷയങ്ങളിൽ പ്ലസ് ടു/പ്രീഡിഗ്രി കോഴ്സ് ജയിച്ചിരിക്കണം അല്ലെങ്കിൽ സയൻസ് വിഷയങ്ങളിൽ വി.എച്ച്.എസ്.ഇ. ജയിച്ചിരിക്കണം അല്ലെങ്കിൽ ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും ഡൊമസ്റ്റിക് നഴ്സിംഗിൽ വി.എച്ച്.എസ്.ഇ അല്ലെങ്കിൽ തത്തുല്ല്യ യോഗ്യത.
2. ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും ബി.എസ്.സി. നഴ്സിംഗ് ജയിച്ചിരിക്കണം അല്ലെങ്കിൽ ഒരു ഗവൺമെന്റ് അംഗീകൃത സ്ഥാപനത്തിൽ നിന്ന് ജനറൽ നഴ്സിംഗിലും മിഡ് വൈഫറിയിലും മൂന്നുവർഷത്തിൽ കുറയാതെയുള്ള കോഴ്സ് ജയിച്ചിരിക്കണം.
3. കേരള നഴ്സസ് ആന്റ് മിഡ് വൈവ്സ് കൗൺസിലിൽ സ്ത്രീകൾ നഴ്സ് ആന്റ് മിഡ് വൈഫ് ആയും പുരുഷൻമാർ നേഴ്സ് ആയും രജിസ്റ്റർ ചെയ്തിരിക്കണം.

**കുറിപ്പ്:**KS & SSR Part II Rule 10 a (ii) ഈ തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന് ബാധകമാണ്.

## കാറ്റഗറി നമ്പർ: 443/2015 – 446/2015
## ഫുൾടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ അറബിക് (എൽ.പി.എസ്)
## വിദ്യാഭ്യാസം
### മൂന്നാം എൻ.സി.എ. വിജ്ഞാപനം

**1.വകുപ്പ്** : വിദ്യാഭ്യാസം
**2.ഉദ്യോഗപ്പേര്** : ഫുൾടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ അറബിക് (എൽ.പി.എസ്)
**3.ശമ്പളം** : ₹ 11,620 – 20,240/–
**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ

| കാറ്റഗറി നം. | സമുദായം | ജില്ലയും ഒഴിവുകളുടെ എണ്ണവും |
|---|---|---|
| 443/2015 | പട്ടികജാതി | തിരുവനന്തപുരം 10 (പത്ത്)<br>ആലപ്പുഴ 02 (രണ്ട്)<br>തൃശ്ശൂർ 03 (മൂന്ന്)<br>കാസറഗോഡ് 10 (പത്ത്) |
| 444/2015 | പട്ടിക വർഗ്ഗം | കാസറഗോഡ് 02 (രണ്ട്) |
| 445/2015 | മറ്റു ക്രിസ്ത്യാനികൾ | കോഴിക്കോട് 01 (ഒന്ന്) |
| 446/2015 | ധീവര | കോഴിക്കോട് 01 (ഒന്ന്) |

30.12.2010ലെ ഗസറ്റിൽ കാറ്റഗറി നമ്പർ 434/2010 ആയും 16.072012ലെ ഗസറ്റിൽ കാറ്റ: നം 409/2012 മുതൽ 416/2012 വരെ ആയും വിജ്ഞാപനം ചെയ്ത തസ്തികയുടെ പുന:വിജ്ഞാപനം.

(iii) ഈ വിജ്ഞാപനപ്രകാരം മേൽപ്പറഞ്ഞ ജില്ലകളിലേയ്ക്ക് പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേയ്ക്ക് ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്താൽ നികത്തപ്പെടാത്ത ഒഴിവുകളിലേയ്ക്ക് ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| തിരുവനന്തപുരം | 30.3.2010 | 117/2007 |
| ആലപ്പുഴ | 29.10.2009 | 117/2007 |
| തൃശ്ശൂർ | 22.03.2010 | 117/2007 |
| കോഴിക്കോട് | 28.04.2008 | 89/2005 |
| കാസറഗോഡ് | 01.12.2009 | 117/2007 |

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം (പട്ടികജാതി, പട്ടിക വർഗ്ഗം, ഒ.എക്സ്, ധീവര സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം. (പട്ടികജാതി സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ പട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെ പരിഗണിക്കുന്നതാണ്).

**6. പ്രായം** : 18–43. ഒ.എക്സ്, ധീവര സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ 02.01.1972നും 01.01.1997നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ).
[പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 (i) ഉൾപ്പെടെ].
18–43. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളും പ്രായപൂർത്തിയായശേഷം പട്ടികജാതിയിൽ നിന്നും ക്രിസ്തുമതത്തിലേയ്ക്ക് പരിവർത്തനം ചെയ്തിട്ടുള്ളവരോ അവരുടെ സന്താനങ്ങളോ ആയ ഉദ്യോഗാർത്ഥികളും 02.01.1970നും 01.01.1997നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ).
[പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 (i) ഉൾപ്പെടെ].

**കുറിപ്പ്** :വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പൊതുവ്യവസ്ഥകളിലെ അനുബന്ധം രണ്ടാം ഖണ്ഡിക നോക്കുക ഖണ്ഡിക 2(i) ഒഴികെ.

**7.യോഗ്യതകൾ** :കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ അറബി ഭാഷയിലുള്ള ബിരുദം.

അല്ലെങ്കിൽ

കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ പൗരസ്ത്യഭാഷ (അറബി) പഠനത്തിലുള്ള ഒരു ടൈറ്റിൽ.

അല്ലെങ്കിൽ

കോഴിക്കോട് സർവ്വകലാശാലയുടെ പാർട്ട് 3 അറബി (സ്പെഷ്യൽ ഓപ്ഷണൽ) ആയി നേടിയിട്ടുള്ള പ്രീഡിഗ്രി.

അല്ലെങ്കിൽ

കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന എസ്.എസ്.എൽ.സി പരീക്ഷ ഒന്നാം ഭാഷയായി (ഫസ്റ്റ് ലാംഗ്വേജ്) പാർട്ട് ഒന്നും രണ്ടും അറബിയെടുത്ത് പാസ്സായിരിക്കണം.

അല്ലെങ്കിൽ

എ) കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന എസ്.എസ്.എൽ.സി.യോ തത്തുല്യമായ പരീക്ഷയോ പാസ്സായിരിക്കണം. കൂടാതെ താഴെപ്പറയുന്ന ഏതെങ്കിലും ഒരു യോഗ്യത കൂടി ഉണ്ടായിരിക്കണം.

ബി) 1)കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന അറബി മുൻഷി (ഹയർ) പരീക്ഷ പാസ്സായിരിക്കണം.

2)കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന അറബി മുൻഷി (ലോവർ) പരീക്ഷ പാസ്സായിരിക്കണം.

3)കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന അറബി അദ്ധ്യാപക പരീക്ഷ പാസ്സായിരിക്കണം.

4)കേരളാ യൂണിവേഴ്സിറ്റിയോ കാലിക്കറ്റ് യൂണിവേഴ്സിറ്റിയോ നടത്തുന്ന അറബി പ്രവേശന പരീക്ഷ പാസ്സായിരിക്കണം.

**കുറിപ്പ്:** KS & SSR Part II Rule 10 (a) (ii) ഈ തസ്തികയ്ക്ക് ബാധകമായിരിക്കും

**പ്രായപരിധി, നിയമനം ഇവ സംബന്ധിച്ച പ്രത്യേക ആനുകൂല്യങ്ങൾക്ക് അനുബന്ധം II ൽ i, ii കാണുക.**

**കുറിപ്പ് :** താഴെ പൊതുവ്യവസ്ഥകളിൽ രണ്ടാം ഖണ്ഡികയിൽ പറയുന്നവ ആയ ഏതെങ്കിലും കാരണങ്ങളാൽ ഉയർന്ന പ്രായപരിധിയിൽനിന്നും ഒഴിവാക്കാൻ അവകാശപ്പെടുന്നവർ ആ വിവരം അപേക്ഷയുടെ നിശ്ചിത കോളത്തിൽ രേഖപ്പെടുത്തിയിരിക്കേണ്ടതും അല്ലാത്തപക്ഷം പ്രായപരിധി കഴിഞ്ഞു എന്ന കാരണത്താൽ അപേക്ഷ നിരസിക്കപ്പെടാൻ ഇടയുള്ളതുമാകുന്നു. യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 വയസ്സ് കവിയാൻ പാടില്ലാത്തതാകുന്നു. (പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 കാണുക).

## കാറ്റഗറി നമ്പർ: 447/2015
## ഫുൾടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) (എൽ.പി.എസ്)
## വിദ്യാഭ്യാസം
### രണ്ടാം എൻ.സി.എ. വിജ്ഞാപനം

1. **വകുപ്പ്** : വിദ്യാഭ്യാസം
2. **ഉദ്യോഗപ്പേര്** : ഫുൾടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) (എൽ.പി.എസ്)
3. **ശമ്പളം** : ₹ 11,620 – 20,240/–
4. **ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ

| കാറ്റഗറി നം. | സമുദായം | ജില്ലയും ഒഴിവുകളുടെ എണ്ണവും |
|---|---|---|
| | ഈഴവ | തിരുവനന്തപുരം 07(ഏഴ്) |

30.12.2010ലെ ഗസറ്റിൽ കാറ്റഗറി നമ്പർ 434/2010 ആയി വിജ്ഞാപനം ചെയ്ത തസ്തികയുടെ പുന:വിജ്ഞാപനം.

(iii) ഈ വിജ്ഞാപനപ്രകാരം തിരുവനന്തപുരം ജില്ലയിലേക്ക് ഒരു റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേയ്ക്ക് ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്താൽ നികത്തപ്പെടാത്ത ഒഴിവുകളിലേയ്ക്ക് ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| തിരുവനന്തപുരം | 30.3.2010 | 117/2007 |

5. **നിയമന രീതി** : നേരിട്ടുള്ള നിയമനം (ഈഴവ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം.
6. **പ്രായം** : 18–43.ഉദ്യോഗാർത്ഥികൾ 02.01.1972 നും 01.01.1997നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ).

[പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 (i) ഉൾപ്പെടെ].

**കുറിപ്പ്** : വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പൊതുവ്യവസ്ഥകളിലെ അനുബന്ധം രണ്ടാം ഖണ്ഡിക നോക്കുക ഖണ്ഡിക 2(i) ഒഴികെ.

7. **യോഗ്യതകൾ** : കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ അറബി ഭാഷയിലുള്ള ബിരുദം.

അല്ലെങ്കിൽ

കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ പൗരസ്ത്യഭാഷ (അറബി) പഠനത്തിലുള്ള ഒരു ടൈറ്റിൽ.

അല്ലെങ്കിൽ

കോഴിക്കോട് സർവ്വകലാശാലയുടെ പാർട്ട് 3 അറബി (സ്പെഷ്യൽ ഓപ്ഷണൽ) ആയി നേടിയിട്ടുള്ള പ്രീഡിഗ്രി.

അല്ലെങ്കിൽ

കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന എസ്.എസ്.എൽ.സി പരീക്ഷ ഒന്നാം ഭാഷയായി (ഫസ്റ്റ് ലാംഗ്വേജ്) പാർട്ട് ഒന്നും രണ്ടും അറബിയെടുത്ത് പാസ്സായിരിക്കണം.

അല്ലെങ്കിൽ

എ) കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന എസ്.എസ്.എൽ.സി.യോ തത്തുല്യമായ പരീക്ഷയോ പാസ്സായിരിക്കണം. കൂടാതെ താഴെപ്പറയുന്ന ഏതെങ്കിലും ഒരു യോഗ്യത കൂടി ഉണ്ടായിരിക്കണം.

ബി) 1) കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന അറബി മുൻഷി (ഹയർ) പരീക്ഷ പാസ്സായിരിക്കണം.

2) കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന അറബി മുൻഷി (ലോവർ) പരീക്ഷ പാസ്സായിരിക്കണം.

3) കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന അറബി അദ്ധ്യാപക പരീക്ഷ പാസ്സായിരിക്കണം.

4) കേരളാ യൂണിവേഴ്സിറ്റിയോ കാലിക്കറ്റ് യൂണിവേഴ്സിറ്റിയോ നടത്തുന്ന അറബി പ്രവേശനപരീക്ഷ പാസ്സായിരിക്കണം.

**കുറിപ്പ്:** KS & SSR Part II Rule 10 (a) (ii) ഈ തസ്തികയ്ക്ക് ബാധകമായിരിക്കും

**പ്രായപരിധി, നിയമനം ഇവ സംബന്ധിച്ച പ്രത്യേക ആനുകൂല്യങ്ങൾക്ക് അനുബന്ധം II ൽ i, ii കാണുക.**

**കുറിപ്പ് :** താഴെ പൊതുവ്യവസ്ഥകളിൽ രണ്ടാം ഖണ്ഡികയിൽ പറയുന്നവ ആയ ഏതെങ്കിലും കാരണങ്ങളാൽ ഉയർന്ന പ്രായപരിധിയിൽ നിന്നും ഒഴിവാക്കാൻ അവകാശപ്പെടുന്നവർ ആ വിവരം അപേക്ഷയുടെ നിശ്ചിത കോളത്തിൽ രേഖപ്പെടുത്തിയിരിക്കേണ്ടതും അല്ലാത്തപക്ഷം പ്രായപരിധി കഴിഞ്ഞു എന്ന കാരണത്താൽ അപേക്ഷ നിരസിക്കപ്പെടാൻ ഇടയുള്ളതുമാകുന്നു. യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 വയസ്സ് കവിയാൻ പാടില്ലാത്തതാകുന്നു. (പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 കാണുക).

## കാറ്റഗറി നമ്പർ: 448/2015
## ലോവർ ഡിവിഷൻ കമ്പയിലർ/ ഇൻവെസ്റ്റിഗേറ്റർ
## ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ്
### ഒന്നാം എൻ.സി.എ. വിജ്ഞാപനം

1. **വകുപ്പ്** : ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ്
2. **ഉദ്യോഗപ്പേര്** : ലോവർ ഡിവിഷൻ കമ്പയിലർ ഇൻവെസ്റ്റിഗേറ്റർ
3. **ശമ്പളം** : ₹ 10480 – 18300/–
4. **ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ

| കാറ്റഗറി നം. | സമുദായം | ജില്ലയും ഒഴിവുകളുടെ എണ്ണവും |
|---|---|---|
| | പട്ടികവർഗ്ഗം | കണ്ണൂർ 1 (ഒന്ന്) |

(iii) ഈ വിജ്ഞാപനപ്രകാരം മുകളിൽ ഒഴിവ് രേഖപ്പെടുത്തിയിരിക്കുന്ന കണ്ണൂർ ജില്ലയിലേക്ക് ഒരു റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്രകാരംതയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത ഒഴിവുകളിലേയ്ക്കും ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| കണ്ണൂർ | 24.11.2009 | 74/2007 |

5. **നിയമന രീതി** : നേരിട്ടുള്ള നിയമനം ( പട്ടിക വർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)
6. **പ്രായം** : 19–41. പട്ടിക വർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികൾ 02.01.1974 നും 01.01.1996 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) (പൊതു വ്യവസ്ഥകളിലെ ഖഢ്ണിക 2 (i) പ്രകാരമുള്ള ഇളവ് ഉൾപ്പെടെ)

**കുറിപ്പ്** : യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്)വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് 2 ലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക (ഖണ്ഡിക 2 (i) ഒഴികെ).

7. **യോഗ്യതകൾ** : കണക്കിന് 60% ത്തിൽ കുറയാത്ത മാർക്കോടുകൂടി എസ്.എസ്.എൽ.സി അഥവാ തത്തുല്യമായ പരീക്ഷ ജയിച്ചിരിക്കണം.

**അല്ലെങ്കിൽ**

കൽക്കട്ടയിലെ ഇൻഡ്യൻ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ എ.ബി.സി കമ്പ്യൂട്ടേഴ്സ് സർട്ടിഫിക്കറ്റ്.

**അല്ലെങ്കിൽ**

നാഷണൽ ഡിപ്ളോമ ഇൻ കോമേഴ്സ്

**കുറിപ്പ്:** 1) ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും മാത്തമാറ്റിക്സ്, ഇക്കണോമിക്സ്, സ്റ്റാറ്റിസ്റ്റിക്സ്, കോമേഴ്സ് എന്നീ വിഷയങ്ങളിൽ ഏതെങ്കിലും ഒന്നിൽ ബിരുദം നേടിയിട്ടുള്ളവർക്കും എസ്.എസ്.എൽ.സിയ്ക്ക് കണക്കിന് 60% ത്തിൽ കുറയാത്ത മാർക്ക് വേണമെന്നുള്ള വ്യവസ്ഥ ബാധകമല്ല.

2) എസ്.എസ്.എൽ.സി യോഗ്യത അവകാശപ്പെടുന്നവർ എസ്.എസ്.എൽ.സി യ്ക്ക് കണക്കിന് ലഭിച്ച മാർക്കിന്റെ ശതമാനവും എസ്.എസ്.എൽ.സിയ്ക്ക് കണക്കിന് 60% മാർക്ക് കരസ്തമാക്കിയിട്ടില്ലാത്തവരും ഇക്കണോമിക്സ്,മാത്തമാറ്റിക്സ്, കൊമേഴ്സ്,സ്റ്റാറ്റിസ്റ്റിക്സ് എന്നിവയിൽ ബിരുദം ഉള്ളവരുമായ അപേക്ഷകർ അപേക്ഷയിൽ യോഗ്യത രേഖപ്പെടുത്തുമ്പോൾ ബിരുദത്തിന് ശേഷം ബ്രാക്കറ്റിൽ ഏത് വിഷയത്തിലാണ് ബിരുദം നേടിയതെന്നുകൂടി സൂചിപ്പിക്കേണ്ടതാണ്.

**കുറിപ്പ്:** ഈ തസ്തികയ്ക്കുള്ള തെരഞ്ഞെടുപ്പിന് KS&SSR Part II Rule 10 a (ii) ബാധകമാണ്.

## കാറ്റഗറി നമ്പർ: 449/2015 – 452/2015
## ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II/ പൗൾട്രി അസിസ്റ്റന്റ്/മിൽക്ക് റെക്കോർഡർ/ സ്റ്റോർ കീപ്പർ/എന്യുമെറേറ്റർ
## മൃഗസംരക്ഷണം
### ഒന്നാം എൻ.സി.എ. വിജ്ഞാപനം

1. **വകുപ്പ്** : മൃഗസംരക്ഷണം
2. **ഉദ്യോഗപ്പേര്** : ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II/പൗൾട്രി അസിസ്റ്റന്റ്/ മിൽക്ക് റെക്കോർഡർ/സ്റ്റോർ കീപ്പർ/എന്യുമെറേറ്റർ
3. **ശമ്പള നിരക്ക്** : ₹10,480–18,300/ രൂപ
4. **ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ

| കാറ്റഗറി നം. | സമുദായം | ജില്ലയും ഒഴിവുകളുടെ എണ്ണവും |
|---|---|---|
| 449/2015 | എസ്.ഐ.യു.സി. നാടാർ | കൊല്ലം 2 ( രണ്ട് ) |
| 450/2015 | പട്ടിക വർഗ്ഗം (എസ്.ടി.) | മലപ്പുറം 1 ( ഒന്ന് ) |
| 451/2015 | ധീവര | തൃശ്ശൂർ 1 ( ഒന്ന് ) |
| 452/2015 | ഹിന്ദു നാടാർ | കൊല്ലം 1 ( ഒന്ന് ) |

**കുറിപ്പ്:** (i) മേൽപ്പറഞ്ഞ സംവരണ സമുദായങ്ങളിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്.

(ii) ഈ വിജ്ഞാപനപ്രകാരം മേൽ ജില്ലകളിൽ മേൽപ്പറഞ്ഞ സമുദായങ്ങൾക്കായി തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായങ്ങൾക്കായി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ആ സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത ഒഴിവുകളിലേയ്ക്കും ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്ത് നിയമനം നടത്തുന്നതു വരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| കൊല്ലം | 01.12.2010 | 135/08 |
| തൃശ്ശൂർ | 13.01.2011 | 135/08 |
| മലപ്പുറം | 29.12.2010 | 135/08 |

5. **നിയമന രീതി** : നേരിട്ടുള്ള നിയമനം (മേൽപ്പറഞ്ഞ സംവരണ സമുദായങ്ങളിൽപ്പെട്ട യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**കുറിപ്പ്:** കമ്മീഷൻ തിരഞ്ഞെടുക്കുന്ന ഉദ്യോഗാർത്ഥികൾ താൽക്കാലികമായി നിയമിക്കപ്പെടുന്നതും അവരെ സ്റ്റോക്ക്മാൻ ട്രെയിനിംഗ് കോഴ്സ്/ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ട്രെയിനിംഗ് കോഴ്സിന് പങ്കെടുപ്പിക്കുന്നതും വിജയകരമായി ട്രെയിനിംഗ് കോഴ്സ് പൂർത്തിയാക്കുന്നവരുടെ താൽക്കാലിക നിയമനം അവരുടെ ആദ്യ നിയമനം മുതൽ സ്വീകരിച്ച് പരിശീലനകാലം റഗുലർ സർവീസായി പരിഗണിക്കുന്നതുമാണ്. ആദ്യ പ്രാവശ്യം പരിശീലന കോഴ്സ് വിജയകരമായി പൂർത്തിയാക്കാത്തവർക്ക് കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നതിന് മൂ

ന്ന് അവസരങ്ങൾ കൂടി അനുവദിക്കുന്നതാണ്. നാലാമത്തെ പ്രാവശ്യവും ഉദ്യോഗാർത്ഥികൾ കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നതിൽ പരാജയപ്പെട്ടാൽ അവരുടെ താൽക്കാലിക നിയമനം റദ്ദുചെയ്യുന്നതും അവരെ സർവീസിൽ നിന്നും നീക്കം ചെയ്യുന്നതുമാണ്. ഉദ്യോഗാർത്ഥികൾക്ക് ട്രെയിനിംഗിന് ലഭിക്കുന്ന മാർക്കിന്റെ അടിസ്ഥാനത്തിൽ വീണ്ടും ഒരു റാങ്കിംഗ് ഉണ്ടായിരിക്കുന്നതല്ല.

തിരഞ്ഞെടുക്കുന്നപക്ഷം ട്രെയിനികൾ കുറഞ്ഞത് അഞ്ച് വർഷക്കാലമെങ്കിലും കേരള സർക്കാരിന്റെ കീഴിൽ സേവനമനുഷ്ഠിച്ചു കൊള്ളാമെന്ന ഒരു ഉടമ്പടി നിർദ്ദിഷ്ട ഫാറത്തിൽ എഴുതിവയ്ക്കേണ്ടതാണ്. ഈ സേവനകാലത്തിനിടയ്ക്കോ പരിശീലന സമയത്തോ പിരിഞ്ഞു പോകുന്ന ട്രെയിനികൾ സർക്കാർ നിശ്ചയിക്കുന്ന നഷ്ടപരിഹാരം സർക്കാരിൽ അടയ്ക്കാൻ ബാദ്ധ്യസ്ഥരായിരിക്കും.

ഓരോ ട്രെയിനിയും ശാരീരിക യോഗ്യത തെളിയിക്കുന്നതിന് ഗവൺമെന്റ് സർവ്വീസിൽ അസിസ്റ്റന്റ് സർജൻ റാങ്കിൽ കുറയാത്ത ഒരു മെഡിക്കൽ ആഫീസറിൽനിന്നും വാങ്ങിയ ഒരു സർട്ടിഫിക്കറ്റ് (അസ്സൽ) കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

**6. പ്രായം** : (i) എസ്.ഐ.യു.സി. നാടാർ, ധീവര, ഹിന്ദു നാടാർ വിഭാഗങ്ങൾക്ക്

18–39. ഉദ്യോഗാർത്ഥികൾ 02.01.1976 നും 01.01.1997 നും (രണ്ട് തീയതികളും ഉൾപ്പെടെ) ഇടയിൽ ജനിച്ചവരായിരിക്കണം. പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2(i) ഉൾപ്പെടെ.

(ii) പട്ടിക വർഗ്ഗ വിഭാഗത്തിന്

18–41. ഉദ്യോഗാർത്ഥികൾ 02.01.1974 നും 01.01.1997 നും (രണ്ട് തീയതികളും ഉൾപ്പെടെ) ഇടയിൽ ജനിച്ചവരായിരിക്കണം. പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2(i) ഉൾപ്പെടെ.

[ഉയർന്ന പ്രായപരിധി സംബന്ധിച്ച മറ്റ് വ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് II പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 കാണുക (ഖണ്ഡിക 2 (i) ഒഴികെ)]

**യോഗ്യത** : ലൈവ് സ്റ്റോക്ക് മാനേജ്മെന്റ് ഐച്ഛിക വിഷയമായെടുത്ത് വി.എച്ച്.എസ്.ഇ. കോഴ്സ് പാസ്സായിരിയ്ക്കണം.

**കുറിപ്പ്:** (1)ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് ടി തസ്തികയിലേക്ക് അപേക്ഷിക്കുവാൻ അർഹതയുണ്ടായിരിക്കുന്നതല്ല (2)കെ.എസ്.&എസ്.എസ്.ആർ. പാർട്ട് II റൂൾ 10 a (ii) ബാധകമാണ്.

## കാറ്റഗറി നമ്പർ: 453/2015 – 462/2015
## ഫാർമസിസ്റ്റ് ഗ്രേഡ് - II (ഹോമിയോ)
## ഹോമിയോപ്പതി

### ഒന്നാം എൻ.സി.എ. വിജ്ഞാപനം

1. **വകുപ്പ്** : ഹോമിയോപ്പതി
2. **ഉദ്യോഗപ്പേര്** : ഫാർമസിസ്റ്റ് ഗ്രേഡ് II (ഹോമിയോ)
3. **ശമ്പളം** : ₹ 10480 – 18300/–
4. **ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ

| കാറ്റഗറി നം. | സമുദായം | ജില്ലയും ഒഴിവുകളുടെ എണ്ണവും |
|---|---|---|
| 453/2015 | ഒ.ബി.സി | തിരുവനന്തപുരം 01 (ഒന്ന്) |
| 454/2015 | പട്ടികജാതി | ആലപ്പുഴ 02 (രണ്ട്)<br>കോട്ടയം 01 (ഒന്ന്)<br>തൃശ്ശൂർ01 (ഒന്ന്)<br>കാസർഗോഡ് 02 (രണ്ട്) |
| 455/2015 | മുസ്ലീം | ആലപ്പുഴ 02 (രണ്ട്)<br>എറണാകുളം 01 (ഒന്ന്)<br>തൃശ്ശൂർ 01 (ഒന്ന്)<br>പാലക്കാട് 01(ഒന്ന്)<br>കണ്ണൂർ 01 (ഒന്ന്)<br>കാസർഗോഡ് 01 (ഒന്ന്) |
| 456/2015 | ഈഴവ/ തിയ്യ/ബില്ലവ | ആലപ്പുഴ 02 (രണ്ട്)<br>തൃശ്ശൂർ 01 (ഒന്ന്)<br>മലപ്പുറം 01 (ഒന്ന്)<br>കണ്ണൂർ 02 (രണ്ട്) |
| 457/2015 | ഒ. എക്സ് | എറണാകുളം 01 (ഒന്ന്)<br>പാലക്കാട് 01 (ഒന്ന്)<br>കാസർഗോഡ് 01 (ഒന്ന്) |
| 458/2015 | SIUC നാടാർ | തൃശ്ശൂർ 01 (ഒന്ന്) |
| 459/2015 | പട്ടികവർഗ്ഗം | എറണാകുളം 01 (ഒന്ന്)<br>പാലക്കാട് 01 (ഒന്ന്)<br>മലപ്പുറം 01 (ഒന്ന്)<br>കണ്ണൂർ 01 (ഒന്ന്) |
| 460/2015 | ധീവര | പാലക്കാട് 01 (ഒന്ന്)<br>കാസർഗോഡ് 01 (ഒന്ന്) |
| 461/2015 | LC/AI | മലപ്പുറം 01 (ഒന്ന്) |
| 462/2015 | ഹിന്ദു നാടാർ | മലപ്പുറം 01 (ഒന്ന്)<br>കണ്ണൂർ 01 (ഒന്ന്) |

(iii) ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റുകൾ ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതികളിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റുകളുടെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത ഒഴിവുകളിലേയ്ക്കും ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| തിരുവനന്തപുരം | 07.03.2013 | 271/11 |
| ആലപ്പുഴ | 23.10.2014 | 462/12 |
| കോട്ടയം | 15.03.2013 | 271/11 |
| എറണാകുളം | 05.03.2013 | 271/11 |
| തൃശ്ശൂർ | 11.09.2014 | 462/12 |
| പാലക്കാട് | 18.09.2014 | 462/12 |
| മലപ്പുറം | 29.08.2014 | 462/12 |
| കണ്ണൂർ | 17.11.2014 | 462/12 |
| കാസർഗോഡ് | 08.01.2015 | 462/12 |

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം (ഈഴവ, പട്ടികജാതി, പട്ടികവർഗ്ഗം, മുസ്ലീം, LC/AI, ഒബിസി, SIUC നാടാർ, ഒഎക്സ്, ധീവര, ഹിന്ദു നാടാർ സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**6. പ്രായം** 1) ഈഴവ, മുസ്ലീം, LC/AI, ഒബിസി, SIUC നാടാർ, ധീവര, ഹിന്ദു നാടാർ

18–39. ഉദ്യോഗാർത്ഥികൾ 02.01.1976നും 01.01.1997നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ).

[പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 (i)പ്രകാരമുള്ള ഇളവ് ഉൾപ്പെടെ.]

2) പട്ടികജാതി, പട്ടികവർഗ്ഗം, ഒഎക്സ്

18–41. ഉദ്യോഗാർത്ഥികൾ 02.01.1974നും 01.01.1997നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ). ഒ.എക്സ് വിഭാഗത്തിലുള്ള ഉദ്യോഗാർത്ഥികൾ പ്രായപൂർത്തിയായതിനുശേഷം പട്ടികജാതിയിൽനിന്നും ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്തിട്ടുള്ളവരോ അവരുടെ സന്താനങ്ങളോ ആയ ഉദ്യോഗാർത്ഥികൾ ആയിരിക്കണം.

[പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 (i)പ്രകാരമുള്ള ഇളവ് ഉൾപ്പെടെ.]

**കുറിപ്പ്** :യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത് )വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് 2 ലെ പൊതു വ്യവസ്ഥകളിലെ (ഖണ്ഡിക 2) നോക്കുക (ഖണ്ഡിക 2 (i) ഒഴികെ).

**7. യോഗ്യതകൾ** : (i) എസ്.എസ്.എൽ.സി ജയിച്ചിരിക്കണം അഥവാ തത്തുല്യമായ യോഗ്യത.

(ii) കേരള ഗവൺമെന്റ് നടത്തുന്ന നേഴ്സ് കം ഫാർമസിസ്റ്റ് ട്രെയിനിംഗ് കോഴ്സ് (ഹോമിയോപ്പതി) വിജയകരമായി പൂർത്തിയാക്കിയതിനുശേഷം ലഭിച്ച സർട്ടിഫിക്കറ്റ് അഥവാ തത്തുല്യമായ യോഗ്യത.

**കുറിപ്പ്:** ഈ തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിന് KS&SSR Part II Rule 10 (a) (ii) ബാധകമാണ്.

## കാറ്റഗറി നമ്പർ: 463/2015
## ഫാർമസിസ്റ്റ് ഗ്രേഡ് - II (ഹോമിയോ)
## ഹോമിയോപ്പതി

### അഞ്ചാം എൻ.സി.എ. വിജ്ഞാപനം

1. **വകുപ്പ്** : ഹോമിയോപ്പതി
2. **ഉദ്യോഗപ്പേര്** : ഫാർമസിസ്റ്റ് ഗ്രേഡ് II (ഹോമിയോ)
3. **ശമ്പളം** : ₹ 10480 – 18300/–
4. **ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ

| കാറ്റഗറി നം. | സമുദായം | ജില്ലയും ഒഴിവുകളുടെ എണ്ണവും |
|---|---|---|
| 463/2015 | ലാറ്റിൻ കാത്തലിക് | പാലക്കാട് 1 (ഒന്ന്)<br>കണ്ണൂർ 1 (ഒന്ന്)<br>എറണാകുളം 2 (രണ്ട്)<br>ആലപ്പുഴ 1 (ഒന്ന്) |

(iii)ഈ വിജ്ഞാപനപ്രകാരം മേൽ പ്രസ്താവിച്ച ജില്ലകളിലേക്ക് പ്രത്യേകം റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നതാണ് . ഇപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റുകൾ ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതികളിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റുകളുടെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ആ സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത ഒഴിവുകളിലേയ്ക്കും ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| പാലക്കാട് | 28.12.2007 | 132/06 |
| കണ്ണൂർ | 31.12.2007 | 132/06 |
| എറണാകുളം | 29.01.2008 | 132/06 |
| ആലപ്പുഴ | 19.12.2007 | 132/06 |

(iv) കാറ്റഗറി നമ്പർ 160/09 പ്രകാരമുള്ള ഒന്നാം എൻ.സി.എ വിജ്ഞാപനത്തിനുശേഷവും കാറ്റഗറി നമ്പർ 166/11പ്രകാരമുള്ള രണ്ടാം എൻ.സി.എ വിജ്ഞാപനത്തിനുശേഷവും കാറ്റഗറി നമ്പർ 743/12 പ്രകാരമുള്ള മൂന്നാം എൻ.സി.എ വിജ്ഞാപനത്തിനുശേഷവും കാറ്റഗറി നമ്പർ 53/14 പ്രകാരമുള്ള നാലാം എൻ.സി.എ വിജ്ഞാപനത്തിനുശേഷവും അതാത് സംവരണ സമുദായങ്ങളിൽ നിന്നുമുള്ള യോഗ്യരായ ഉദ്യോഗാർത്ഥികൾ ലഭ്യമല്ലാതിരുന്നതിനാലാണ് അഞ്ചാം എൻ.സി.എ വിജ്ഞാപനം പുറപ്പെടുവിക്കുന്നത്.

**5. നിയമന രീതി:** നേരിട്ടുള്ള നിയമനം (ലാറ്റിൻ കാത്തലിക് സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**6. പ്രായം** : 18–39, ഉദ്യോഗാർത്ഥികൾ 02.01.1976നും 01.01.1997 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ)

[പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 (i)ഉൾപ്പെടെ.]

**കുറിപ്പ്** : യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് 2 ലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക. (ഖണ്ഡിക 2 (i) ഒഴികെ)

**7. യോഗ്യതകൾ** : (i) എസ്.എസ്.എൽ.സി ജയിച്ചിരിക്കണം അഥവാ തത്തുല്യമായ യോഗ്യത.

(ii) കേരള ഗവൺമെന്റ് നടത്തുന്ന നേഴ്സ് കംഫാർമസിസ്റ്റ് ട്രെയിനിംഗ് കോഴ്സ് (ഹോമിയോപ്പതി) വിജയകരമായി പൂർത്തിയാക്കിയതിനുശേഷം ലഭിച്ച സർട്ടിഫിക്കറ്റ് അഥവാ തത്തുല്യമായ യോഗ്യത.

**കുറിപ്പ്:** KS & SSR Part II Rule 10 a (ii) ബാധകമാണ്.

## കാറ്റഗറി നമ്പർ: 464/2015 – 465/2015
## ഫാർമസിസ്റ്റ് ഗ്രേഡ് II (ആയുർവേദം)
## ഇൻഡ്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ/ ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ്/ ആയുർവേദ കോളേജുകൾ

### മൂന്നാം എൻ.സി.എ. വിജ്ഞാപനം

1. **വകുപ്പ്** : ഇൻഡ്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ/ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ്/ ആയുർവേദ കോളേജുകൾ
2. **ഉദ്യോഗപ്പേര്** : ഫാർമസിസ്റ്റ് ഗ്രേഡ് II (ആയുർവേദം)
3. **ശമ്പളം** : ₹ 10480 – 18300/–
4. **ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ

| കാറ്റഗറി നം. | സമുദായം | ജില്ലയും ഒഴിവുകളുടെ എണ്ണവും |
|---|---|---|
| 464/2015 | ധീവര | പാലക്കാട് 01 (ഒന്ന്) |
| 465/2015 | ഒ. എക്സ് | തൃശ്ശൂർ 01 (ഒന്ന്)<br>എറണാകുളം 01 (ഒന്ന്)<br>പാലക്കാട് 01 (ഒന്ന്) |

(iii) ഈ വിജ്ഞാപനപ്രകാരം മുകളിൽ ഒഴിവുകൾ രേഖപ്പെടുത്തിയിരിക്കുന്ന ജില്ലകളിലേക്ക് പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്രകാരംതയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതികളിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റുകളുടെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ആ സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത ഒഴിവുകളിലേയ്ക്കും ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| പാലക്കാട് | 24.06.2010 | 391/2008 |
| തൃശ്ശൂർ | 23.07.2010 | 391/2008 |
| എറണാകുളം | 03.05.2010 | 391/2008 |

(iv) കാറ്റഗറി നമ്പർ 255/2011 (പാലക്കാട് ധീവര), 263/2011 (തൃശ്ശൂർ, പാലക്കാട്, ഒ.എക്സ്), 530/2011 (എറണാകുളം ഒ.എക്സ്) പ്രകാരമുള്ള ഒന്നാം എൻ.സി.എ വിജ്ഞാപനത്തിന് ശേഷവും കാറ്റഗറി നമ്പർ 282/2013 (പാലക്കാട് ധീവര), 283/2013 (എറണാകുളം, തൃശ്ശൂർ, പാലക്കാട് ഒ.എക്സ്) പ്രകാരമുള്ള രണ്ടാം എൻ.സി.എ വിജ്ഞാപനത്തിന് ശേഷവും മുകളിൽ സൂചിപ്പിച്ചിരിക്കുന്ന സംവരണ സമുദായങ്ങളിൽ നിന്നുള്ള യോഗ്യരായ ഉദ്യോഗാത്ഥികൾ ലഭ്യമല്ലാതിരുന്നതിനാലാണ് മൂന്നാം എൻ.സി.എ വിജ്ഞാപനം പുറപ്പെടുവിക്കുന്നത്)

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം (ധീവര, ഒ.എക്സ് എന്നീ സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**6. പ്രായം** 1 ഐ.എം.എസ്/ഐ.എസ്.എം.

i) ധീവര: 18–39 ഉദ്യോഗാർത്ഥികൾ 02.01.1976നും 01.01.1997നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ)

[പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 (i) പ്രകാരമുള്ള ഇളവ് ഉൾപ്പടെ]

ii) ഒ.എക്സ് : 18–41. പ്രായപൂർത്തി ആയതിനുശേഷം പട്ടിക

ജാതിയിൽനിന്നും ക്രിസ്തുമതത്തിലേയ്ക്ക് പരിവർത്തനം ചെയ്തിട്ടുള്ളവരോ അവരുടെ സന്താനങ്ങളോ ആയ ഉദ്യോഗാർത്ഥികൾ 02.01.1974നും 01.01.1997നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ)
[പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 (i) പ്രകാരമുള്ള ഇളവ് ഉൾപ്പടെ]

2 ആയുർവേദ കോളേജുകൾ

ധീവര: 19–39. ഉദ്യോഗാർത്ഥികൾ 02.01.1976നും 01.01.1996നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ)
[പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 (i) പ്രകാരമുള്ള ഇളവ് ഉൾപ്പടെ]

ഒ.എക്സ് : 19–41. പ്രായപൂർത്തി ആയതിനുശേഷം പട്ടിക ജാതിയിൽ നിന്നും ക്രിസ്തുമതത്തിലേയ്ക്ക് പരിവർത്തനം ചെയ്തിട്ടുള്ളവരോ അവരുടെ സന്താനങ്ങളോ ആയ ഉദ്യോഗാർത്ഥികൾ 02.01.1974നും 01.01.1996നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ)
[പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 (i) പ്രകാരമുള്ള ഇളവ് ഉൾപ്പടെ]

**കുറിപ്പ് :** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്)വ യസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് 2ലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക (ഖണ്ഡിക 2 (i) ഒഴികെ).

**7. യോഗ്യതകൾ**: ഐ.എസ്.എം/ആയുർവേദ കോളേജുകൾ
(i) എസ്.എസ്.എൽ.സി അല്ലെങ്കിൽ തത്തുല്യമായ യോഗ്യത ഉണ്ടായിരിക്കണം.
(ii) കേരള ഗവൺമെന്റ് അംഗീകരിച്ച ആയുർവേദ ഫാർമസിസ്റ്റ് കോഴ്സ് സർട്ടിഫിക്കറ്റ്/ഡിപ്ലോമ.
ഐ.എം.എസ് വകുപ്പ്
ഗവൺമെന്റ് അംഗീകൃത ആയുർവേദ ഫാർമസിസ്റ്റ് കോഴ്സ് സർട്ടിഫിക്കറ്റ് ലഭിച്ചിരിക്കണം.

**കുറിപ്പ്:** ഈ തസ്തികയ്ക്കുള്ള തെരഞ്ഞെടുപ്പിന് KS&SSR Part II Rule 10 a (ii) ബാധകമാണ്.

## കാറ്റഗറി നമ്പർ: 466/2015 – 471/2015
## പാർട്ട് ടൈം ഹൈസ് ക്കൂൾ അസിസ്റ്റന്റ് (അറബിക്)
## വിദ്യാഭ്യാസം

### ഒന്നാം എൻ.സി.എ. വിജ്ഞാപനം

**1. വകുപ്പ്** : വിദ്യാഭ്യാസം
**2. ഉദ്യോഗപ്പേര്** : പാർട്ട് ടൈം ഹൈസ്ക്കൂൾ അസിസ്റ്റന്റ് (അറബിക്)
**3. ശമ്പളം** : ₹ 9,940 – 16,580/–
**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ

| കാറ്റഗറി നം. | സമുദായം | ജില്ലയും ഒഴിവുകളുടെ എണ്ണവും |
|---|---|---|
| 466/2015 | ഈഴവ/ബില്ലവ/തിയ്യ<br>ഈഴവ/ബില്ലവ/തിയ്യ<br>ഈഴവ/ബില്ലവ/തിയ്യ<br>ഈഴവ/ബില്ലവ/തിയ്യ | കൊല്ലം 1 (ഒന്ന്)<br>വയനാട് 1 (ഒന്ന്)<br>കണ്ണൂർ 2 (രണ്ട്)<br>എറണാകുളം 1 (ഒന്ന്) |
| 467/2015 | എൽ.സി/എ.ഐ | കൊല്ലം 1 (ഒന്ന്) |
| 468/2015 | ഒ.ബി.സി<br>ഒ.ബി.സി | കൊല്ലം 1 (ഒന്ന്)<br>കണ്ണൂർ 1 (ഒന്ന്) |
| 469/2015 | പട്ടികജാതി | കണ്ണൂർ 2 (രണ്ട്) |
| 470/2015 | മറ്റ് ക്രിസ്ത്യാനികൾ | കണ്ണൂർ 1 (ഒന്ന്) |
| 471/2015 | ധീവര | കണ്ണൂർ 1 (ഒന്ന്) |

(iii) ഈ വിജ്ഞാപനപ്രകാരം കൊല്ലം, വയനാട്, കണ്ണൂർ, എറണാകുളം ജില്ലകളിലേക്ക് ഓരോ വിഭാഗത്തിനും പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത ഒഴിവുകളിലേയ്ക്കും ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| കൊല്ലം | 27.9.2013 | 340/09 |
| വയനാട് | 27.1.2014 | 340/09 |
| കണ്ണൂർ | 27.9.2013 | 340/09 |
| | 31.08.2005 (ഒ.ബി.സി) | 46/03 |
| എറണാകുളം | 12.02.2014 | 340/09 |

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം (ഈഴവ/ബില്ലവ/തിയ്യ,ഒ.ബി.സി, പട്ടിക ജാതി, മറ്റ് ക്രിസ്ത്യാനികൾ, എൽ.സി/എ.ഐ, ധീവര സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം). പട്ടികജാതി വിഭാഗത്തിലുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ പട്ടികവർഗ്ഗ വിഭാഗക്കാരെ പരിഗണിക്കുന്നതാണ്.

**6. പ്രായം** 1. 18–43. ഈഴവ/ബില്ലവ/തിയ്യ, ഒ.ബി.സി, എൽ.സി/എ.ഐ, ഒ.എക്സ്, ധീവര ഉദ്യോഗാർത്ഥികൾ 02.01.1972നും 01.01.1997നും ഇടയിൽ ജനിച്ചവരായിരിക്കണം.(രണ്ടു തീയതികളും ഉൾപ്പെടെ) പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 (i) ഉൾപ്പെടെ.

2. 18–45. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരും പ്രായപൂർത്തിയായതിനുശേഷം പട്ടികജാതിയിൽനിന്നും കൃസ്തുമതത്തിലേക്ക്, പരിവർത്തനം ചെയ്തിട്ടുള്ളവരോ അവരുടെ സന്താനങ്ങളോ ആയ OX വിഭാഗക്കാരായ ഉദ്യോഗാർത്ഥികളും 02.01.

# അനുബന്ധം 1

## സർവ്വീസ് സർട്ടിഫിക്കറ്റ്

1 ഉദ്യോഗാർത്ഥിയുടെ പേര് :
2 ഉദ്യോഗപ്പേര്, ശമ്പളനിരക്ക്
(ഇപ്പോൾ ജോലി ചെയ്യുന്ന തസ്തികയുടെ പേരും, ശമ്പളവും ഓരോ തസ്തികയിലും സ്ഥിരമായി ജോലി നോക്കിയിട്ടുള്ള കാലയളവും :
3 ടിയാൻ ജോലി ചെയ്യുന്ന സഹകരണ സംഘത്തിന്റെ പേരും സഹകരണ സംഘം ........................ ജില്ലാ സഹകരണ ബാങ്കിൽ അഫിലിയേറ്റു ചെയ്ത തീയതിയും :
4 ടി സംഘത്തിൽ സ്ഥിരസേവനം ആരംഭിച്ച തീയതിയും ഉദ്യോഗാർത്ഥി ഇപ്പോൾ ജോലി ചെയ്യുന്ന തസ്തികയും :

മേൽപ്പറഞ്ഞ മെമ്പർ സൊസൈറ്റി/പ്രൈമറി സഹകരണ സംഘത്തിലെ സ്ഥിരം ജീവനക്കാരനായ ശ്രീ/ശ്രീമതി .......................... യെ സംബന്ധിച്ചുള്ള വിവരങ്ങൾ ടി ഉദ്യോഗാർത്ഥി യുടെ സർവ്വീസ് സംബന്ധമായ വിവരങ്ങളുമായി ഒത്തുനോക്കിയതിൽ ആയവ സത്യമാണെന്ന് എനിക്ക് ബോദ്ധ്യമായിട്ടുള്ളതായി ഞാൻ സക്ഷ്യപ്പെടുത്തുന്നു.

ഒപ്പും പേരും
അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)
സ്ഥലം: താലൂക്ക്, സഹകരണ വകുപ്പ്
തീയതി : (ആഫീസ് മുദ്ര)

മെമ്പർ സൊസൈറ്റികളിൽ/പ്രാഥമിക സഹകരണ സംഘങ്ങളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർ തങ്ങൾ ജോലി ചെയ്യുന്ന സംഘം അംഗമായിട്ടുള്ളതും അഫിലിയേറ്റ് ചെയ്തിട്ടുള്ളതുമായ ബന്ധപ്പെട്ട ജില്ലാ സഹകരണ ബാങ്കിലേക്ക് അപേക്ഷിക്കുമ്പോൾ അപേക്ഷ കേരള പബ്ലിക് സർവീസ് കമ്മീഷന് സമർപ്പിക്കുന്നതിനുമുമ്പായി നിയമനാധികാരിയിൽ നിന്ന് താഴെ കൊടുത്തിട്ടുള്ള മാതൃകയിൽ ഒരു രസീതോ രസീതിന്റെ അഭാവത്തിൽ ഒരു സർട്ടിപഫിക്കറ്റോ വാങ്ങിയിരിക്കേണ്ടതും ആയവ കമ്മിഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്.

# അനുബന്ധം 2

## പ്രത്യേക ഇളവുകൾ

1) കേരള സർക്കാർ നടത്തുന്ന കോളേജ് ലക്ചറർ തസ്തിക നിയമനത്തിന് ഏർപ്പെടുത്തിയിട്ടുള്ള സംസ്ഥാന തല എലിജിബിലിറ്റി ടെസ്റ്റ് ജയിച്ച ഉദ്യോഗാർത്ഥികളെ ഹയർസെക്കന്ററി സ്കൂൾ അദ്ധ്യാപക നിയമനത്തിന് നിഷ്കർഷിച്ചിരിക്കുന്ന സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (സെറ്റ്) ജയിച്ചിരിക്കണം എന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

2) നാഷണൽ എലിജിബിലിറ്റി പരീക്ഷയോ ജൂനിയർ റിസർച്ച് ഫെല്ലോഷിപ്പോ ജയിച്ച ഉദ്യോഗാർത്ഥികളെ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് വിജയിച്ചിരിക്കണം എന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

3) പി.എച്ച്.ഡി./എം.എഡ്/ കേരളത്തിലെ ഏതെങ്കിലും അംഗീകൃത സർവ്വകലാശാലയിൽനിന്നും ബന്ധപ്പെട്ട വിഷയത്തിൽ നേടിയ എം.ഫിൽ. അല്ലെങ്കിൽ തത്തുല്യ യോഗ്യത നേടിയ ഉദ്യോഗാർത്ഥികളെ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് ജയിക്കണം എന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

4) പൊതു വിദ്യാഭ്യാസ വകുപ്പിൽ ഹൈസ്കൂൾ തലത്തിൽ പത്ത് വർഷത്തെ അംഗീകൃത അദ്ധ്യാപന പരിചയം പൂർത്തിയാക്കിയ അദ്ധ്യാപകരെ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് പാസാകണം എന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

# അനുബന്ധം 3

**8 പ്രായപരിധി, നിയമനം ഇവ സംബന്ധിച്ച പ്രത്യേക ആനുകൂല്യങ്ങൾ :**

(i) നിശ്ചിത യോഗ്യതയുള്ള ജവാന്മാരുടെ ഭാര്യമാർക്ക് ഉദ്യോഗ നിയമനക്കാര്യത്തിൽ സാമുദായിക സംവരണ നിയമങ്ങൾക്ക് വിധേയമായി 12.02.1970ലെ ഗവണ്മെന്റ് ഓർഡർ (എം.എസ്) നമ്പർ 50/70/പി.ഡി., 21/01/1978ലെ ജി.ഒ. (എം.എസ്) നമ്പർ 9/78/ജി.എഡ്യൂ എന്നിവ അനുസരിച്ച് മുന്ഗടണന നല്കു/ന്നതാണ്. അങ്ങനെയുള്ളവർ ഭർത്താവിന്റെ പേര്, മിലിട്ടറി റാങ്ക്, മിലിട്ടറി അഡ്രസ് മുതലായ സൈനിക സേവന വിവരങ്ങൾ ഉൾപ്പെടുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട കമാന്റിംഗ് ആഫീസറുടെ പക്കൽ നിന്നും നേടിയത് കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. സേവനരംഗത്തുള്ള പട്ടാളക്കാരെയും ബേസ് എസ്റ്റാബ്ലിഷ്മെന്റിൽ പ്രവർത്തിക്കുന്നവരെയുമാണ് ജവാന്മാരുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. [ജി.ഒ. (എം.എസ്) നമ്പർ 509/64/എഡ്യൂ തീയതി 19.09.1964, ജി.ഒ. (എം.എസ്) നമ്പർ 614/65/എഡ്യൂ. തീയതി 09.11.1965, ജി.ഒ. (എം.എസ്) നമ്പർ 243/66/എഡ്യൂ. തീയതി 27.05.1966] ഈ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾ താങ്കൾക്ക് ഏതെങ്കിലും രീതിയിലുള്ള മുൻഗണന ലഭിക്കുവാൻ അർഹതയുണ്ടോ എന്നതിൽ ഉണ്ട് എന്ന് തെരഞ്ഞെടുക്കുകയും മുൻഗണന സംബന്ധിച്ച വിശദാംശങ്ങൾ തുടർന്ന് രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

(ii) സംസ്ഥാനത്തെ ഡിപ്പാർട്ടുമെന്റൽ ഹൈസ്കൂളിൽ കുറഞ്ഞപക്ഷം അഞ്ചുവർഷം സർവീസുള്ള ലാബറട്ടറി അറ്റൻഡർമാരെ അവർക്ക് നിശ്ചിതയോഗ്യതയുള്ള പക്ഷം പ്രായപരിധിയിൽ നിന്നും ഒഴിവാക്കാവുന്നതാണ്. അവർ സർവീസിൽ പ്രവേശിച്ച തീയതിയും മൊത്തം സേവനക്കാലവും കാണിക്കുന്ന ഒരു സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട ഹെഡ് മാസ്റ്ററിൽ നിന്നും വാങ്ങി കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്. സർവീസ് ആനുകൂല്യം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സാമുദായിക സംവരണാനുകൂല്യം ലഭിക്കുന്നതല്ല. (ജി.ഒ.(എം.സ്) നം 315/62 എഡ്യു. തീയതി 14.05.62)

(iii) ഫസ്റ്റ് ക്ലാസ് സ്കൗട്ട്സിലും ഗൈഡ്സിലുംപെട്ടവർക്ക് നിയമനക്കാര്യത്തിൽ മുൻഗണന നൽകുന്നതാണ്. (ജി.ഒ. (എം.എസ്) നമ്പർ 122/75/ജനറൽ എഡ്യൂക്കേഷൻ തീയതി 27.05.1975). ഈ മുൻഗണന 12.02.1970 ലെ ജി.ഒ (എം.എസ്) 50/70/PD യിലെ നിബന്ധനകൾക്ക് വിധേയമായിരിക്കും.

(iv) ഗവണ്മെനന്റ് നഴ്സറി/പ്രൈമറി സ്കൂളുകളിലെ നിശ്ചിത യോഗ്യതയുള്ള ബിരുദധാരികളായ അദ്ധ്യാപകർക്ക് ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. അങ്ങനെയുള്ളവർ ബന്ധപ്പെട്ട അധികാരിയിൽ നിന്നും ലഭിച്ച സർട്ടി ഫിക്കറ്റുകൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്. [ജി.ഒ. (എം.എസ്) നമ്പർ 185/70/ എഡ്യു. തീയതി 18.04.1970, ജി.ഒ. (എം.എസ്) നമ്പർ 466/ 70/എഡ്യൂ തീയതി 11.11.1970].

1970നും 01.01.1997നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 (1) ഉൾപ്പെടെ.

**നോട്ട്:** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻപാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് 2 പൊതുവ്യവസ്ഥകൾ അനുബന്ധം രണ്ടാം ഖണ്ഡിക നോക്കുക. (ഖണ്ഡിക 2(1) ഒഴികെ).

**7. യോഗ്യതകൾ** : (1) അറബിഭാഷയിലുള്ള ബിരുദമോ പാർട്ട് മൂന്നിൽ പാറ്റേൺ രണ്ടിലെ ഐച്ഛികവിഷയങ്ങളിൽ അറബി ഒരു വിഷയമായെടുത്ത് നേടിയ ബിരുദമോ ഉണ്ടായിരിക്കണം. പ്രസ്തുത ബിരുദം കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചതോ ആയിരിക്കണം. കൂടാതെ കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ ബി.എഡ്/ബി.റ്റി/എൽ.റ്റി ഉണ്ടായിരിക്കണം.

അല്ലെങ്കിൽ

കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ പൗരസ്ത്യഭാഷ (അറബി) പഠനത്തിലുള്ള ടൈറ്റിലും കേരളത്തിലെ പരീക്ഷാ കമ്മീഷണർ നൽകിയ ഭാഷാദ്ധ്യാപക പരിശീലന സർട്ടിഫിക്കറ്റും ഉണ്ടായിരിക്കണം.

**കുറിപ്പ്:** (i) അറബി ഭാഷയിൽ ബിരുദാനന്തര ബിരുദം നേടിയിട്ടുള്ളവർക്കും ബി.എഡ്/ബി.റ്റി/ എൽ.റ്റി യോഗ്യതയുള്ളപക്ഷം ഈ തസ്തികയ്ക്ക് അപേക്ഷിക്കാവുന്നതാണ്.

(ii) ബി.എഡ് ബന്ധപ്പെട്ട ഭാഷയിൽ ആയിരിക്കണം.

NB: ഈ തസ്തികയിലേയുള്ള തെരഞ്ഞെടുപ്പിന് KS & SSR Part II Rule 10 (a) ii ബാധകമാണ്.

**പ്രായപരിധി, നിയമനം ഇവ സംബന്ധിച്ച പ്രത്യേക ആനുകൂല്യങ്ങൾക്ക് അനുബന്ധം II ൽ i, ii, iii കാണുക.**

**കുറിപ്പ്:**മേൽപ്പറഞ്ഞതോ താഴെ പൊതുവ്യവസ്ഥകളിൽ രണ്ടാം ഖണ്ഡികയിൽ പറയുന്നവയോ ആയ ഏതെങ്കിലും കാരണങ്ങളാൽ ഉയർന്ന പ്രായപരിധിയിൽ നിന്നും ഒഴിവാക്കാൻ അവകാശപ്പെടുന്നവർ ആ വിവരം അപേക്ഷയുടെ നിശ്ചിത കോളത്തിൽ രേഖപ്പെടുത്തിയിരിക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രായപരിധി കഴിഞ്ഞു എന്ന കാരണത്താൽ അപേക്ഷ നിരസിക്കപ്പെടാൻ ഇടയുള്ളതാണ്.

## കാറ്റഗറി നമ്പർ: 472/2015 – 475/2015
## ക്ലാർക്ക് / കാഷ്യർ
## ജില്ലാ സഹകരണ ബാങ്ക്
### പാർട്ട് 2 രണ്ടാം എൻ സി എ വിജ്ഞാപനം

**1. സ്ഥാപനം** : ജില്ലാ സഹകരണ ബാങ്ക്
**2. ഉദ്യോഗപ്പേര്** : ക്ലാർക്ക് / കാഷ്യർ
**3 ശമ്പളം** : ₹ 9,075 – 21,800/ –
**4 ഒഴിവുകളുടെ എണ്ണം** : ജാതി അടിസ്ഥാനത്തിൽ

| കാറ്റഗറി നം. | സമുദായം | ജില്ലയും ഒഴിവുകളുടെ എണ്ണവും |
|---|---|---|
| 1 472/2015 | എസ്.സി | എറണാകുളം 1 |
| 2 473/2015 | ഹിന്ദു നാടാർ | കോട്ടയം 1 |
| 3 474/2015 | എസ്.ഐ.യു.സി നാടാർ<br>എസ്.ഐ.യു.സി നാടാർ | വയനാട് 1<br>കൊല്ലം 1 |
| 4 475/2015 | എൽ.സി/എ.ഐ | വയനാട് 1 |

പട്ടികജാതിയിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ പട്ടികവർഗ്ഗക്കാരായ ഉദ്യോഗാർത്ഥികളെ പരിഗണിക്കുന്നതാണ്. ഈ വിജ്ഞാപനപ്രകാരം ഓരോ ജില്ലയിലേക്കും പ്രത്യേകം റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റുകൾ ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതികളിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റുകളുടെ കാലയളവിൽ സംവരണ സമുദായങ്ങളുടെ അഭാവത്തിൽ ഉണ്ടായിട്ടുള്ള/ഉണ്ടാകാവുന്ന ഒഴിവുകളിലേയ്ക്ക് ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| എറണാകുളം | 31.12.2009 | 21/2006 |
| വയനാട് | 31.12.2009 | 21/2006 |
| കൊല്ലം | 28.01.2010 | 21/2006 |
| കോട്ടയം | 31.12.2009 | 21/2006 |

**5) നിയമനരീതി** : മുകളിൽ ഒഴിവുകൾ രേഖപ്പെടുത്തിയിട്ടുള്ള ജില്ലാ സഹകരണബാങ്കുകളിലെ അഫിലിയേറ്റ് ചെയ്ത മെമ്പർ സൊസൈറ്റി/പ്രാഥമിക സഹകരണ സംഘങ്ങളിൽ സ്ഥിരമായി ജോലി ചെയ്തുവരുന്നവരും നിശ്ചിത യോഗ്യതയുള്ളവരുമായ ജീവനക്കാരിൽനിന്നും നേരിട്ടുള്ള നിയമനം.

**6. പ്രായം** : 18–50. ഉദ്യോഗാർത്ഥികൾ 02.01.1965നും 01.01.1997നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളുമുൾപ്പെടെ) പൊതു വ്യവസ്ഥയിലെ രണ്ടാം ഖണ്ഡിക മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

**7. യോഗ്യതകൾ:**

(എ) ബി.എ/ബി.എസ്.സി/ബി.കോം ബിരുദവും എച്ച്.ഡി.സി അല്ലെങ്കിൽ ജെ.ഡി.സിയും ഉണ്ടായിരിക്കണം

അല്ലെങ്കിൽ

ബി.കോം വിത്ത് കോ–ഓപ്പറേഷൻ.

അല്ലെങ്കിൽ

കേരള കാർഷിക സർവ്വകലാശാലയുടെ ബി.എസ്.സി (കോ–ഓപ്പറേഷൻ ആന്റ് ബാങ്കിംഗ്) ബിരുദം.

(ബി) ബന്ധപ്പെട്ട ജില്ലാ സഹകരണ ബാങ്കിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മെമ്പർ സൊസൈറ്റി/പ്രൈമറി സഹകരണ സംഘത്തിൽ ഏതെങ്കിലും തസ്തികയിൽ മൂന്നുവർഷത്തിൽ കുറയാത്ത റെഗുലർ സർവ്വീസുള്ള (സർവ്വീസിൽ തുടരുന്നവരുമായ) സ്ഥിരം ജീവനക്കാരനായിരിക്കണം. ജീവനക്കാരൻ അപേക്ഷ അയയ്ക്കുന്ന അവസരത്തിൽ മാത്രമല്ല ജോലി ലഭിക്കുന്ന തീയതിയിലും സംഘത്തിന്റെ സേവനത്തിൽ ഉണ്ടായിരിക്കണം.

KS & SSR Part II, Rule 10 (a) ii ബാധകമാണ്.

**കുറിപ്പ് :** (1)ബന്ധപ്പെട്ട അപ്പെക്സ്/കേന്ദ്രസൊസൈറ്റിയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ/അംഗസംഘങ്ങളിലെ ജീവനക്കാർക്ക് സംവരണം ചെയ്തിട്ടുള്ള ഒഴിവിൽ പി.എസ്.സി.മുഖേന നിയമിക്കപ്പെട്ടയാൾ അപ്രകാരമുള്ള തസ്തികയിൽ തുടരുവോളം ഈ വിജ്ഞാപനപ്രകാരമുള്ള തസ്തികയിൽ നിയമനം ലഭിക്കുന്ന തീയതിയിലും അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ/അംഗസംഘത്തിൽ സേവനത്തിലായിരിക്കണം എന്ന നിബന്ധന അയാൾക്ക് ബാധകമാകുന്നില്ല.

(ii) ഈ തസ്തികയിലേയ്ക്ക് അപേക്ഷിക്കുന്ന മെമ്പർ സൊസൈറ്റി/പ്രൈമറിസഹകരണ സംഘങ്ങളിൽനിന്നുള്ള ഉദ്യോഗാർത്ഥികൾ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അർഹത തെളിയിക്കുന്നതിനായി സർവ്വീസിനെ സംബന്ധിക്കുന്ന വിശദവിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള സർവ്വീസ് സർട്ടിഫിക്കറ്റ് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) അല്ലെങ്കിൽ വ്യവസായ സഹകരണ സംഘങ്ങളുടെ കാര്യത്തിൽ തത്തുല്യമായ റാങ്കിലുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയത് വാങ്ങി സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതുമാണ്. സർവ്വീസ് സർട്ടിഫിക്കറ്റിൽ താഴെപ്പറയുന്ന വിവരങ്ങൾ ഉണ്ടായിരിക്കണം.

**സർവ്വീസ് സർട്ടിഫിക്കറ്റ്**

1) ഉദ്യോഗാർത്ഥിയുടെ പേര് :
2) ഉദ്യോഗപ്പേര്, ശമ്പള നിരക്ക്
(ഇപ്പോൾ ജോലി ചെയ്യുന്ന തസ്തികയുടെ പേരും,
ശമ്പളവും, ഓരോ തസ്തികയിലും
സ്ഥിരമായി ജോലി നോക്കിയിട്ടുള്ള കാലയളവും) :
3) ഉദ്യോഗാർത്ഥി ജോലി ചെയ്യുന്ന സഹകരണ
സംഘത്തിന്റെ പേരും സഹകരണ സംഘം
................. ജില്ലാ സഹകരണ ബാങ്കിൽ
അഫിലിയേറ്റ് ചെയ്ത തീയതിയും :
4) ടി സംഘത്തിൽ സ്ഥിരസേവനം ആരംഭിച്ച
തീയതിയും തസ്തികയും :

മേൽപ്പറഞ്ഞ മെമ്പർ സൊസൈറ്റി/പ്രൈമറി സഹകരണ സംഘത്തിലെ സ്ഥിരം ജീവനക്കാരനായ/ജീവനക്കാരിയായ ശ്രീ/ശ്രീമതി ................................................................ നെ സംബന്ധിച്ചുള്ള വിവരങ്ങൾ ടി ഉദ്യോഗാർത്ഥിയുടെ സർവ്വീസ് സംബന്ധമായ വിവരങ്ങളുമായി ഒത്തുനോക്കിയതിൽ ആയവ സത്യമാണെന്ന് എനിക്ക് ബോദ്ധ്യമായിട്ടുള്ളതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പും പേരും
അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)
സ്ഥലം : താലൂക്ക്, സഹകരണ വകുപ്പ്
തീയതി : (ഓഫീസ് മുദ്ര)

**കുറിപ്പ്** : സർവ്വീസ് സർട്ടിഫിക്കറ്റ് നൽകുന്ന സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ നമ്പരും രജിസ്റ്റർ ചെയ്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. സർവ്വീസ് സർട്ടിഫിക്കറ്റ് സഹകരണ വകുപ്പിലെ അസിസ്റ്റന്റ് രജിസ്ട്രാർ ജനറൽ അല്ലെങ്കിൽ വ്യവസായ സഹകരണ സംഘങ്ങളുടെ കാര്യത്തിൽ തത്തുല്യമായ റാങ്കിലുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിരിക്കണം. സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റുകൾ നൽകുന്നവരുടേയും ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടെയും പേരിൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതുമാണ്. മെമ്പർ സൊസൈറ്റികളിൽ/പ്രാഥമിക സഹകരണ സംഘങ്ങളിൽ സേവനമനുഷ്ടിക്കുന്ന ജീവനക്കാർ തങ്ങൾ ജോലി ചെയ്യുന്ന സംഘം അംഗമായിട്ടുള്ളതും അഫിലിയേറ്റു ചെയ്തിട്ടുള്ളതുമായ ബന്ധപ്പെട്ട ജില്ലാ സഹകരണ ബാങ്കിലേക്ക് അപേക്ഷിക്കുമ്പോൾ അപേക്ഷ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് സമർപ്പിക്കുന്നതിനുമുൻപായി നിയമനാധികാരിയിൽ നിന്ന് താഴെ കൊടുത്തിട്ടുള്ള മാതൃകയിൽ ഒരു രസീതോ (സമ്മതപത്രം) രസീതിന്റെ അഭാവത്തിൽ നിർദ്ദിഷ്ട മാതൃകയിലുള്ള ഒരു സർട്ടിഫിക്കറ്റോ വാങ്ങിയിരിക്കേണ്ടതും ആയത് കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്.

**RECEIPT**

(To be obtained from the Head of Office)

Certified that a copy of application/print out page of the online application for selection to the post of ................... on Rs .................. in the ........... (here enter name of Department/Corporation/Company/Local Authortiy/Co-operative Institution) notified in the gazette dated ....................... has been received in this office on ............. ie. On or before the last date fixed for the receipt of application for the post from Sri/Smt....................... .. (here enter name of the applicant) and that objections, if any to the entertainment of the application will be communicated to the Head Office/Regional Office/Ditsrict Office of the Kerala Public Service Commission within one month from the last date fixed for receipt of application.

Signature
Name and Designation
Place : of the Head of Office
Date : (Office Seal)

**CERTIFICATE**

(To be obtained from the Head of Office, in lieu of the Receipt)

Certified that a copy of request for receipt, in the form given in the General Conditions of the Gazette notification inviting application for the post, dated .... has been received in this office on . ie. on or before the last date fixed for receipt of application for the post, from Sri/Smt .. ... .. (here enter the name and designation of the applicant) applying for selection to the post of .......... on Rs ......... in the ........Dept/Corporation/Company/Local Authortiy/Co-operative Institution notified in the gazette dated ......... .

Signature
Place: Name and Designation
Date : of the Head of Office
(Office Seal)

***12. പൊതുവ്യവസ്ഥകളിലെ 2 ഉം 7 ഉം ഖണ്ഡികകൾ മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.***

13. ഈ തെരഞ്ഞെടുപ്പിന് എഴുത്ത്/ഒ.എം.ആർ. പരീക്ഷ നടത്തുന്നപക്ഷം അർഹതപ്പെട്ട ഉദ്യോഗാർത്ഥികൾക്കുള്ള അഡ്മിഷൻ ടിക്കറ്റ് ഓൺലൈൻ സംവിധാനത്തിൽ കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റിലൂടെ നൽകുന്നതും ഉദ്യോഗാർത്ഥികൾ അത് നിർദ്ദേശാനുസരണം ഡൗൺ ലോഡ് ചെയ്ത് Print എടുക്കേണ്ടതുമാകുന്നു.

(വിശദവിവരങ്ങൾക്ക് വിജ്ഞാപനത്തിന്റെ രണ്ടാം ഭാഗത്ത് ചേർത്തിരിക്കുന്ന പൊതുവ്യവസ്ഥകൾ വായിച്ചുനോക്കുക)

## കാറ്റഗറി നമ്പർ: 476/2015
## കാർപെന്റർ/കാർപെന്റർ കം പാക്കർ
## മൃഗ സംരക്ഷണം
## ഒന്നാം എൻ.സി.എ വിജ്ഞാപനം

**1. വകുപ്പ്** : മൃഗ സംരക്ഷണം
**2. ഉദ്യോഗപ്പേര്** : കാർപ്പെന്റർ/കാർപ്പെന്റർ കം പാക്കർ
**3. ശമ്പളം** : ₹ 8,730 – 13,540 /–
**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ തിരുവനന്തപുരം മുസ്ലീം 01 (ഒന്ന്)

**കുറിപ്പ്:** (ii) ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത ഒഴിവുകളിലേയ്ക്കും ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| തിരുവനന്തപുരം | 2.05.2012 | 263/07 |

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം. (മുസ്ലീം സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**6. പ്രായം**: 18–39. ഉദ്യോഗാർത്ഥികൾ 02.01.1976നും 01.01.1997നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ). [പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 (1) ഉൾപ്പെടെ]

**കുറിപ്പ്:** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് IIലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക (ഖണ്ഡിക 2 (i) ഒഴികെ).

**7. യോഗ്യതകൾ** :1. ഏഴാം ക്ലാസ്സ് പാസ്സായിരിക്കണം

2. കാർപ്പെന്ററി ട്രേഡിലുള്ള നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ്

**കുറിപ്പ്** : ഈ തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിന് KS & SSR Part II Rule 10 (a) (ii) ബാധകമാണ്.

(ശേഷം പേജ് 25ൽ)



# ഇടുക്കി

**കുടിയേറ്റക്കാരുടെ ജില്ല എന്നറിയപ്പെടുന്ന ഇടുക്കി കേരളത്തിലെ ഏറ്റവും ജനസാന്ദ്രത കുറഞ്ഞ ജില്ലയാണ്. മലയോര പ്രദേശം ഏറ്റവും കൂടുതലുള്ളതും സമതലപ്രദേശം ഏറ്റവും കുറവുള്ളതുമായ ഈ ജില്ലയ്ക്കാണ് കുരുമുളകുൽപാദനത്തിൽ ഒന്നാം സ്ഥാനം. വനവിസ്തൃതിയിലും ജലവൈദ്യുതി ഉൽപാദനത്തിലും മുന്നിൽ നിൽക്കുന്ന ഇടുക്കിയ്ക്കാണ് കേരളത്തിലെ ജില്ലകളിൽ വിസ്തീർണത്തിൽ രണ്ടാം സ്ഥാനം. ഇടുക്കിയെപ്പറ്റി കൂടുതൽ മനസ്സിലാക്കാം.**

**ആർസി സുരേഷ്കുമാർ** rcsk1234@gmail.com

## ആദ്യത്തെത്

* കേരളത്തിലെ ആദ്യത്തെ വന്യജീവിസങ്കേതം– **തേക്കടി**
* കേരളത്തിലെ ആദ്യത്തെ ദേശീയോദ്യാനം– **ഇരവികുളം**
* ഇന്ത്യയിലെ ആദ്യത്തെ കമാന അണക്കെട്ട്– **ഇടുക്കി**
* കേരളത്തിലെ ആദ്യത്തെ ജലവൈദ്യുത പദ്ധതി– **പള്ളിവാസൽ**
* കേരളത്തിൽ ആദ്യമായി വൈദ്യുതി ഉപയോഗിച്ചു പ്രവർത്തിച്ച വ്യവസായ സംരംഭം– **കണ്ണൻ ദേവൻ കമ്പനി**
* സ്വന്തമായി വൈദ്യുതി ഉൽപാദിപ്പിച്ച് വിതരണം ചെയ്ത, സംസ്ഥാനത്തെ ആദ്യത്തെ ഗ്രാമപഞ്ചായത്ത്– **മാങ്കുളം**
* ഒരു സവിശേഷ സസ്യത്തിനായിമാത്രം



ഇന്ത്യയിൽ നിലവിൽവന്ന ആദ്യ ഉദ്യാനം– **കുറിഞ്ഞി സാങ്ച്വറി**
* ഇന്ത്യയിലെ ആദ്യത്തെ മാതൃകാ കന്നുകാലി ഗ്രാമം (model livestock village)– **മാട്ടുപ്പെട്ടി**
* കേരളത്തിലെ ആദ്യത്തെ ഹൈഡൽ ടൂറിസം പദ്ധതി മൂന്നാറിലാണ്.
* കേരളത്തിലെ ആദ്യത്തെ (ഇന്ത്യയിലെ രണ്ടാമത്തെ) ടീ മ്യൂസിയം സ്ഥാപിതമായത് മൂന്നാറിലാണ് (ടാറ്റാ ടീ മ്യൂസിയം).
* ബാലറ്റ് പേപ്പറിൽ സ്ഥാനാർഥിയുടെ പേരും അതിന്റെ വലതുവശത്ത് ചിഹ്നവും ഉപയോഗിച്ച് കേരളത്തിലാദ്യമായി തിരഞ്ഞെടുപ്പ് നടത്തിയ മണ്ഡലം ദേവികുളമാണ് (ഉപതിരഞ്ഞെടുപ്പ്).
* ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ ഹൈസ്പീഡ് റൂറൽ ബ്രോഡ്ബാൻഡ് നെറ്റ്വർക്ക് ജില്ലയാണ് ഇടുക്കി (2015).
* കേരളത്തിൽ നിന്നാദ്യമായി തപാൽ സ്റ്റാമ്പിൽ പ്രത്യക്ഷപ്പെട്ട വന്യജീവി സങ്കേതമാണ് പെരിയാർ.
* കേരളത്തിലെ ആദ്യത്തെ ബയോമെട്രിക് എ.ടി.എം. നിലവിൽ വന്നത് മൂന്നാറിലാണ്.
* ഇടുക്കിയുടെ ആദ്യ കലക്ടറായി നിയമിതനായത് ഡോ.ഡി.ബാബുപോളാണ്.
* പെരിയാറിനോട് ചേരുന്ന ആദ്യത്തെ പോഷക നദിയാണ് മുല്ലയാർ.
* ഇന്ത്യയിലെ ആദ്യത്തെ ബാലസൗഹൃദ ജില്ലയാണ് ഇടുക്കി.

## സൂപ്പർലേറ്റീവുകൾ

* കേരളത്തിലെ ഏറ്റവും പഴക്കമുള്ള അണക്കെട്ടാണ് മുല്ലപ്പെരിയാർ.
* കേരളത്തിലെ ഏറ്റവും ഉയരംകൂടിയ കൊടുമുടി– **ആനമുടി** (8842 അടി അഥവാ 2695 മീ.)
* കേരളത്തിൽ ഏറ്റവും ഉയരത്തിൽ സ്ഥിതിചെയ്യുന്ന പട്ടണം– **മൂന്നാർ**
* കേരളത്തിലെ ഏറ്റവും വലിയ ഭൂഗർഭവൈദ്യുതിനിലയം– **മൂലമറ്റം** (നാടുകാണി മലയുടെ താഴ്വാരത്ത് സ്ഥാപിച്ചിരിക്കുന്നു)
* ഇന്ത്യയിലെ ഏറ്റവും വലിയ പ്രഷർ ഷാഫ്റ്റ് ഉള്ള പവർഹൗസാണ് മൂലമറ്റം. ഇടുക്കി പദ്ധതിപ്രദേശത്തുനിന്ന് 43 കിലോമീറ്റർ അകലെയാണ് മൂലമറ്റം.
* കേരളത്തിൽ സ്വകാര്യമേഖലയിലെ ഏറ്റവും വലിയ ജലവൈദ്യുത പദ്ധതി– **കുത്തുങ്കൽ** (രാജാക്കാട് പഞ്ചായത്ത്)
* കേരളത്തിലെ ഏറ്റവും ജനസംഖ്യ കുറഞ്ഞ പഞ്ചായത്ത്– **വട്ടവട**
* കേരളത്തിലെ ഏറ്റവും ചെറിയ ദേശീയോദ്യാനം– **പാമ്പാടുംചോല**
* കേരളത്തിൽ സംസ്ഥാനപാത ഏറ്റവും കൂടുതലുള്ള ജില്ല ഇടുക്കിയാണ്.
* കേരളത്തിൽ ഏറ്റവും കൂടുതൽ ചന്ദനമരങ്ങളുള്ള ജില്ല ഇടുക്കിയാണ്.
* ഇടുക്കി, ചെറുതോണി, കുളമാവ് എന്നീ അണക്കെട്ടുകൾ ചേർന്നതാണ് ഇടുക്കി പദ്ധതി. ഡാം നിർമിച്ചതും പരിപാലിക്കുന്നതും കെ.എസ്.ഇ.ബി.യാണ്.



* ഇടുക്കി അണക്കെട്ടിന്റെ ഉയരം 168.91 മീറ്ററാണ്. ഇത് സാങ്കേതികമായി ഒരു concrete double, curvature parabolic, thin arc dam ആണ്. ഏഷ്യയിലെതന്നെ ഏറ്റവും ഉയരം കൂടിയ ഡാമുകളിലൊന്നാണിത്.
* ഇടുക്കി പദ്ധതിയുടെ ഭാഗമായി ചെറുതോണിയിൽ നിർമിച്ച അണക്കെട്ടാണ് കേരളത്തിലെ ഏറ്റവും ഉയരം കൂടിയ ഗ്രാവിറ്റി ഡാം (138 മീറ്റർ). ഇടുക്കി അണക്കെട്ടിൽനിന്ന് ഒരു കിലോമീറ്റർ പടിഞ്ഞാറ് മാറിയാണ് ചെറുതോണി.
* കുളമാവ് അണക്കെട്ടിന്റെ ഉയരം 100 മീറ്ററാണ്. ഇത് മേസൺറി ഗ്രാവിറ്റി ഡാമാണ്. ഇടുക്കി അണക്കെട്ടിൽനിന്ന് 30 കിലോമീറ്റർ അകലെയാണ് കുളമാവ്. ഇടുക്കി ജലവൈദ്യുതി നിലയത്തിലേക്ക് ജലം പ്രവഹിക്കുന്നതിനുള്ള ഇൻടേക്ക് നിർമിച്ചിരിക്കുന്നത് കുളമാവ് ഡാമിലാണ്. ഇതിന്റെ വലിയ വിടവുകളിലൂടെ ജലം ഉള്ളിലെത്തുകയും തുടർന്ന് പവർ ടണലിലൂടെ പെൻസ്റ്റോക്ക് പൈപ്പിലേക്ക് പ്രവഹിക്കുകയും ചെയ്യുന്ന രീതിയിലാണ് ജലവൈദ്യുത പദ്ധതി നിർമിച്ചിരിക്കുന്നത്. മോണിങ് ഗ്ലോറി എന്നു പേരുള്ള ഈ ഇൻടേക് ജലനിരപ്പിൽനിന്ന് വളരെ താഴെ ആയതിനാൽ ഇപ്പോൾ കാണാൻ സാധ്യമല്ല.
* ഇടുക്കി ഡാമിൽ സംഭരിക്കുന്ന ജലം കിളിവള്ളിത്തോട്ടിലൂടെ നഷ്ടപ്പെടാതിരിക്കാനാണ് കുളമാവ് ഡാം നിർമിച്ചത്. ചെറുതോണിയാറ്റിലൂടെ വെള്ളം ഒഴുകിപ്പോകാതതിരിക്കാനാണ് ചെറുതോണി ഡാം നിർമിച്ചത്.
* കേരളത്തിലെ ഏറ്റവും വലിയ ജലസംഭരണിയാണ് ഇടുക്കി ജലസംഭരണി. ഇടുക്കി പദ്ധതിയുടെ നിർമാണത്തിന് സഹായസഹകരണങ്ങൾ നൽകിയ രാജ്യം കാനഡയാണ്. എൻഎൻസി ഇൻക്. എന്ന കമ്പനിയിലെ എഞ്ചിനീയർമാരാണ് പദ്ധതിയുടെ നിർമാണത്തിന് സാങ്കേതിക മാർഗനിർദ്ദേശങ്ങൾ നൽകിയത്. ഇടുക്കി ഡാമിന് ജല നിർഗമന (ഷട്ടർ) സംവിധാനമില്ല. അധികമുള്ള ജലം ഒഴുക്കിക്കളയുന്നത് ചെറുതോണി വഴിയാണ്. അണക്കെട്ടിന്റെ ഫലമായി രൂപംകൊണ്ടിട്ടുള്ള കൃത്രിമ ജലാശയത്തിന് 60 ചതുരശ്ര കിലോമീറ്ററാണ് വിസ്തീർണം. ഭൂകമ്പത്തെ പ്രതിരോധിക്കത്തവിധത്തിൽ പ്രത്യേക സംവിധാനത്തോടെയാണ് ഇടുക്കി ഡാം നിർമിച്ചിരിക്കുന്നത്.
* കേരളത്തിലെ ഏറ്റവും വലിയ സംരക്ഷണ മേഖലയാണ് പെരിയാർ.
* പ്രവാസി മലയാളികൾ എറ്റവും കുറവുള്ള ജില്ലയാണ് ഇടുക്കി.
* കേരളത്തിലെ ഏറ്റവും വലിയ പൊലീസ് സബ് ഡിവിഷനാണ് മൂന്നാർ.
* ഏറ്റവും കൂടുതൽ മണ്ണൊലിപ്പ് നടക്കുന്ന കേരളത്തിലെ ജില്ലയാണ് ഇടുക്കി.

## അപരനാമങ്ങൾ

* തേക്കടിയുടെ കവാടം എന്നറിയപ്പെടുന്നത്– **കുമളി**
* കേരളത്തിലെ കാശ്മീർ, ദക്ഷിണേന്ത്യയിലെ കാശ്മീർ എന്നീ പേരുകളിൽ അറിയപ്പെടുന്ന സ്ഥലം– **മൂന്നാർ**
* ചന്ദനമരങ്ങളുടെ നാട് എന്നറിയപ്പെടുന്ന സ്ഥലം– **മറയൂർ**
* കേരളത്തിൽ വിനോദസഞ്ചാരികളുടെ സുവർണത്രികോണം എന്നറിയപ്പെടുന്നത് – **മൂന്നാർ, ഇടുക്കി, തേക്കടി** (ഉത്തരേന്ത്യയിൽ സഞ്ചാരികളുടെ സുവർണ ത്രികോണം എന്നറിയപ്പെടുന്നത് ഡൽഹി–ജയ്പൂർ–ആഗ്ര എന്നിവയാണ്).

## പ്രധാനപ്പെട്ട വസ്തുതകൾ

* വലുപ്പത്തിൽ എത്രാം സ്ഥാനമാണ് ഇടുക്കി ജില്ലയ്ക്ക്–**രണ്ടാംസ്ഥാനം**
* ഏത് പഞ്ചായത്തിലാണ് ആനമുടി– **മൂന്നാർ**
* ഇടുക്കി അണക്കെട്ട് പെരിയാറിന്റെ പോഷകനദിയായ ചെറുതോണിയിലാണ് നിർമിച്ചിരിക്കുന്നത്.
* പള്ളിവാസൽ പദ്ധതി ഏതുനദിയിൽ– **മുതിരപ്പുഴ**
* ഏതു നദിയുടെ പോഷകനദിയാണ് മുതിരപ്പുഴ– **പെരിയാർ**
* ഇടുക്കി പദ്ധതിയുടെ സ്ഥാപിതശേഷി– **780 മെഗാവാട്ട്**
* ചെങ്കുളം പദ്ധതി ഏതു നദിയിൽ– **മുതിരപ്പുഴ**
* തൊമ്മൻകുത്ത്, തേൻമാരിക്കുത്ത് വെള്ളച്ചാട്ടങ്ങൾ ഏതു ജില്ലയിൽ– **ഇടുക്കി**
* ഏതു വില്ലേജ് എറണാകുളം ജില്ലയോട് ചേർത്തപ്പോളാണ് ഏറ്റവും വലിയ ജില്ലയെന്ന ബഹുമതി ഇടുക്കി ജില്ലയ്ക്ക് നഷ്ടപ്പെട്ടത്– **കുട്ടമ്പുഴ**
* ഏതു മൃഗത്തിന്റെ സംരക്ഷണത്തിനാണ് ഇരവികുളം (രാജമല) ദേശീയോദ്യാനം പ്രസിദ്ധം– **നീലഗിരി താർ** (വരയാട്). ശാസ്ത്രനാമം Nilgiritragus hylocrius.



ഹെമിട്രാഗസ് ഹൈലോക്രിയസ് എന്നും ഇത് അറിയപ്പെടുന്നു.
* മലങ്കര പദ്ധതി ഏത് ജില്ലയിലാണ്– **ഇടുക്കി** (തൊടുപുഴയാറിൽ നിർമിച്ചിരിക്കുന്നു)
* തേക്കടി വന്യജീവി സങ്കേതം 1934ൽ സ്ഥാപിച്ച തിരുവിതാംകൂർ രാജാവ്– **ചിത്തിര തിരുനാൾ**

## പ്രധാന വ്യക്തികൾ

* കണ്ണൻ ദേവൻ മലനിരകളിൽ തേയിലത്തോട്ടം സ്ഥാപിക്കാൻ ബ്രിട്ടീഷുകാരനായ ജോൺ ഡാനിയേൽ മൺറോയ്ക്ക് 1877–ൽ സ്ഥലം പാട്ടത്തിനു കൊടുത്തത് **– പൂഞ്ഞാറിലെ കേരള വർമ രാജ** (ഇപ്പോൾ കണ്ണൻ ദേവൻ തേയിലത്തോട്ടം ടാറ്റ ടീ കമ്പനിയുടെ ഉടമസ്ഥതയിലാണ്)
* മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ശിൽപി എന്നറിയപ്പെടുന്ന ബ്രിട്ടീഷ് എഞ്ചിനീയറാണ് ജോൺ പെന്നികിക്ക്.

(തുടരും)

# ഇന്ത്യൻ സംസ്ഥാനങ്ങൾ




## മിസൊറാം

### പ്രത്യേകതകൾ

* ഇന്ത്യയിൽ ഇരുപത്തിമൂന്നാമതായി രൂപം കൊണ്ട സംസ്ഥാനം.
* ഇന്ത്യൻ സംസ്ഥാനങ്ങളിൽ കുന്നുകളിൽ വസിക്കുന്നജനങ്ങളുടെ നാട് എന്ന് പേരിനർഥമുള്ള സംസ്ഥാനം- **മിസൊറാം**
* നിലവിലുള്ള കണക്കുപ്രകാരം ശതമാനാടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ വനഭൂമിയുള്ള സംസ്ഥാനം- **മിസൊറാം**
* സാക്ഷരതയിൽ മിസൊറമിന് ഇന്ത്യയിൽ രണ്ടാം സ്ഥാനമാണ് (91.58%).

### ആദ്യത്തേത്

* ഇന്ത്യയിൽ കൂറുമാറ്റ നിയമത്തിലൂടെ അയോഗ്യനാക്കപ്പെട്ട ആദ്യ ലോക്സഭാംഗം - **ലാൽഡുഹോമ** (1988)

### സൂപ്പർലേറ്റീവുകൾ

* പൂർവാചലിലെ ഏറ്റവും ഉയരം കൂടിയ ഭാഗമാണ് Phawngpui (2,157 m).
* സാക്ഷരത ഏറ്റവും കൂടുതലുള്ള ഇന്ത്യൻ ജില്ലയാണ് സെർചിപ്പ് (97.91 ശതമാനം). മിസൊറമിലെ തന്നെ ഐസ്വാൾ ആണ് രണ്ടാം സ്ഥാനത്ത് (97.89).
* മുപ്പത്തിയേഴാം വയസ്സിൽ മിസൊറാം ഗവർണറായ സ്വരാജ് കൗശൽ ആണ് ഇന്ത്യയിൽ ഏറ്റവും കുറഞ്ഞ പ്രായത്തിൽ ഗവർണറായി നിയമിതനായത് (1990).
* മുപ്പത്തിയഞ്ചാം വയസ്സിൽ മിസൊറമിന്റെ ആദ്യ അഡ്വക്കേറ്റ് ജനറൽ ആയ സ്വരാജ് കൗശൽ ആണ് ഇന്ത്യയിൽ ഏറ്റവും കുറഞ്ഞ പ്രായത്തിൽ ആ പദവിയിൽ നിയമിതനായ വ്യക്തി.

### പ്രധാനപ്പെട്ട വസ്തുതകൾ

* മിസൊറമിന്റെ പഴയ പേര്- **ലുഷായ് ഹിൽ ഡിസ്ട്രിക്ട്**
* താംഡിൽ തടാകം ഏതു സംസ്ഥാനത്ത്- **മിസൊറാം**
* മ്യാൻമറുമായി ഇന്ത്യയുടെ അതിർത്തി പോലെ വർത്തിക്കുന്ന മലനിര- **പട്കായ്** (പൂർവാചൽ)

## നാഗാലാൻഡ്

### പ്രത്യേകതകൾ

* ഇന്ത്യയിൽ പതിനാറാമതായി രൂപംകൊണ്ട സംസ്ഥാനം (1963 ഡിസംബർ 1)
* 2011 സെൻസസ് പ്രകാരം ഇന്ത്യൻ സംസ്ഥാനങ്ങളിൽ ജനസംഖ്യാവർധനനിരക്ക് ഏറ്റവും കുറവ്- **നാഗാലാൻഡ്**
(ബി) ഉത്തർപ്രദേശ്
(സി) ഹിമാചൽപ്രദേശ്
(ഡി) ഹരിയാന
47. ഹിന്ദുദേവതയായ ലക്ഷ്മിയുടെ ചിത്രം ആലേഖനം ചെയ്ത നാണയങ്ങൾ പുറത്തിറക്കിയ മുസ്ലീം ഭരണാധികാരി
(എ) കുത്തബ്ദീൻ ഐബക്
(ബി) മുഹമ്മദ്ഗോറി
(സി) മുഹമ്മദ് ഗസ്നി (ഡി) തിമൂർ
48. ബംഗാളിൽ ഉപ്പുസത്യാഗ്രഹത്തിനുവേദിയായത്
(എ) നവഖാലി (ബി) പ്ലാസി
(സി) കൊൽക്കത്ത (ഡി) ചിറ്റഗോങ്ങ്
49. സ്വർണത്തിന്റെ അണുസംഖ്യ
(എ) 69 (ബി) 59
(സി) 79 (ഡി) 80
50. കണ്ണിൽ എവിടെയാണ് പ്രതിബിംബം രൂപം കൊള്ളുന്നത്
(എ) റെറ്റിന (ബി) ലെൻസ്
(സി) ഐറിസ് (ഡി) ഇവയൊന്നുമല്ല


## Answers

1(d) 2(c) 3(c) 4(b) 5(c) 6(d) 7(b) 8(a) 9(c) 10(b)
11(b) 12(d) 13(b) 14(c) 15(a) 16(d) 17(a) 18(b)
19(c) 20(d) 21(c) 22(d) 23(a) 24(a) 25(b) 26(d)
27(c) 28(b) 29(c) 30(b) 31(b) 32(b) 33(c) 34(c)
35(b) 36(a) 37(c) 38(d) 39(b) 40(b) 41(b) 42(c)
43(a) 44(b) 45(d) 46(a) 47(b) 48(a) 49(c) 50(a)

# Graduate Level Previous Questions

**1**

1. Albert Einstein got Nobel Prize in connection with:
(a) General Theory of Relativity
(b) Special Theory of Relativity
(c) Photo Electric Effect
(d) None of these
2. The first to get Bharat Ratna Posthumously:
(a) Rajiv Gandhi
(b) M.G.Ramachandran
(c) K.Kamaraj



(d)Lal Bahadur Shastri
3. Which organ of UN is charged with maintaining peace and security among countries?
(a) General Assembly (b) ICJ
(c) Security Council (d) ECOSOC
4.Birth anniversary of Dr.S.Radhakrishnan (September 5) is observed as:
(a) National education day
(b) Teacher's day
(c) National science day
(d) None of these
5. "The light has gone out..... the light that shone in this country was no ordinary light..... For that light represented living truth" Who said these words?
(a) Gandhiji (b) Jawaharlal Nehru
(c) Sardar Patel (d) SC Bose
6. National sports of Scotland:
(a) Tennis (b) Rugby Football
(c) Judo (d) Cricket
7. The Indian author who created the fictional place 'Malgudi':
(a) Nirad C. Chaudhary
(b) Raja Rao (c) RK Laxman
(d) R.K. Narayan
8. Which light has the shortest wavelength?
(a) Blue (b) Violet
(c) Red (d) Yellow
9. Who discovered radio activity?
(a) Madam Curie (b) Henri Becquerel
(c) Enrico Fermi (d) Roentgen
10. What is known as 'Black gold'?
(a) Diamond (b) Anthrasite
(c) Petroleum (d) Tar
11. Vinegar contains:
(a) Citric acid (b) Lactic acid
(c) Malic acid (d) Acetic acid
12. Which fruit can provide the capacity for contraception?



(a) Grapes (b) Orange
(c) Papaya (d) Sappota
13. The number of chambers in the heart of fish:
(a) 2 (b) 3
(c) 4 (d) 5
14. Malabari is a type of:
(a) Cow (b) Goat
(c) Pig (d) Dog
15. The white Blood Corpuscles are also called:
(a) Erythrocytes (b) Thrombosites
(c) Leucocytes (d) None of these
16.Which gulf country is an island?
(a) Iraq (b) Yemen
(c) Kuwait (d)Bahrain
17. The highest peak in Africa
(a) Kilimanjaro (b )Aconcagua
(c) Everest (d) Mc Kinley
18. The deepest lake in the world is Beikal in.....
(a) Russia (b) China
(c) Nepal (d) Laos
19. The highest capital city in the world is La Paz. It is in:
(a) Brazil (b) Chile
(c) Bolivia (d) Argentina
20. Which State/Union Territory in India has the largest percentage of area under forest?
(a) Mizoram (b) Andaman Nicobar (c) Lakshadweep
(d) Andhra Pradesh
21. Which river is known as 'Vridha Ganga'?
(a) Kaveri (b) Godavari
(c) Krishna (d) Narmada
22. New alluvium is called:
(a) Regur (b) Humus
(c) Khadar (d) Bhangar
23. Which region in India experiences the heaviest rainfall?
(a) North west (b) North east
(c) South (d) South west
24. Kalibangan, the Indus valley site, is in:
(a) U.P. (b) Haryana
(c) Rajastan (d) Punjab
25. During the Vedic age the river Beas was known as:
(a) Satadru (b) Vitashta
(c) Chandrabhaga (d) Vipasa

## Answers

1 (c) 2(d) 3 (c) 4 (b) 5(b) 6(b) 7(d) 8(b) 9(b) 10(c) 11(d) 12(c) 13(a) 14(b) 15(c) 16(d) 17(a) 18(a) 19(c) 20(b) 21(b) 22 (c) 23(b) 24 (c) 25(d)

**2**

1. The first organisation to get Gandhi Peace Prize of the Govt. of India:
(a) Red Cross
(b) Ramakrishna Mission (c) UNO
(d) None of these
2. Name the revolutionary leader who turned into an ascetic in the later years of his life:
(a) BG Tilak (b) Bhagat Singh
(c) Bipin Chandra Pal
(d) Aurobindo Ghosh
3.In which year Clement Atlee announced British Government's decision to grant independence to India?
(a) 1947 (b) 1948
(c) 1949 (d) 1950
4. The first Indian to preach the gospel of Swadeshi and India for Indians:
(a) WC Bannerjee (b) Dadabhai Navroji
(c) Raja Ram Mohun Roy
(d) Swami Dayanand Saraswati
5. The president of India when India celebrated the Silver Jubilee of Independence:



(a)Zail Singh (b) V.V.Giri
(c) Fakruddin Ali Ahmed
(d) None of these
6. The Indian prime minister who got the honour 'Olympic Order':
(a) Jawaharlal Nehru (b) Rajiv Gandhi
(c) Indira Gandhi (d) None of these
7. The supreme authority for telecommunication in India?
(a) TRIPS (b) BSNL
(c) TISCO (d) TRAI
8. The Constitution of India was brought into force on:
(a) 15th August, 1947
(b) 26th January 1950
(c) 26th November 1949
(d) 22nd August, 1947
9. The colour of the carpet in Lok Sabha:
(a) Black (b) White
(c) Red (d) Green
10.The first in the world history to codify laws:
(a) Hannibal (b) Manu
(c) Aristotle (d) Hammurabi
11. Prevention of Terrorism Act (POTA) was passed by the Parliament in:
(a) 2000 (b) 2001
(c) 2002 (d) 2003
12.The stock market index of London Stock Exchange is:
(a) Footsie (FTSE) (b) NIFTY
(c) Sensex (d) Bullish
13. Who has designed the symbol of Indian Rupee?
(a) D.Ramkumar (b) D.Udayakumar
(c) D.Jyothikumar (d) D.Ajayakumar
14. Which one of the following is not a function of the Reserve Bank of India?
(a) Banker to the Government
(b) Keeping foreign exchange reserve
(c) Issuing one rupee coin and note
(d) Regulating credit in the country
15. Mountbatten stepped down from the position of Governor General of Independent India in:
(a) 1948 (b) 1947
(c) 1949 (d) 1950
16. The USSR disintegrated into 15 republics in:
(a) 1988 (b) 1989
(c) 1991 (d) 1992
17. The inventor of World Wide Web:
(a) Tim Berners Lee (b) Charles Babbage (c) Glen Ricort
(d) Sabir Bhatia
18. Rabia Durrani was the wife of the Mughal Emperor:
(a)Akbar (b) Jehangir
(c) Shah Jehan (d) Aurangazeb
19.'Dell' is a famous manufacturer of:
(a) Battery (b) Beverages
(c) Lap top Computer (d) Shoes
20. The first advertisement telecast on TV was:
(a) Watch (b) Pen
(c) Car (d) Radio
21.The first to become the CM of Kerala from backward community?
(a) C.Kesavan (b) CH Muhammad Koya(c) R Sankar (d) None of these
22.The Kerala State Electricity Board was formed in:
(a) 1957 (b) 1958
(c) 1959 (d) None of these
23.The first member of Kerala Legislative Assemby to die in harness:
(a) AR Menon
(b) CH Muhammad Koya
(c) AK Rajan (d) None of these
24. In which place is Papanasam beach?



(a) Varkala (b) Kovalam
(c) Vizhinham (d) Kollam
25. Where is VK Krishnamenon Art Gallery?
(a) Kozhikode (b) Kannur
(c) Thiruvananthapuram
(d) Thrissur

## Answers

1(b) 2(d) 3(a) 4(d) 5(b) 6(c) 7(d) 8(b) 9(d) 10(d)11(c) 12(a) 13(b)14(c) 15(a) 16(c) 17(a)18(d) 19(c) 10(a) 21(c) 22(a) 23(a)24(a)25(a)

**അസാധാരണ ഗസറ്റ് തീയതി: 26 – 11 – 2015 അവസാന തീയതി: 30 – 12 – 2015 രാത്രി 12 മണി വരെ**

(പേജ് 15ൽ നിന്ന്)

## കാറ്റഗറി നമ്പർ: 477/2015
## പവർ ലാൻട്രി അറ്റൻഡർ
## മെഡിക്കൽ വിദ്യാഭ്യാസം

### ഒന്നാം എൻ.സി.എ വിജ്ഞാപനം

1 **വകുപ്പ്** : മെഡിക്കൽ വിദ്യാഭ്യാസം
2 **ഉദ്യോഗപ്പേര്** : പവർ ലാൻട്രി അറ്റൻഡർ
3 **ശമ്പളം** :₹ 8,730 – 12,250/–
4 **ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ
തിരുവനന്തപുരം
പട്ടികജാതി 1 (ഒന്ന്)

(iii)ഈ വിജ്ഞാപനപ്രകാരം തിരുവനന്തപുരം ജില്ലയിലേയ്ക്ക് ഒരു റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവിലേയ്ക്കും ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത ഒഴിവുകളിലേയ്ക്കും ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| തിരുവനന്തപുരം | 22.09.2014 | 204/2010 |

5 **നിയമന രീതി** : നേരിട്ടുള്ള നിയമനം. (പട്ടികജാതി സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം) പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ പട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെയും പരിഗണിക്കുന്നതാണ്.

6 **പ്രായം** : 18–41. ഉദ്യോഗാർത്ഥികൾ 02.01.1974നും 01.01.1997 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ).
[പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 (i) ഉൾപ്പെടെ].

**കുറിപ്പ്:** വയസ്സിളവിനെ സംബന്ധിച്ച മറ്റുവ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ അനുബന്ധം രണ്ടാം ഖണ്ഡിക കാണുക. ഖണ്ഡിക 2(i) ഒഴികെ

7 **യോഗ്യതകൾ** :
1. മൂന്നാം ഫോറമോ പുതിയ എട്ടാം സ്റ്റാൻഡേർഡോ അല്ലെങ്കിൽ തത്തുല്യമായ പരീക്ഷയോ വിജയിച്ചിരിക്കണം
2. ഇലക്ട്രിക്കൽ ലൈൻ ഹെൽപ്പർ ആയോ ലാസ്കർ ആയോ കുറഞ്ഞത് ഒരു വർഷത്തെ പരിചയം ഉണ്ടായിരിക്കണം

കുറിപ്പ്: ഉദ്യോഗാർത്ഥികൾ തൊഴിൽ പരിചയം തെളിയിക്കുന്നതിന് ഹാജരാക്കേണ്ട സർട്ടിഫിക്കറ്റ് താഴെ കൊടുത്തിരിക്കുന്ന മാതൃകയിൽ ആയിരിക്കണം

**പരിചയ സർട്ടിഫിക്കറ്റ്**

സ്ഥാപനത്തിന്റെ (കമ്പനി/കോർപ്പറേഷൻ/ :
ഗവൺമെന്റ് ഡിപ്പാർട്ട്മെന്റ് സഹകരണ
സ്ഥാപനങ്ങൾ മുതലായവ) പേര് :
രജിസ്ട്രേഷൻ നമ്പരും :
(ചെറുകിട വ്യവസായ രജിസ്ട്രേഷൻ
നമ്പർ അല്ലെങ്കിൽ മറ്റേതെങ്കിലും രജിസ്ട്രേഷൻ :
രജിസ്റ്റർ ചെയ്ത തീയതിയും :
എവിടെ രജിസ്റ്റർ ചെയ്തു എന്നും :

ശ്രീ/ശ്രീമതി ........................................................................ (ഉദ്യോഗാർത്ഥിയുടെ പേരും മേൽ വിലാസവും) ..................... .......................... ............ മുകളിൽ പറഞ്ഞിരിക്കുന്ന ആൾ ഈ സ്ഥാപനത്തിൽ ................................................... ........................................ .................................................(തസ്തികയുടെ പേര്/ജോലിയുടെ സ്വഭാവം ഇവയിലേതെങ്കിലും) ആയി ..................... രൂപ മാസശമ്പളത്തിൽ/ദിവസ ശമ്പളത്തിൽ .................................. മുതൽ ............. വരെ .............................. വർഷം ............................ മാസം ............. ദിവസം ജോലിനോക്കിയിട്ടുണ്ട്/ ജോലി നോക്കിവരികയാണ് എന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

സർട്ടിഫിക്കറ്റ് നൽകുന്ന വ്യക്തിയുടെ പേര്, ഒപ്പ്
(തീയതി സഹിതം)
ഔദ്യോഗിക പദവി, സ്ഥാപനത്തിന്റെ പേര്.

സ്ഥലം :
തീയതി : (ഓഫീസ് സീൽ)

**സാക്ഷ്യപത്രം**

............................................ എന്ന നിയമത്തിൽ/ചട്ടത്തിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരം സ്ഥാപന ഉടമസ്ഥൻ/തൊഴിലുടമ നിർബന്ധമായും സൂക്ഷിക്കുവാൻ ബാദ്ധ്യതപ്പെട്ട .............. .. രജിസ്റ്റർ പരിശോധിച്ച് (ബന്ധപ്പെട്ട രജിസ്റ്ററിന്റെ പേര്) മേൽ പരിചയ സർട്ടിഫിക്കറ്റിൽ പരാമർശിച്ചിരിക്കുന്ന ജീവനക്കാരൻ ഇതിൽപ്പറഞ്ഞിരിക്കുന്ന കാലയളവിൽ ടി സ്ഥാപനത്തിൽ ........................... ആയി ജോലി ചെയ്തിരുന്നു/ ജോലി ചെയ്യുന്നുവെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ഞാൻ കേരള/കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ............ ................................. എന്ന ചട്ടപ്രകാരം ടി സ്ഥാപനത്തിലെ ജീവനക്കാരുടെ സേവന വ്യവസ്ഥകളെ സംബന്ധിച്ച് സ്ഥാപന ഉടമ സൂക്ഷിക്കേണ്ട രജിസ്റ്റർ പരിശോധിക്കുവാൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനാണ്.

ചട്ടപ്രകാരം/നിയമപ്രകാരം
സ്ഥാപനത്തിലെ ജീവനക്കാരുടെ
സേവന വ്യവസ്ഥകൾ സാക്ഷ്യപ്പെടുത്തുവാൻ
സ്ഥലം : അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ
തീയതി : തീയതി സഹിതം ഉള്ള ഒപ്പ്
പേര്, ഉദ്യോഗപ്പേര്, ഓഫീസ്
(ഓഫീസ് സീൽ)

**കുറിപ്പ്:** (i) ജോലി ചെയ്തിരുന്ന തസ്തികയുടെ പേര് അല്ലെങ്കിൽ ജോലിയുടെ സ്വഭാവം അതായത് കാഷ്വൽ തൊഴിലാളി അല്ലെങ്കിൽ ശമ്പളത്തോടു കൂടിയോ അല്ലാതെയോ ഉള്ള അപ്രന്റീസ് അല്ലെങ്കിൽ സ്ഥിരമോ താൽക്കാലികമോ ആയ തൊഴിലാളി ഇവയിലേതാണോ അത് സൂചിപ്പിച്ചിരിക്കണം.
(ii) എല്ലാ പരിചയ സർട്ടിഫിക്കറ്റുകളും സർക്കാരിന്റെ ബന്ധപ്പെട്ട നിയന്ത്രണാധികാരി, മേലധികാരിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്. സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റുകൾ നൽകുന്നവരുടേയും ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടെയും പേരിൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

**കുറിപ്പ്:** KS & SSR Part II Rule 10 a (ii) ഈ തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന് ബാധകമാണ്.

(പേജ് 2ൽ നിന്ന്)

2. മേൽപ്പറഞ്ഞ കൂട്ടിച്ചേർക്കലിനു താഴെയായി ചേർക്കുന്ന പ്രത്യേക കുറിപ്പ്.
പ്രത്യേക കുറിപ്പ്–27–07–2015 ലെ സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) നമ്പർ 24/2015/ ഉ.ഭ.പ.വ പ്രകാരം ടി തസ്തികയിലേയക്ക് 26–12–2014 ൽ പുറപ്പെടുവിച്ച അസ്സൽ വിജ്ഞാപനത്തിനു മുൻകാല പ്രാബല്യത്തോടെ ബാധകമാക്കിക്കൊണ്ട് അടിസ്ഥാന യോഗ്യത ഇളവു ചെയ്തതിന്റെ അടിസ്ഥാനത്തിൽ, പ്ലസ്ടു യോഗ്യത ഇല്ലാത്തതിനാൽ ടി വിജ്ഞാപനപ്രകാരം അപേക്ഷ സമർപ്പിക്കുവാൻ കഴിയാതിരുന്ന എസ്.എസ്.എൽ.സി. യേഗ്യതയുള്ളവരിൽ നിന്നു മാത്രം അപേക്ഷ ക്ഷണിച്ചുകൊണ്ട് (അസ്സൽ വിജ്ഞാപനങ്ങൾ നിലനിർത്തിക്കൊണ്ട്) പുറപ്പെടുവിക്കുന്നതാണ് ഈ കൂട്ടിച്ചേർക്കൽ വിജ്ഞാപനമെന്നതിനാൽ.

എ) അസ്സൽ വിജ്ഞാപന പ്രകാരം അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതിയായ 28–01–2015 ലോ അതിനു മുമ്പോ പ്ലസ്ടു യോഗ്യത നേടിയിട്ടില്ലാത്തതും എന്നാൽ ടി കാലളവിൽ നിഷ്കർഷിക്കപ്പെട്ട മറ്റു സാങ്കേതിക യോഗ്യതകൾക്കൊപ്പം എസ്.എസ്.എൽ.സി. അല്ലെങ്കിൽ തത്തുല്യമായ യോഗ്യതയുണ്ടായിരുന്നതുമായ ഉദ്യോഗാർത്ഥികൾ മാത്രമേ ഈ വിജ്ഞാപന പ്രകാരം അപേക്ഷകൾ സമർപ്പിക്കുവാൻ പാടുള്ളു.

ബി) 28–01–2015 ലോ അതിനു മുമ്പോ പ്ലസ്ടു യോഗ്യതയുണ്ടായിരുന്നിട്ടും അസ്സൽ വിജ്ഞാപന പ്രകാരം അപേക്ഷ സമർപ്പിക്കാത്ത ഉദ്യോഗാർത്ഥികൾ (പ്ലസ്ടു യോഗ്യത നേടിയിട്ടും 28–01–2015 ലോ അതിനു മുമ്പോ ആയത് ഒ.റ്റി.ആർ പ്രൊഫൈലിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ഉദ്യോഗാർത്ഥികൾ ഉൾപ്പെടെ) ഈ വിജ്ഞാപന പ്രകാരം അപേക്ഷിക്കുവാൻ പാടുള്ളതല്ല. അപ്രകാരം അപേക്ഷിച്ചിട്ടുള്ളതായി തെളിയുന്നപക്ഷം അവരുടെ അപേക്ഷകൾ അറിയിപ്പില്ലാതെ നിരസിക്കുന്നതാണ്.

സി) 26–12–2014 ലെ അസ്സൽ വിജ്ഞാപന പ്രകാരം അപേക്ഷകൾ സമർപ്പിച്ചിട്ടുള്ള ഉദ്യോഗാർത്ഥികൾ യാതൊരു കാരണവശാലും വീണ്ടും അപേക്ഷിക്കുവാൻ പാടില്ലാത്തതാണ്.

ഡി) അസ്സൽ വിജ്ഞാപനത്തിലെ പ്രായപരിധി സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് യാതൊരു മാറ്റവുമില്ല. അതായത് 02–01–1964 നും 01–01–1996 നും (രണ്ടു തീയതികളും ഉൾപ്പെടെ) ഇടയിൽ ജനിച്ചവർ മാത്രമേ ഈ കൂട്ടിച്ചേർക്കൽ വിജ്ഞാപനപ്രകാരം അപേക്ഷിക്കുവാൻ പാടുള്ളു.

ഇ) അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 15–12–2015 ചൊവ്വാഴ്ച അർദ്ധരാത്രി 12 മണി വരെ
വിജ്ഞാപനത്തിലെ മറ്റു വ്യവസ്ഥകൾക്ക് മാറ്റമില്ല

## വിവിധ വകുപ്പുകളിൽ എൽ.ഡി. ടൈപ്പിസ്റ്റ്

വിവിധ വകുപ്പുകളിലെ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിനായി 10–09–2014 ൽ പുറപ്പെടുവിച്ച കാറ്റഗറി നമ്പർ 388/2014 (നേരിട്ടുള്ള നിയമനം ) 389/2014 (തസ്തികമാറ്റ നിയമനം) പ്രകാരമുള്ള വിജ്ഞാപനങ്ങളിൽ താഴെപ്പറയുന്ന മാറ്റങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.

1. കാറ്റഗറി നമ്പർ 388/2014 (നേരിട്ടുള്ള നിയമനം) നമ്പർ വിജ്ഞാപനത്തിന്റെ 7ാം ഇനത്തിലും 389/2014 (തസ്തികമാറ്റ നിയമനം) നമ്പർ വിജ്ഞാപനത്തിന്റെ 5 ാം ഇനത്തിലും ഒന്നാമതായി ഉൾപ്പെടുത്തിയിട്ടുള്ള പ്ലസ്ടു വിജയം അല്ലെങ്കിൽ തത്തുല്യം എന്ന യോഗ്യത നീക്കം ചെയ്ത് പകരം എസ്.എസ്.എൽ.സി. വിജയം അല്ലെങ്കിൽ തത്തുല്യം എന്ന് കൂട്ടിച്ചേർക്കുന്നു

2. മേൽപ്പറഞ്ഞ കൂട്ടിച്ചേർക്കലുകൾക്കു താഴെയായി ചേർക്കുന്ന പ്രത്യേക കുറിപ്പ്
പ്രത്യേക കുറിപ്പ്–27–07–2015 ലെ സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) നമ്പർ 24/2015/ഉ.ഭ.പ.വ പ്രകാരം ടി തസ്തികയിലേയക്ക് 10–09–2014 ൽ പുറപ്പെടുവിച്ച അസ്സൽ വിജ്ഞാപനങ്ങൾക്കു മുൻകാല പ്രാബല്യത്തോടെ ബാധകമാക്കിക്കൊണ്ട് അടിസ്ഥാന യോഗ്യത ഇളവു ചെയ്തതിന്റെ അടിസ്ഥാനത്തിൽ, പ്ലസ്ടു യോഗ്യത ഇല്ലാത്തതിനാൽ ടി വിജ്ഞാപനപ്രകാരം അപേക്ഷ സമർപ്പിക്കുവാൻ കഴിയാതിരുന്ന എസ്.എസ്.എൽ.സി. യേഗ്യതയുള്ളവരിൽ നിന്നു മാത്രം അപേക്ഷ ക്ഷണിച്ചുകൊണ്ട് (അസ്സൽ വിജ്ഞാപനങ്ങൾ നിലനിർത്തിക്കൊണ്ട്) പുറപ്പെടുവിക്കുന്നതാണ് ഈ കൂട്ടിച്ചേർക്കൽ വിജ്ഞാപനമെന്നതിനാൽ:

എ) അസ്സൽ വിജ്ഞാപന പ്രകാരം അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതിയായ 15–10–2014 ലോ അതിനു മുമ്പോ പ്ലസ്ടു യോഗ്യത നേടിയിട്ടില്ലാത്തതും എന്നാൽ ടി കാലയളവിൽ നിഷ്കർഷിക്കപ്പെട്ട മറ്റു സാങ്കേതിക യോഗ്യതകൾക്കൊപ്പം എസ്.എസ്.എൽ.സി. അല്ലെങ്കിൽ തത്തുല്യമായ യോഗ്യതയുണ്ടായിരുന്നതുമായ ഉദ്യോഗാർത്ഥികൾ മാത്രമേ ഈ വിജ്ഞാപന പ്രകാരം അപേക്ഷകൾ സമർപ്പിക്കുവാൻ പാടുള്ളു.

ബി) 15–10–2014 ലോ അതിനു മുമ്പോ പ്ലസ്ടു യോഗ്യതയുണ്ടായിരുന്നിട്ടും അസ്സൽ വിജ്ഞാപന പ്രകാരം അപേക്ഷ സമർപ്പിക്കാത്ത ഉദ്യോഗാർത്ഥികൾ (പ്ലസ്ടു യോഗ്യത നേടിയിട്ടും 15–10–2014 ലോ അതിനു മുമ്പോ ആയത് ഒ.റ്റി.ആർ പ്രൊഫൈലിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ഉദ്യോഗാർത്ഥികൾ ഉൾപ്പെടെ) ഈ വിജ്ഞാപന പ്രകാരം അപേക്ഷിക്കുവാൻ പാടുള്ളതല്ല. അപ്രകാരം അപേക്ഷിച്ചിട്ടുള്ളതായി തെളിയുന്നപക്ഷം അവരുടെ അപേക്ഷകൾ അറിയിപ്പില്ലാതെ നിരസിക്കുന്നതാണ്.

സി) 10–09–2014 ലെ അസ്സൽ വിജ്ഞാപന പ്രകാരം അപേക്ഷകൾ സമർപ്പിച്ചിട്ടുള്ള ഉദ്യോഗാർത്ഥികൾ യാതൊരു കാരണവശാലും വീണ്ടും അപേക്ഷിക്കുവാൻ പാടില്ലാത്തതാണ്.

ഡി) അസ്സൽ വിജ്ഞാപനത്തിലെ പ്രായപരിധി സംബന്ധിച്ച മറ്റ് ൃവസ്ഥകൾക്ക് യാതൊരു മാറ്റവുമില്ല. അതായത് 02–01–1978 നും 01–01–1996 നും (രണ്ടു തീയതികളും ഉൾപ്പെടെ) ഇടയിൽ ജനിച്ചവർ മാത്രമേ ഈ കൂട്ടിച്ചേർക്കൽ വിജ്ഞാപനപ്രകാരം (നേരിട്ടുള്ള നിയമനത്തിനായി) അപേക്ഷിക്കുവാൻ പാടുള്ളു. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും മറ്റു പിന്നോക്ക വിഭാഗക്കാർക്കും അസ്സൽ വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുള്ള (മേൽപ്പറഞ്ഞ) പ്രായപരിധിയുടെ അടിസ്ഥാനത്തിൽ നിയമാനുസൃത വയസ്സിളവിന് അർഹതയുണ്ടായിരിക്കും.

ഇ) അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 15–12–2015 ചൊവ്വാഴ്ച അർദ്ധരാത്രി 12 മണി വരെ
വിജ്ഞാപനത്തിലെ മറ്റു വ്യവസ്ഥകൾക്ക് മാറ്റമില്ല. ●

# ഡിപ്പാർട്ട്മെൻറൽ ടെസ്റ്റ് ജനുവരി 2016

## കേരള പബ്ളിക് സർവ്വീസ് കമ്മിഷൻ
## വിജ്ഞാപനം

നമ്പർ ഡി.ഇ I (1) 4311 / 2015 /EW

തിരുവനന്തപുരം,
5/11/2015

## ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ് ജനുവരി 2016

1. കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ 2016 ജനുവരി മാസത്തിൽ താഴെ പറയുന്ന കേന്ദ്രങ്ങളിൽ വച്ച് നടത്താൻ നിശ്ചയിച്ചിട്ടുള്ള ഡിപ്പാർട്ട്മെന്റൽ പരീക്ഷകൾക്ക് ഓൺലൈൻ മുഖേന അപേക്ഷകൾ ക്ഷണിച്ചു കൊള്ളുന്നു. **അപേക്ഷകൾ 2015 ഡിസംബർ 9–ാം തീയതി ബുധനാഴ്ച രാത്രി 12 മണി വരെ സ്വീകരിക്കുന്നതാണ്.** നിശ്ചിത സമയത്തിനു മുൻപു തന്നെ E-payment സംവിധാനം ഉപയോഗിച്ച് ഫീസ് അടയ്ക്കുന്നതിലും അപേക്ഷ സമർപ്പിക്കുന്നതിലും പരീക്ഷാർത്ഥികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഓൺലൈൻ മുഖേന അല്ലാതെയുള്ള അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in ലൂടെ രജിസ്ട്രേഷൻ പൂർത്തിയാക്കിയതിനുശേഷം പരീക്ഷാർത്ഥികൾക്ക് അപേക്ഷിക്കാവുന്നതാണ്. മുൻ പരീക്ഷകൾക്ക് ഓൺലൈനായി അപേക്ഷിക്കുന്നതിനുവേണ്ടി രജിസ്റ്റർ ചെയ്തിട്ടുള്ള പരീക്ഷാർത്ഥികൾ ഒരു കാരണവശാലും വീണ്ടും രജിസ്റ്റർ ചെയ്യുവാൻ പാടുള്ളതല്ല. അവർ പ്രസ്തുത രജിസ്ട്രേഷനിലൂടെ (പ്രൊഫൈലിലൂടെ) മാത്രം ഓൺലൈനായി അപേക്ഷിക്കേണ്ടതാണ്. സർവ്വീസിലുള്ള അന്ധരായ പരീക്ഷാർത്ഥികൾക്ക് വേണ്ടി നടത്തുന്ന Viva-Voce ക്ക് (G.O.(P)No.31/11/P&ARD dated 7.9.2011 പ്രകാരം) അപേക്ഷിക്കുവാൻ പ്രത്യേക വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്. ആയതിനാൽ അന്ധരായ പരീക്ഷാർത്ഥികൾ ഈ വിജ്ഞാപനപ്രകാരം അപേക്ഷിക്കേണ്ടതില്ല.

2. 2012 ജൂലൈ മുതൽ ഡിപ്പാർട്ട്മെന്റൽ പരീക്ഷകൾ Objective type (OMR മൂല്യനിർണ്ണയം) രീതിയിൽ നടപ്പിലാക്കിവരികയാണ്. Second Class Language Test in Malayalam (Tamil/Kannada), Minority Language Test (Tamil/Kannada) എന്നീ ടെസ്റ്റുകൾക്ക് നിലവിലുള്ള രീതിയിലും വകുപ്പുതല പരീക്ഷയുടെ ബാക്കിയുള്ള എല്ലാ ടെസ്റ്റുകൾക്കും Objective രീതിയിലുമാണ് പരീക്ഷ നടത്തുന്നത്. **Alpha Code ബാധകമായിട്ടുള്ള OMR പരീക്ഷയാണ് നടത്തുന്നത്**. ഓരോ പേപ്പറിന്റെയും പരമാവധി മാർക്ക് 100–ഉം വിജയിക്കുന്നതിനുള്ള മിനിമം മാർക്ക് 40–ഉം ആണ്. Negative Mark ബാധകമാണ്. ഓരോ ശരിയുത്തരത്തിനും 1 മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 (മൂന്നിലൊന്ന്) മാർക്ക് നഷ്ടമാകുകയും ചെയ്യും. വകുപ്പുതല പരീക്ഷകൾക്ക് നിലവിലുള്ള with books/without books രീതി തുടരുന്നതാണ്. Objective രീതിയിലുള്ള പരീക്ഷകൾക്ക് നിലവിലുള്ള സമയക്രമത്തിൽ മാറ്റം ഉണ്ടായിരിക്കുന്നതാണ്.

2. 1 താഴെ പറയുന്ന സ്ഥലങ്ങളിലാണ് പരീക്ഷാകേന്ദ്രങ്ങൾ ഉള്ളത്.

| | | |
|---|---|---|
| (1) തിരുവനന്തപുരം | (2) നെയ്യാറ്റിൻകര | (3) ആറ്റിങ്ങൽ |
| (4) നെടുമങ്ങാട് | (5) കൊല്ലം | (6) കൊട്ടാരക്കര |
| (7) കരുനാഗപ്പള്ളി | (8) അടൂർ | (9) പത്തനംതിട്ട |
| (10) മാവേലിക്കര | (11) ചെങ്ങന്നൂർ | (12) തിരുവല്ല |
| (13) ആലപ്പുഴ | (14) തകഴി | (15) ഹരിപ്പാട് |
| (16) ചേർത്തല | (17) കോട്ടയം | (18) പാലാ |
| (19) തൊടുപുഴ | (20) ഉടുമ്പൻചോല (നെടുംങ്കണ്ടം) | (21) പൈനാവ് (വാഴത്തോപ്പ്) |
| (22) പീരുമേട് | (23) കട്ടപ്പന | (24) വടക്കൻ പറവൂർ |
| (25) എറണാകുളം | (26) തൃപ്പൂണിത്തുറ | (27) മൂവാറ്റുപുഴ |
| (28) പെരുമ്പാവൂർ | (29) വൈക്കം | (30) തൃശ്ശൂർ |
| (31) കുന്നംകുളം | (32) ഇരിങ്ങാലക്കുട | (33) ചാലക്കുടി |
| (34) പാലക്കാട് | (35) മണ്ണാർക്കാട് | (36) ഒറ്റപ്പാലം |
| (37) ആലത്തൂർ | (38) ചിറ്റൂർ | (49) മലപ്പുറം |
| (40) നിലമ്പൂർ | (41) മഞ്ചേരി | (42) പൊന്നാനി |
| (43) തിരൂർ | (44) തേഞ്ഞിപ്പാലം | (45) കോഴിക്കോട് |
| (46) കൊയിലാണ്ടി | (47) വടകര | (48) കല്പ്പറ്റ |
| (49) സുൽത്താൻബത്തേരി | (50) മാനന്തവാടി | (51) തലശ്ശേരി |
| (52) ഇരിട്ടി (ചാവശ്ശേരി) | (53) കണ്ണൂർ | (54) തളിപ്പറമ്പ് |
| (55) പയ്യന്നൂർ | (56) കാഞ്ഞങ്ങാട് | (57) കാസർഗോഡ് |

(58) കവരത്തി (ലക്ഷദ്വീപ്) (ജുഡീഷ്യൽ ടെസ്റ്റുകളും റവന്യൂ ടെസ്റ്റുകളും പഞ്ചായത്ത് ടെസ്റ്റുകളും എക്സൈസ് ടെസ്റ്റുകളും മാത്രം)

2.2 ഡിപ്പാർട്ട്മെന്റൽ പരീക്ഷകൾക്ക് അപേക്ഷിക്കുന്നതിന് മുൻപായി പരീക്ഷാർത്ഥികൾ ഓൺലൈനായി One-time Registration ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ സമയത്ത് ഓരോ പരീക്ഷാർത്ഥിയും തങ്ങളുടെ വ്യക്തിപരമായ വിവരങ്ങളായ ജനനത്തീയതി, മേൽവിലാസം, ഔദ്യോഗിക പദവി, ഔദ്യോഗിക മേൽവിലാസം മുതലായവ നൽകുന്നതിനോടൊപ്പം തങ്ങളുടെ ഫോട്ടോഗ്രാഫും അപ്‌ലോഡ് ചെയ്യേണ്ടതാണ്. തുടർന്ന് ഒരു 'User ID' നൽകുന്നതാണ്. പരീക്ഷാർത്ഥികൾക്ക് തന്നെ 'Password' ഉം 'User ID' ഉം തെരഞ്ഞെടുക്കാവുന്നതാണ്. ഇവ രണ്ടും രഹസ്യമായി സൂക്ഷിക്കേണ്ടത് പരീക്ഷാർത്ഥികളുടെ ചുമതലയാണ്. കൂടാതെ വ്യക്തിവിവരങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

2.3 തങ്ങളുടെ 'User ID', 'Password' എന്നിവ ഉപയോഗിച്ച് ഓരോ പ്രാവശ്യവും അപേക്ഷ ക്ഷണിക്കുന്ന മുറയ്ക്ക് പരീക്ഷാർത്ഥികൾക്ക് ഡിപ്പാർട്ട്മെന്റൽ പരീക്ഷകൾക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

(a) രജിസ്ട്രേഷന് ഉപയോഗിക്കേണ്ട ഫോട്ടോയുടെ സവിശേഷതകൾ

1. ഫോട്ടോ 31.12.2010 നു ശേഷം എടുത്തവയായിരിക്കണം. അപേക്ഷകന്റെ പേരും ഫോട്ടോ എടുത്ത തീയതിയും ഫോട്ടോയിൽ Print ചെയ്തിരിക്കണം.
2. പരീക്ഷാർത്ഥിയുടെ മുഖവും തോൾഭാഗവും വ്യക്തമായി പതിഞ്ഞിരിക്കത്തക്കവിധത്തിലുള്ള കളർ/ബ്ലാക്ക് & വൈറ്റ് പാസ്പോർട്ട് സൈസ് ഫോട്ടോയായിരിക്കണം.
3. **200** പിക്സെൽ ഉയരവും, **150** പിക്സെൽ വീതിയും ഉള്ളതും **jpg** ഫോർമാറ്റിലുള്ളതും **30 kb** ഫയൽ സൈസിൽ അധികരിക്കാത്തതുമായ ഇമേജുകൾ ആണ് Upload ചെയ്യേണ്ടത്. അപ്രകാരമല്ലാത്ത ഇമേജുകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്.
4. വെളുത്തതോ ഇളം നിറത്തിലോ ഉള്ള പശ്ചാത്തലത്തിൽ എടുത്ത ഫോട്ടോയായിരിക്കണം (ഫോട്ടോയിലുള്ള വ്യക്തിയെ തിരിച്ചറിയാൻ സാധിക്കുന്ന തരത്തിൽ പശ്ചാത്തലം plain ആയിരിക്കണം).
5. മുഖം നേരെയും പൂർണ്ണമായും ഫോട്ടോയുടെ മദ്ധ്യഭാഗത്ത് പതിഞ്ഞിരിക്കണം.
6. കണ്ണുകൾ വ്യക്തമായി കാണത്തക്ക വിധത്തിലായിരിക്കണം.
7. തൊപ്പി, (മതാചാരത്തിന്റെ ഭാഗമായുള്ള തൊപ്പി/ശിരോവസ്ത്രം എന്നിവയൊഴിച്ച്) ഗോഗിൾസ് എന്നിവ ധരിച്ച് എടുത്തതോ മുഖത്തിന്റെ ഒരു വശം മാത്രം കാണത്തക്കവിധത്തിലുള്ളതോ മുഖം വ്യക്തമല്ലാത്തതോ ആയ ഫോട്ടോകൾ ഉപയോഗിക്കാൻ പാടില്ല.
8. മൊബൈൽ ഫോൺ, **Web Cam** എന്നിവ ഉപയോഗിച്ച് എടുക്കുന്ന ഫോട്ടോയും **Polaroid & Computer Generated Photo** യും സ്വീകരിക്കുന്നതല്ല.
9. ഇളം നിറത്തിലുള്ള വസ്ത്രം ധരിച്ച് എടുത്ത ഫോട്ടോ ആയിരിക്കണം.
10. **ആദ്യഘട്ടത്തിൽ രജിസ്ട്രേഷൻ നടത്തിയപ്പോൾ പഴയ മാതൃകയിലുള്ള ഫോട്ടോ അപ്‌ലോഡ് ചെയ്തവർ ഇനിയും പരീക്ഷ എഴുതുന്നതിന് വേണ്ടി അപേക്ഷിക്കുമ്പോൾ പുതിയ മാതൃകയിലുള്ള ഫോട്ടോ അവസാന തീയതിക്കു മുൻപായി അപ്‌ലോഡ് ചെയ്യേണ്ടതാണ്.**

**1–10 വരെയുള്ള നിർദ്ദേശങ്ങൾ പാലിക്കാത്ത ഫോട്ടോയുള്ള അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.**

(b) വകുപ്പുതല പരീക്ഷയ്ക്ക് Online അപേക്ഷകൾ ആദ്യമായി ക്ഷണിച്ച 2011 ജനുവരിക്ക് മുമ്പായി ഒരു പാർട്ടിന്റെ ഭാഗികമായ പേപ്പറുകൾ ജയിച്ചിട്ടുള്ളവർ ശേഷിക്കുന്ന പേപ്പറുകൾക്കും സർട്ടിഫിക്കറ്റിനും ഫീസ് ഒടുക്കി ഓൺലൈൻ മുഖേന അപേക്ഷിക്കേണ്ടതാണ്. 2011 ജനുവരി മുതൽ സർട്ടിഫിക്കറ്റ് ഫീസ് ഒടുക്കുകയും എന്നാൽ പരീക്ഷ തോൽക്കുകയും ചെയ്തവർ വീണ്ടും സർട്ടിഫിക്കറ്റ് ഫീസ് ഒടുക്കേണ്ടതില്ല. 2011 ജനുവരിയിലെ ഡിപ്പാർട്ട്മെന്റൽ പരീക്ഷ മുതൽ അപേക്ഷിക്കുകയും വിവിധ കാരണങ്ങളാൽ അപേക്ഷ നിരസിക്കപ്പെടുകയോ Paper disallow ആവുകയോ ചെയ്തിട്ടുള്ളവരും സർട്ടിഫിക്കറ്റ് ഫീസ് ഒടുക്കുകയും ഒരു തവണ പോലും പരീക്ഷ എഴുതാതിരിക്കുകയും ചെലാൻ verify ചെയ്യാതിരിക്കുകയും ചെയ്തിട്ടുള്ളവരും E- payment സംവിധാനം ഉപയോഗിച്ച് സർട്ടിഫിക്കറ്റ് ഫീസ് വീണ്ടും ഒടുക്കേണ്ടതാണ്.

(c) പരീക്ഷാർത്ഥികളുടെ പ്രൊഫൈലിൽ അവരുടെ ഫോട്ടോയോടുകൂടിയ Admission Ticket ഉം Identification Certificate ഉം ലഭ്യമാക്കുന്നതും ആയത് ഡൗൺ ലോഡ് ചെയ്ത് യഥാവിധി സാക്ഷ്യപ്പെടുത്തി പരീക്ഷയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

(d) ഡിപ്പാർട്ട്മെന്റൽ പരീക്ഷകൾക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതിവരെയും തങ്ങൾ സമർപ്പിച്ച അപേക്ഷയിലെ വിവരങ്ങൾ (ഉദാ: പേപ്പറുകൾ, ടെസ്റ്റ്, മേഖല മുതലായവ) മാറ്റി നൽകുന്നതിന് പരീക്ഷാർത്ഥികൾക്ക് അനുവാദം ഉണ്ടായിരിക്കുന്നതാണ്. അവസാനതീയതിയിൽ നിലവിലുള്ള ഫോട്ടോയും മറ്റു വിവരങ്ങളും അടങ്ങിയ അപേക്ഷകളാവും പരിഗണിക്കുക. **Online application പൂരിപ്പിക്കുന്നതിന് മുൻപ് വിജ്ഞാപനം വിശദമായി വായിക്കേണ്ടതാണ്**. വിജ്ഞാപനം കമ്മീഷന്റെ വെബ്സൈറ്റിലും കമ്മീഷന്റെ ജില്ലാ/മേഖലാ ആഫീസുകൾ, കളക്ടറേറ്റുകൾ, ജില്ലാ ഇൻഫർമേഷൻ ആഫീസുകൾ എന്നിവിടങ്ങളിലും ലഭ്യമാണ്.

(e) പരീക്ഷയ്ക്കുള്ള സമയവിവരപ്പട്ടികയും മേഖലാകേന്ദ്രങ്ങളുടെ പേരും യഥാസമയം ഗസറ്റിൽ പരസ്യപ്പെടുത്തുന്നതാണ്. സമയവിവരപ്പട്ടികകൾ പബ്ലിക് സർവ്വീസ് കമ്മീഷന്റെ വെബ്സൈറ്റ്, ജില്ലാ/മേഖലാ ഓഫീസുകൾ, പരീക്ഷാകേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ നിന്നും പരീക്ഷാർത്ഥികൾക്ക് റഫറൻസിന് ലഭിക്കുന്നതാണ്. കൂടാതെ ഓരോ പരീക്ഷാർത്ഥിക്കും ആവശ്യമായി വരുന്ന പരീക്ഷകളുടെ ടൈംടേബിൾ അവരവരുടെ പ്രൊഫൈലിൽ ലഭ്യമാക്കുന്നതാണ്. വ്യക്തിപരമായി പരീക്ഷാർത്ഥികൾക്ക് സമയവിവരപട്ടികകൾ തപാലിൽ അയയ്ക്കുന്നതല്ല.

3. കമ്മിഷന്റെ 05.03.2003 ലെ 17–ാം നമ്പർ തീരുമാന പ്രകാരം ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ് സർവ്വീസിൽ ഉള്ളവർക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു. അല്ലാത്തവരിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.

4. **അപേക്ഷാഫീസ്:-** മുൻ കാലങ്ങളിൽ നിന്നും വ്യത്യസ്ഥമായി ഈ വിജ്ഞാപനം മുതൽ (2016 ജനുവരി) Online banking സംവിധാനം ഉപയോഗിച്ചുള്ള E-payment വഴിയാണ് പരീക്ഷാ ഫീസും, സർട്ടിഫിക്കറ്റ് ഫീസും ഒടുക്കേണ്ടത് (ചെലാൻ ഉപയോഗിച്ച് ട്രഷറികളിൽ നേരിട്ടോ/ ഇ – ചെലാൻ മുഖേനയോ പണമൊടുക്കുന്നത് സ്വീകാര്യമല്ല.) E-payment വഴി പണം ഒടുക്കുന്നതിന് പരീക്ഷാർത്ഥികളുടെ പ്രൊഫൈലിലെ Make payment എന്ന ഓപ്ഷൻ ഉപയോഗിക്കാവുന്നതാണ്. ടി ഓപ്ഷൻ വഴി പരീക്ഷാർത്ഥിക്ക് ട്രഷറി വകുപ്പിൻെറ സൈറ്റിലേക്ക് പ്രവേശിച്ച് Online ആയി പണം ഒടുക്കാവുന്നതാണ്. ഇതിനായി പരീക്ഷാർത്ഥിക്കോ/ബന്ധപ്പെട്ടവർക്കോ ഏതെങ്കിലും ബാങ്കിൻെറ Online banking Account ആവശ്യമാണ്. ട്രഷറി സൈറ്റിൽ നിന്നും പണം ഒടുക്കുന്നതിനായി ബാങ്കിങ്ങിലേക്ക് പ്രവേശിക്കുമ്പോൾ ലഭ്യമാകുന്ന GR Number (ഗവൺമെന്റ് Reference No.) കുറിച്ചെടുത്ത് സൂക്ഷിക്കേണ്ടതാണ്. പണം ഒടുക്കിക്കഴിഞ്ഞാൽ പരീക്ഷാർത്ഥിയുടെ പ്രൊഫൈലിൽ GR Number ഉൾപ്പെടെ payment details കാണാവുന്നതാണ്.

4.1 ഓരോ പേപ്പറിനും 75/ (എഴുപത്തി അഞ്ച്) രൂപ എന്ന നിരക്കിലാണ് പരീക്ഷാ ഫീസ്. ഈ അടിസ്ഥാനത്തിൽ എത്ര പേപ്പറുകൾ ഉണ്ട് എന്ന് കണക്കാക്കി മുഴുവൻ പരീക്ഷാഫീസും ഒടുക്കേണ്ടതാണ്. ഒരു ടെസ്റ്റ് സർട്ടിഫിക്കറ്റിനും 100/ രൂപ നിരക്കിൽ എത്ര സർട്ടിഫിക്കറ്റിനാണോ അപേക്ഷിക്കുന്നത് അത്രയും തുക സർട്ടിഫിക്കറ്റിനായും ഒടുക്കേണ്ടതാണ്. ജനുവരി 2011 മുതൽ ഡിപ്പാർട്ട്മെന്റൽ ടെസ്റ്റിന് അപേക്ഷിക്കുകയും, സർട്ടിഫിക്കറ്റ് ഫീസ് ഒടുക്കുകയും ചെയ്തവർ അതേ പ്രൊഫൈലിലൂടെ അപേക്ഷിച്ചാൽ മാത്രമേ ഒടുക്കിയ സർട്ടിഫിക്കറ്റ് ഫീസ് സാധുവായി പരിഗണിക്കുകയുള്ളു. (അല്ലാതെയുള്ള അപേക്ഷകൾ നിരസിക്കുന്നതാണ്) ഒരിക്കൽ അടച്ച പരീക്ഷാ ഫീസ് യാതൊരു കാരണവശാലും തിരികെ ലഭിക്കുന്നതല്ല.

4.2 E-payment ഇടപാട് പൂർത്തിയാകുന്നതിനിടയിൽ നെറ്റ്‌വർക്ക് തകരാർ ഉൾപ്പെടെ സാങ്കേതിക തടസ്സങ്ങൾ കാരണം Account ൽ നിന്നും പണം debit ആകുകയും ഇടപാട് പൂർത്തിയാകാതെയും വന്നാൽ നേരത്തെ കുറിച്ചെടുത്ത GR number ഉപയോഗിച്ച് ബാങ്ക്/ ട്രഷറിയെ സമീപിച്ച് പണം സംബന്ധിച്ച് വ്യക്തത വരുത്താവുന്നതാണ്.

4.3 ഒരു ഹെഡ് ഓഫ് അക്കൗണ്ടിലേക്ക് ഒടുക്കപ്പെട്ട പണം മറ്റൊരു ഹെഡ് ഓഫ് അക്കൗണ്ടിലേക്ക് മാറ്റുവാൻ കഴിയുന്നതല്ല. അതായത് സർട്ടിഫിക്കറ്റ് ഫീസിനായി ഒടുക്കിയ പണം പരീക്ഷാ ഫീസായോ തിരിച്ചോ വകയിരുത്താൻ സാധിക്കില്ല.

**നോട്ട്:- (എ)** നേരിട്ടുള്ള നിയമനം വഴിയോ ട്രാൻസ്ഫർ മുഖാന്തിരമോ നിയമിക്കപ്പെട്ടിട്ടുള്ള ഒരു ഉദ്യോഗസ്ഥന്റെ പ്രൊബേഷന്റെയോ ട്രെയിനിംഗിന്റെയോ പൂർത്തീകരണത്തിനോ ഏതെങ്കിലും തസ്തികയിൽ ഇൻക്രിമെന്റോ സ്ഥിരപ്പെടുത്തലോ ലഭിക്കുന്നതിനോ ഉയർന്ന തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം കിട്ടുന്നതിനോ ഒരു പോസ്റ്റിൽ പിഴകൂടാതെ തുടരുന്നതിനോ ഏതെങ്കിലും ടെസ്റ്റ് പാസ്സായിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിൽ (obligatory tests) പ്രസ്തുത ടെസ്റ്റുകൾക്കും സർവ്വീസിലുള്ള ആളുകൾക്ക് പുതുതായി ഏതെങ്കിലും ടെസ്റ്റ് ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ അപ്രകാരമുള്ള ടെസ്റ്റുകൾക്കും **G.O.(MS)166/76/PD dated** 04.06.1976 അനുസരിച്ച് ജീവനക്കാർക്ക് അതാത് ഡിപ്പാർട്ട്മെന്റിലെ ഉദ്യോഗക്കയറ്റങ്ങൾക്ക് (Line of promotion) **ഉള്ള തസ്തികകളിലേയ്ക്ക് ആവശ്യമായ ഡിപ്പാർട്ട്മെന്റ് ടെസ്റ്റുകൾക്കും അപേക്ഷകരിൽ നിന്ന് ഫീസ് ഈടാക്കുന്നല്ല.** ഈ സൗജന്യം ഓരോ ടെസ്റ്റിനെ സംബന്ധിച്ചിടത്തോളവും ഒരാൾക്ക് ഒന്നിൽ കൂടുതൽ തവണ ലഭിക്കുന്നതല്ല. **(G.O.(MS)26/76/PD dated 25.01.1976)** രണ്ടാമത്തെ തവണ മുതൽ ഫീസ് ഈടാക്കുന്നതാണ്. ഒരു പരീക്ഷയ്ക്ക് അപേക്ഷിക്കുകയും എന്നാൽ ഏതെങ്കിലും കാരണവശാൽ പരീക്ഷ എഴുതാതിരിക്കുകയും ചെയ്താൽ അതും ഫീസ് സൗജന്യം അനുവദിക്കപ്പെട്ടിട്ടുള്ള തവണയായി കണക്കാക്കപ്പെടുന്നതാണ്. ഫീസ് സൗജന്യം അനുവദിക്കപ്പെട്ടിട്ടുള്ളത് ഓരോ ടെസ്റ്റിനും മുഴുവനായിട്ടാണ്. അല്ലാതെ പല പേപ്പറുകളുള്ള ഓരോ ടെസ്റ്റിന്റെയും ഓരോ പേപ്പറുകളായിട്ടല്ല. (G.O.(MS)29/75/PD dated 06- 02-1975) ഉദാഹരണമായി അക്കൗണ്ട് ടെസ്റ്റിനു ചേരുന്ന ഒരാൾക്ക് (4 പേപ്പറിനും കൂടി ചേർന്നാലും ഇല്ലെങ്കിലും) ഒരു പരീക്ഷയ്ക്ക് മാത്രമേ ഫീസ് സൗജന്യം കിട്ടുകയുള്ളു. ആ പരീക്ഷയിൽ എല്ലാ പേപ്പറുകളും ജയിക്കാൻ സാധിച്ചിട്ടില്ലെങ്കിൽ അടുത്ത തവണ മുതൽ തോറ്റ പേപ്പറുകൾക്കും അപേക്ഷിക്കാതിരുന്ന പേപ്പറുകൾക്കും ഫീസ് ഒടുക്കി അപേക്ഷിക്കേണ്ടതാണ്. മുകളിൽ പറഞ്ഞ ആനുകൂല്യങ്ങൾ G.O.(MS)249/70/PD dated 22.07.1970 അനുസരിച്ച് ഗവൺമെന്റ് സർവീസിലുള്ള ടൈപ്പിസ്റ്റുകൾക്കും സ്റ്റെനോഗ്രാഫർമാർക്കും G.O.(Ms.)274/71/PD dated 27.08.1971 അനുസരിച്ച് പബ്ളിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന എസ്സ്. എസ്സ്.എൽ.സി. സ്റ്റാന്റേർഡ് (S.S.L.C Standard) ലുള്ള ക്ലറിക്കൽ പരീക്ഷയ്ക്ക് ഇരിക്കുവാൻ അനുമതി ലഭിച്ചിട്ടുള്ള താഴ്ന്ന വരുമാനക്കാരായ ഗവണ്മെന്റ് ജീവനക്കാർക്കും G.O.(Rt.)No.706/75/PD dated 21.07.1975 അനുസരിച്ച് കേരള ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിലെ ജീവനക്കാർക്കും G.O.(Ms.)No.302/75/G..Edn. dated 17.12.1975 അനുസരിച്ച് ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ് ഒബ്ലി

ഗേറ്ററിയായി നിശ്ചയിക്കപ്പെട്ടിട്ടുള്ള കേരളത്തിലെ എയിഡഡ് ഹൈസ്കൂളിലേയും എയിഡഡ് ട്രെയിനിംഗ് സ്കൂളിലേയും ഹെഡ്മാസ്റ്റർമാർക്കും മറ്റു ജീവനക്കാർക്കും G.O.(Ms.)No.146/76/G..Edn. dated 04.08.1976 അനുസരിച്ച് ഒബ്ലിഗേറ്ററിയായി നിശ്ചയിക്കപ്പെട്ടിട്ടുള്ള ഡിപ്പാർട്ട്മെന്റൽ ടെസ്റ്റുകൾക്കും കേരളത്തിലെ പ്രൈമറി സ്കൂളുകളിലേയും അപ്പർ പ്രൈമറി സ്കൂളുകളിലേയും ഹെഡ്മാസ്റ്റർമാർക്കും പി.ഡി. ടീച്ചർമാർക്കും G.O.(P)No.150/77/PW. dated 17.9.1977 അനുസരിച്ച് പൊതുമരാമത്ത് വകുപ്പിലെ ജൂനിയർ എഞ്ചിനീയർമാരുടെ പ്രൊബേഷൻ പൂർത്തീകരിക്കുന്നതിനും തുടർന്ന് ഉദ്യോഗക്കയറ്റം കിട്ടുന്നതിനും നിർബന്ധമാക്കപ്പെട്ടിരിക്കുന്ന പി.ഡബ്ല്യൂ.ഡി. മാനുവൽ ടെസ്റ്റിനും (P.W.D. Manual Test) ലഭിക്കുന്നതാണ്. കോർപ്പറേഷൻ, മുനിസിപ്പാലിറ്റി എന്നീ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും യൂണിവേഴ്സിറ്റി, ഇലക്ട്രിസിറ്റി ബോർഡ്, കെ. എസ്സ്. ആർ. ടി. സി., വാട്ടർ അതോറിട്ടി തുടങ്ങിയ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും ഫീസ് സൗജന്യത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല. എന്നാൽ കേരള പഞ്ചായത്ത് കോമൺ സർവ്വീസിലുള്ള ജീവനക്കാർക്ക് G.O.(MS)No.215/86/LAD dated 28.10.1986 പ്രകാരം ഒബ്ലിഗേറ്ററിയായി നിശ്ചയിക്കപ്പെട്ടിട്ടുള്ള ഡിപ്പാർട്ട്മെന്റൽ ടെസ്റ്റുകൾക്ക് ഫീസ് സൗജന്യത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. **ട്രഷറി, ലോക്കൽ ഫണ്ട് ആഡിറ്റ് എന്നീ വകുപ്പുകളിലെ ജീവനക്കാർ ഒഴികെയുള്ളവർക്ക് Account Test (Higher)**ന് ഫീസ് സൗജന്യത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല. വിദ്യാഭ്യാസ വകുപ്പിലെ **Higher SecondarySchool Teacher, Vocational Higher Secondary School Teacher, Non Vocational Higher Secondary School Teacher,** ആരോഗ്യവകുപ്പിലേയും മെഡിക്കൽ വിദ്യാഭ്യാസവകുപ്പിലേയും **Staff Nurse, Head Nurse** എന്നീ തസ്തികകളിൽ ജോലി നോക്കുന്നവർക്ക് വകുപ്പ്തല പരീക്ഷ **Obligatory** അല്ലാത്തതിനാൽ ഒരു ടെസ്റ്റിനും ഫീസ് സൗജന്യം ഉണ്ടായിരിക്കുന്നതല്ല. ഡിപ്പാർട്ട്മെന്റൽ പരീക്ഷകൾക്ക് ഓൺലൈൻ മുഖേന അപേക്ഷ സമർപ്പിക്കുമ്പോൾ **"Free Chance"** എന്ന ഓപ്ഷനിൽ ക്ലിക്ക് ചെയ്യുന്ന സമയത്ത് **''Yes''** എന്നു രേഖപ്പെടുത്തുന്നു എന്നതു കൊണ്ടു മാത്രം പരീക്ഷാർത്ഥിക്ക് ഫ്രീ ചാൻസ് ലഭിക്കുന്നതിന് അർഹത ഉണ്ട് എന്ന് ധരിക്കേണ്ടതില്ല. അപേക്ഷകളുടെ സൂക്ഷ്മപരിശോധനാവേളയിൽ "Free Chance" ൽ പരീക്ഷ എഴുതുന്നതിന് അർഹതയില്ലാത്ത പരീക്ഷാർത്ഥികളുടെ അപേക്ഷ നിരസിക്കുന്നതാണ്. ആയതിനാൽ Free Chance ലഭിക്കുന്നതിന് (ഫീസടയ്ക്കാതെ പരീക്ഷ എഴുതുന്നതിന്) തങ്ങൾക്ക് അർഹത ഉണ്ട് എന്ന് ബന്ധപ്പെട്ട സർക്കാർ ഉത്തരവ് പരിശോധിച്ച് ഉറപ്പുവരുത്തിയശേഷം മാത്രം അപേക്ഷിക്കേണ്ടതാണ്.കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി ജീവനക്കാർക്ക് G.O(Rt.)No.101/78/AD dated 16.1.1978 പ്രകാരം ഒബ്ലിഗേറ്ററിയായി നിശ്ചയിക്കപ്പെട്ടിട്ടുള്ള ഡിപ്പാർട്ട്മെന്റൽ ടെസ്റ്റുകൾക്ക് ഫീസ് സൗജന്യത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

**(ബി)** ഫീസ് സൗജന്യത്തിന് അർഹരായിട്ടുള്ളവർ പ്രസ്തുത വിവരം അപേക്ഷയിൽ രേഖപ്പെടുത്തുന്നതു കൂടാതെ Admission Ticket- നൊപ്പം ഡൗൺ ലോഡ് ചെയ്തെടുക്കുന്ന Identification Certificate-ൽ ടി വിവരം തങ്ങളുടെ വകുപ്പു മേധാവിയേയോ ആഫീസ് മേധാവിയേയോ കൊണ്ട് സർട്ടിഫൈ ചെയ്യിക്കേണ്ടതും ബന്ധപ്പെട്ട കോളത്തിൽ ✓ മാർക്ക് ചെയ്യിക്കേണ്ടതുമാണ്.

5. Annexure-A യിൽ 5-ാമതായി കൊടുത്തിരിക്കുന്ന പി.ഡബ്ല്യൂ.ഡി. മാനുവൽ ടെസ്റ്റ്, പൊതുമരാമത്ത് വകുപ്പിലെ ജൂനിയർ എഞ്ചിനീയർമാർക്ക് പ്രൊബേഷൻ പൂർത്തിയാക്കുന്നതിനും തുടർന്നുള്ള ഉദ്യോഗക്കയറ്റത്തിനും ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള അക്കൗണ്ട് ടെസ്റ്റ് ലോവറിനും പി.ഡബ്ല്യൂ.ഡി. ടെസ്റ്റിനും പുറമേ നിർബന്ധമാക്കിയിട്ടുള്ളതാണ്. [G.O(P)No.150/77/PW dated 17.9.1977]

(എ) Annexure-A യിൽ പോലീസ് ടെസ്റ്റ് 18,19 എന്നിവ പ്രത്യേകം ടെസ്റ്റുകൾ തന്നെയായിരിക്കും. [G.O(MS)No.146/82/Home (A) Department dated 16.12.1982 അനുസരിച്ച് ]

6. Annexure-A യിൽ 23-ാമതായി കൊടുത്തിരിക്കുന്ന കേരള ജയിൽ ഓഫീസേഴ്സ് ടെസ്റ്റ് -മൂന്നാം പേപ്പർ/ കേരള ജയിൽ സബോർഡിനേറ്റ് ഓഫീസേഴ്സ് ടെസ്റ്റ് രണ്ടാം പേപ്പർ (പ്രാക്റ്റിക്കൽ) പരീക്ഷയ്ക്ക് ജയിൽ ഐ.ജി. അംഗീകരിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും അതായത് 30.09.1993 വരെ RICA-ൽ നിന്നും/ SICAൽ നിന്നും 01.10.1993 മുതൽ 13.10.2003 വരെ SICAൽ നിന്നും മാത്രവും 14.10.2003 മുതൽ RICA-ൽ നിന്നും/ SICAൽ നിന്നും ആംഡ് ആന്റ് സ്ക്വാഡ് ഡ്രില്ലിൽ (റൈഫിൾ ഷൂട്ടിംഗ്, റിവോൾവർ ഷൂട്ടിംഗ് മുതലായവ) പരിശീലനം വിജയകരമായി പൂർത്തിയാക്കിയ സർട്ടിഫിക്കറ്റ് ലഭിച്ചവർക്ക് മാത്രമേ അപേക്ഷിക്കുവാൻ അർഹതയുള്ളൂ. തമിഴ്നാട്ടിലെ വെല്ലൂരിലുള്ള RICA യുടെ പേര് APCA (Academy of prisons & Correctional Administration) എന്നാക്കി മാറ്റിയിട്ടുള്ളതിനാൽ ടി സ്ഥാപനത്തിൽ നിന്നും സർട്ടിഫിക്കറ്റ് നേടിയിട്ടുള്ളവർക്കും പ്രായോഗിക പരീക്ഷയ്ക്ക് അപേക്ഷിക്കാവുന്നതാണ്. അനുബന്ധം "എ' യിൽ 24-ാമതായി കൊടുത്തിരിക്കുന്ന കേരള ജയിൽ സബോർഡിനേറ്റ് ഓഫീസേഴ്സ് ടെസ്റ്റ് രണ്ടാമത്തെ പേപ്പറിനുള്ള പ്രായോഗിക പരീക്ഷയ്ക്ക് (Practical Test) തിരുവനന്തപുരം ജയിൽ ട്രെയിനിംഗ് സ്കൂളിൽ നിന്നും പ്രസ്തുത ടെസ്റ്റിനുള്ള പരിശീലനം വിജയകരമായി പൂർത്തിയാക്കിട്ടുള്ളവർക്ക് മാത്രമേ ചേരുവാൻ അർഹത ഉണ്ടായിരിക്കുകയുള്ളൂ. അല്ലാതെയുള്ളവരുടെ അപേക്ഷകൾ പരിഗണിക്കുന്നതല്ല. ട്രെയിനിംഗ് നേടിയിട്ടുള്ള സർട്ടിഫിക്കറ്റിന്റെ ശരിപ്പകർപ്പ് സ്വയം സാക്ഷ്യപ്പെടുത്തി **ജോയിന്റ് സെക്രട്ടറി, ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ് വിംഗ്, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം** എന്ന മേൽവിലാസത്തിൽ താമസംവിനാ അയച്ചുതരേണ്ടതാണ്. ഹാജരാക്കാത്തവരുടെ അപേക്ഷകൾ നിരസിക്കുന്നതാണ്. മേൽപറഞ്ഞിരിക്കുന്ന ടെസ്റ്റുകളുടെ പ്രായോഗിക പരീക്ഷകൾ തിരുവനന്തപുരത്തോ തൃശ്ശൂരോ കണ്ണൂരോ കമ്മീഷന് സൗകര്യം എന്നു തോന്നുന്ന മറ്റേതെങ്കിലും കേന്ദ്രത്തിൽ വച്ചോ നടത്തുന്നതായിരിക്കും. പ്രായോഗികപരീക്ഷ നടത്തുന്ന സ്ഥലവും തീയതിയും യഥാവസരം പ്രസിദ്ധപ്പെടുത്തുന്നതാണ്.

7. Annexure-A യിൽ 30-ാമതായി കൊടുത്തിരിക്കുന്ന കേരള പഞ്ചായത്ത് ടെസ്റ്റ്, പഞ്ചായത്ത് ഡിപ്പാർട്ടുമെന്റിലെ യു.ഡി.ക്ലാർക്കുമാർ, ഹെഡ്ക്ലാർക്കുമാർ, പഞ്ചായത്ത് എക്സിക്യൂട്ടീവ് ഓഫീസർമാർ എന്നിവർക്കുവേണ്ടി G.O.(MS.)No.154/75/LA & SWD dated 09.07.1975 പ്രകാരം നടത്തുന്ന പൊതുപരീക്ഷയാണ്. മുമ്പ് നടത്തിയിരുന്ന കേരള പഞ്ചായത്ത് എക്സിക്യൂട്ടീവ് ഓഫീസേഴ്സ് ടെസ്റ്റ് പ്രസ്തുത ഉത്തരവു പ്രകാരം നിർത്തലാക്കി കഴിഞ്ഞു. കേരള പഞ്ചായത്ത് എക്സിക്യൂട്ടീവ് ഓഫീസേഴ്സ് ടെസ്റ്റിന്റെ എല്ലാ പേപ്പറുകളും ഇതിനകം തന്നെ ജയിച്ചിട്ടുള്ളവരെ പഞ്ചായത്ത് ടെസ്റ്റ് എഴുതുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കേരള പഞ്ചായത്ത് എക്സിക്യൂട്ടീവ് ഓഫീസേഴ്സ് ടെസ്റ്റിലെ ഏതെങ്കിലും പേപ്പറുകൾ ജയിക്കുവാൻ ഉള്ളവർ പഞ്ചായത്ത് ടെസ്റ്റിലെ തദനുസൃതമായ (Corresponding) പേപ്പറിന് ചേർന്ന് ജയിച്ചാൽ മതിയാകുന്നതാണ്.

8. എല്ലാ ടെസ്റ്റുകളും ഭാഗികമായി പാസ്സാകാവുന്നതാണ്. അതുകൊണ്ട് പരീക്ഷാർത്ഥികൾക്ക് അവർ പാസ്സാകേണ്ട ടെസ്റ്റുകൾ മുഴുവനായോ ഒന്നോ അതിലധികമോ പേപ്പറുകൾക്കു മാത്രമായോ ചേരുവാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരിക്കും. ഒ.എം.ആർ മാതൃകയിലുള്ള ടെസ്റ്റുകളുടെ സമയം [അക്കൗണ്ട് ടെസ്റ്റ് (ലോവർ) കെ.എസ്.ആർ, അക്കൗണ്ട് ടെസ്റ്റ് ഹയർ (കെ.എസ്.ആർ), അക്കൗണ്ട് ടെസ്റ്റ് ഫോർ എക്സിക്യൂട്ടീവ് ഓഫീസേഴ്സ് പേപ്പർ - II (കെ.എസ്.ആർ), എക്സൈസ് ടെസ്റ്റ് - പാർട്ട് എ & പാർട്ട് ബി എന്നിവ ഒഴികെ] **ഒന്നര മണിക്കൂർ** ആയിരിക്കുന്നതാണ്. അക്കൗണ്ട് ടെസ്റ്റ് (ലോവർ) കെ.എസ്.ആർ, അക്കൗണ്ട് ടെസ്റ്റ് ഹയർ (കെ.എസ്.ആർ), അക്കൗണ്ട് ടെസ്റ്റ് ഫോർ എക്സിക്യൂട്ടീവ് ഓഫീസേഴ്സ് പേപ്പർ - II (കെ.എസ്.ആർ), എക്സൈസ് ടെസ്റ്റ് - പാർട്ട് എ & പാർട്ട് ബി എന്നീ പരീക്ഷകൾക്ക് **രണ്ട് മണിക്കൂർ** ആയിരിക്കും.

9. ഉദ്യോഗനിയമനത്തിനുള്ള തെരഞ്ഞെടുപ്പു പരീക്ഷകൾ മലയാളം ഒഴിച്ചുള്ള പ്രാദേശിക ഭാഷകളിൽ എഴുതുന്നവർക്കു വേണ്ടി [G.O.(Ms.)No.142/66/PD dated 31.03.1966, G.O.(P)No.356/82/GAD dated 03.11.1982, G.O.(P)No.164/84/GAD dated 31.05.1984] അനുസരിച്ച് നടപ്പാക്കിയ മലയാളം സെക്കന്റ് ക്ലാസ്സ് ലാംഗ്വേജ് ടെസ്റ്റ് (Second Class Language Test in Malayalam) അനുബന്ധം "എ' (Annexure-A) യിൽ 41-ാമതായി ചേർത്തിട്ടുണ്ട്. സിലബസ്സ്, മാർക്ക്, സമയക്രമം തുടങ്ങിയ വിശദവിവരങ്ങൾ അനുബന്ധം "സി' (Annexure-C) യിൽ കൊടുത്തിരിക്കുന്നു.

9. (എ) ന്യൂനപക്ഷ ഭാഷ സംസാരിക്കുന്ന പ്രദേശങ്ങളിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് പ്രസ്തുത ഭാഷയിൽ പ്രായോഗിക പരിജ്ഞാനം ആവശ്യമാണെന്നതിനാൽ 12.09.1968-ലെ G.O.(Ms.)No.290/PD പ്രകാരം ഏർപ്പെടുത്തിയ മൈനോറിറ്റി ലാംഗ്വേജ് ടെസ്റ്റ് (തമിഴ്/കന്നഡ) അനുബന്ധം "എ' (Annexure-A) യിൽ 42-ാമതായി ചേർത്തിട്ടുണ്ട്. 19.12.1987-ലെ G.O.(Ms.)No.283/87/LAD ഗവണ്മെന്റ് ഉത്തരവ് (എം.എസ്.) നമ്പർ 283/87 എൽ.എ.ഡി. പ്രകാരം കേരള മുനിസിപ്പൽ സർവ്വീസ് ജീവനക്കാർക്കും മൈനോറിറ്റി ലാംഗ്വേജ് ടെസ്റ്റ് എഴുതാവുന്നതാണ്. സിലബസ്സ്, മാർക്ക്, സമയക്രമം തുടങ്ങിയ വിശദവിവരങ്ങൾ അനുബന്ധം "ഡി' (Annexure-D) യിൽ കൊടുത്തിരിക്കുന്നു.

10. Annexure-A യിൽ 46 -ാമതായി കൊടുത്തിരിക്കുന്ന കേരള ചുമട്ടു തൊഴിലാളി നിയമങ്ങളെ സംബന്ധിച്ച ഡിപ്പാർട്ട്മെന്റൽ പരീക്ഷ കേരള ചുമട്ടു തൊഴിലാളിക്ഷേമ നിധി ബോർഡിലെ യു.ഡി. ക്ളാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം മുഖേനയോ തസ്തികമാറ്റം മുഖേനയോ നിയമനം ലഭിക്കുന്നതിനായി എം.ഒ.പി, അക്കൗണ്ട് ടെസ്റ്റ് (ലോവർ) എന്നിവയ്ക്ക് പുറമെ നിർബന്ധമായും ജയിച്ചിരിക്കേണ്ടതാണ്. [G.O(Rt.)No.3022/2008/തൊഴിൽ dated 31.12.2008]

11. എല്ലാ ടെസ്റ്റുകൾക്കും ജയിക്കുന്നതിനാവശ്യമായ ഏറ്റവും കുറഞ്ഞ മാർക്ക് ഓരോ പേപ്പറിനും 40% (നാൽപ്പത് ശതമാനം) ആണ്.

12. റവന്യൂ ടെസ്റ്റുകൾ 2011 ജൂലൈ മുതൽ പുതിയ സിലബസ്സിൽ മാത്രം എഴുതാൻ അനുവദിക്കുന്നതാണ്. മുൻപ് ഭാഗികമായി പഴയ സിലബസിൽ പാസ്സായിട്ടുള്ളവർ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് പുതിയ സിലബസ്സിൽ നാല് പേപ്പറുകളും എഴുതി പാസ്സാകേണ്ടതാണ്. എന്നാൽ ജനുവരി 2011 വരെയുള്ള നോട്ടിഫിക്കേഷനുകൾ പ്രകാരം വില്ലേജ് ആഫീസേഴ്സ് മാനുവൽ പരീക്ഷ പാസ്സായിട്ടുള്ളവർ പുതിയ സിലബസ്സ് പ്രകാരമുള്ള റവന്യൂ ടെസ്റ്റിന്റെ നാലാമത്തെ പേപ്പറിന് വീണ്ടും പരീക്ഷ എഴുതേണ്ടതില്ല. പരീക്ഷാർത്ഥികൾ വില്ലേജ് ഓഫീസ് മാനുവൽ പരീക്ഷ മുൻപ് പാസ്സായിട്ടുള്ളതായി സ്ഥിരീകരണം നൽകുമ്പോൾ റവന്യൂ ടെസ്റ്റിന്റെ 4 പേപ്പറുകളും ഉൾക്കൊള്ളുന്ന സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

13. Free Chance ഒഴികെയുള്ള അവസരങ്ങളിൽ, അന്യത്ര സേവനത്തിൽ തുടരുന്ന ജീവനക്കാർ അവിടുത്തെ തന്നെ ആഫീസ് മേധാവി/ വകുപ്പ് മേധാവിയെക്കൊണ്ട് അഡ്മിഷൻ ടിക്കറ്റും ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റും സാക്ഷ്യപ്പെടുത്തിയാൽ മതിയാകുന്നതാണ്.

13. (എ) ജനപ്രതിനിധികളുടെ പേഴ്സണൽ സ്റ്റാഫിൽ അംഗമായിട്ടുള്ള സർക്കാർ ജീവനക്കാർ ഡിപ്പാർട്ട്മെന്റൽ പരീക്ഷയ്ക്ക് ഹാജരാക്കുന്ന അഡ്മിഷൻ ടിക്കറ്റിലേയും ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റിലേയും സാക്ഷ്യപ്പെടുത്തലുകൾ (Free Chance ഒഴികെയുള്ളവർ) ബന്ധപ്പെട്ട ജനപ്രതിനിധി തന്നെ നിർവ്വഹിച്ചാലും മതിയാകും. അവരുടെ പേര്, പദവി മുതലായവ ഉൾക്കൊള്ളുന്ന സീലുകൾ യഥാസ്ഥാനത്ത് നിർബന്ധമായും പതിച്ചിരിക്കണം.

14. ഓരോ ടെസ്റ്റിനും അതാതു ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥർ പാസായിരിക്കണമെന്ന് കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവിൻ പ്രകാരം നിർബന്ധിതമാക്കിയിട്ടുള്ളതാണ്. (ജയിൽ ടെസ്റ്റ്, കേരള സ്റ്റേറ്റ് പ്രൊബേഷൻ ടെസ്റ്റ്, രജിസ്ട്രേഷൻ ടെസ്റ്റ്, ലോക്കൽ ഫണ്ട് ആഡിറ്റ് ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ്, ഫോറസ്റ്റ് ടെസ്റ്റ്, പഞ്ചായത്ത് ടെസ്റ്റ്, കോ-ഓപ്പറേറ്റീവ് ടെസ്റ്റ്, എസ്സ്.സി ഡിവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റ് ടെസ്റ്റ്, കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് സർവീസിലെ അംഗങ്ങൾക്കുള്ള ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ് എന്നിവ അതാതു ഡിപ്പാർട്ട്മെന്റിലെ ഉദ്യോഗസ്ഥന്മാർക്ക് മാത്രമുള്ളതാണ്.) കേരള സ്റ്റേറ്റ് പ്രൊബേഷൻ ടെസ്റ്റ് സാമൂഹ്യക്ഷേമ വകുപ്പിലെ ഡിസ്ട്രിക്ട് പ്രൊബേഷൻ ആഫീസർമാരെ ഉദ്ദേശിച്ചുള്ളതാണ്. വിവിധ വകുപ്പുകളിലുള്ളവർക്ക് അതാതു വകുപ്പുകളിൽ നിർബന്ധമാക്കിയി ട്ടുള്ള എല്ലാ ടെസ്റ്റുകളും എഴുതുവാൻ കഴിയത്തക്കവിധമാണ് കമ്മീഷൻ ടൈംടേബിൾ തയ്യാറാക്കുന്നത്. എന്നാൽ ഏതെങ്കിലും വകുപ്പിൽ നിർബന്ധിതമല്ലാത്ത പരീക്ഷയ്ക്ക് അപേക്ഷിക്കുന്നവർ ടൈംടേബിൾ പ്രകാരം പ്രസ്തുത പരീക്ഷ എഴുതുവാൻ സാധിക്കുമെങ്കിൽ മാത്രം അപേക്ഷിക്കേണ്ടതാണ്. അല്ലാതെ അതിനായി ടൈംടേബിളിൽ മാറ്റം വരുത്തുന്നതല്ല. ഇക്കഴിഞ്ഞ ഡിപ്പാർട്ട്മെന്റൽ പരീക്ഷയുടെ ടൈംടേബിളിന്റെ മുറയ്ക്കുതന്നെയായിരിക്കും അടുത്ത ടെസ്റ്റ് നടത്തുവാൻ സാദ്ധ്യതയുള്ളതെന്ന് ധരിക്കേണ്ടതാണ്.

15. 31.07.1986-ലെ GO (Ms) No. 249/86/GAD അനുസരിച്ച് ഇൻഡ്യൻ ഫോറസ്റ്റ് സർവ്വീസ് (I.F.S.) -ലുള്ള ജൂനിയർ മെമ്പർമാർക്ക് യൂണിഫൈഡ് അക്കൗണ്ട് ടെസ്റ്റ് പ്രത്യേകം നടത്തുന്നതിനാൽ 15.12.1978-ലെ GO (Ms) No. 549/78/GAD അനുസരിച്ചുള്ള അക്കൗണ്ട് ടെസ്റ്റ് (ലോവർ) നാല് പേപ്പറുകൾ ബാധകമായിരിക്കുന്നതല്ല. പ്രസ്തുത സർവ്വീസിലുള്ളവർ പ്രത്യേക വിജ്ഞാപന പ്രകാരം യൂണിഫൈഡ് അക്കൗണ്ട് ടെസ്റ്റിന് അപേക്ഷിച്ചുകൊള്ളേണ്ടതാണ്. ഇൻഡ്യൻ ഫോറസ്റ്റ് സർവ്വീസിലുള്ള (I.F.S.) ജൂനിയർ മെമ്പർമാർ "ഫോറസ്റ്റ് ടെസ്റ്റ് ഫോർ എക്സിക്യൂട്ടീവ് ആന്റ് കൺട്രോളിംഗ് സ്റ്റാഫ്'' എന്ന പരീക്ഷയ്ക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷിക്കേണ്ടതില്ല. ടി പരീക്ഷയ്ക്ക് അപേക്ഷകൾ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനം 19.02.1985 തീയതിയിലെ GO (Ms) No. 74/85/GAD അനുസരിച്ച് പ്രത്യേകം പ്രസിദ്ധപ്പെടുത്തുന്നതാണ്.

16. Annexure-'A' യിൽ 14-ാമതായി കൊടുത്തിരിക്കുന്ന മുനിസിപ്പൽ ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ്, മുനിസിപ്പൽ ഡിപ്പാർട്ടുമെന്റിൽ ജോലി ചെയ്യുന്ന ക്ലാർക്കുമാർക്കുവേണ്ടി 12.07.1978 തീയതിയിലെ G.O(Rt.)2072/78/LA & S.W.D, 25.05.1979 തീയതിയിലെ G.O(Rt.)1712/79/L A& S.W.D, 20.02.1981 തീയതിയിലെ G.O(M.S)3681/LA & S.W.D എന്നീ ഉത്തരവുകൾ പ്രകാരം നടത്തുന്ന പരീക്ഷയാണ്. ഈ പരീക്ഷയുടേയും കേരള മുനിസിപ്പൽ ടെസ്റ്റ് മൂന്നാം പേപ്പറിന്റേയും സിലബസ് ഒന്നുതന്നെയാണ്.

17. പരീക്ഷാഹാളിൽ ബുക്കുകളുടെ സഹായത്തോടു കൂടി ഉത്തരമെഴുതാവുന്ന ടെസ്റ്റുകൾ (with books) ഏതെല്ലാമാണെന്ന് അനുബന്ധത്തിൽ സിലബസ് വിവരി ക്കുന്നിടത്ത് വ്യക്തമാക്കിയിട്ടുണ്ട്. അങ്ങനെയുള്ള ടെസ്റ്റുകൾക്ക് നിശ്ചയിച്ചിട്ടുള്ള പുസ്തകങ്ങളും (ഗവൺമെന്റ് പ്രസിദ്ധീകരണങ്ങൾ മാത്രം) അവയിൽ വരുത്തിയിട്ടുള്ള ഭേദഗതികളും തൽസംബന്ധമായി ഗവണ്മെന്റ് പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ആക്ട് ആന്റ് റൂൾസും, കെ.പി.എസ്.സി. അനുമതി നൽകിട്ടുള്ള, Time Table Notification –ൽ വ്യക്തമാക്കുന്ന, സ്വകാര്യ പ്രസിദ്ധീകരണങ്ങളും മാത്രമേ പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ അനുവാദമുള്ളൂ. വിജ്ഞാപനത്തിൽ വ്യക്തമായി പറഞ്ഞിട്ടുള്ളതല്ലാതെ കൊച്ചിയിലെ സതേൺബുക്ക് കമ്പനി, നാഷണൽ ബുക്ക് സ്റ്റാൾ കോട്ടയം മുതലായവ പ്രസീദ്ധികരിച്ചിട്ടുള്ള കേരള സർവ്വീസ് റൂൾസ് തുടങ്ങിയ പ്രൈവറ്റ് പബ്ലിക്കേഷനുകൾ പരീക്ഷാഹാളിൽ ഉപയോഗിക്കാൻ പാടുള്ളതല്ല. കുറിപ്പുകളോ വിവരങ്ങളോ അടങ്ങിയ ബുക്കുകളും ഗൈഡുകളും, അംഗീകൃത പുസ്തകങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നിവയും പരീക്ഷാഹാളിൽ കൊണ്ടുവരുന്നതിന് അനുവദിക്കുന്നതല്ല. ഈ നിർദ്ദേശങ്ങൾക്കു വിപരീതമായി പെരുമാറുന്ന ഉദ്യോഗാർത്ഥികളുടെ ഉത്തരക്കടലാസ്സുകൾ അസാധുവാക്കപ്പെടുന്നതാണ്. അതിനോടൊപ്പം തന്നെ കമ്മീഷന് ഉചിതമെന്നു തോന്നുന്ന മറ്റു ശിക്ഷാ നടപടികളും സ്വീകരിക്കുന്നതാണ്. അറ്റസ്റ്റ് ചെയ്ത ഫോട്ടോകോപ്പിയിലുള്ള പുസ്തകങ്ങളോ പേപ്പറുകളോ പരീക്ഷയ്ക്കുള്ള **'വിത്ത് ബുക്ക്സ്' (with books)** എന്ന നിലയിൽ പരിഗണിക്കുകയില്ല. സിലബസിന്റെ നേർക്ക് **'വിത്ത് ബുക്ക്സ്' (withbooks)** എന്ന് എഴുതിയിട്ടില്ലാത്ത ടെസ്റ്റുകൾ ബുക്കുകളുടെ സഹായമില്ലാതെ എഴുതേണ്ടതാണ്.

17 (എ) മൊബൈൽ ഫോൺ, ബ്ലൂടൂത്ത്, വാക്ക്മാൻ, കാൽക്കുലേറ്റർ തുടങ്ങി വിവരവിനിമയത്തിനുള്ള എല്ലാ ഇലക്ട്രോണിക്സ് ഉപകരണങ്ങളും പരീക്ഷാകാമ്പസിൽ കർശനമായി നിരോധിച്ചിരിക്കുന്നു. ഇത്തരം ഉപകരണങ്ങൾ പരീക്ഷാഹാളിനുള്ളിൽ കൈവശം വയ്ക്കുന്ന പരീക്ഷാർത്ഥികളുടെ ഉത്തരക്കടലാസ്സുകൾ അസാധുവാക്കുന്നത് ഉൾപ്പെടെയുള്ള ശിക്ഷാ നടപടികൾ കമ്മീഷൻ കൈക്കൊള്ളുന്നതാണ്.

18. പരീക്ഷാ ചുമതല വഹിക്കുന്ന ചീഫ് സൂപ്രണ്ടിനോടോ അസിസ്റ്റന്റ് സൂപ്രണ്ടിനോടോ അഡീഷണൽ ചീഫ് സൂപ്രണ്ടിനോടോ അപമര്യാദയായി പെരുമാറുകയോ പരീക്ഷയിൽ ഏതെങ്കിലും തരത്തിലുള്ള ക്രമക്കേടുകൾ കാണിക്കുകയോ 17 -ാം ഖണ്ഡികയിലെ നിർദ്ദേശങ്ങൾക്കു വിപരീതമായി പരീക്ഷാഹാളിൽ ബുക്കുകൾ കൊണ്ടുവരികയോ ചെയ്യുന്നവരുടെ ഉത്തരക്കടലാസ്സുകൾ അസാധുവാക്കപ്പെടുന്നതാണ്. അതിനു പുറമെ അവരെ കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ നിശ്ചയിക്കുന്ന കാലത്തോളം ഡിപ്പാർട്ടുമെന്റൽ പരീക്ഷകൾ എഴുതുന്നതിൽ നിന്നും തടഞ്ഞുവയ്ക്കുന്നതാണ്. മേൽപ്പറഞ്ഞ നടപടികൾക്കു പുറമേ മറ്റ് ഉചിതമായ നടപടികൾക്കായി വകുപ്പു മേധാവികളേയും വിജിലൻസ് ഡിപ്പാർട്ട്മെന്റ് ഡയറക്ടറേയും അറിയിക്കുന്നതാണ്. കമ്മീഷനംഗങ്ങളെയോ കമ്മീഷന്റെ സ്റ്റാഫിൽപ്പെട്ട ആരെയെങ്കിലുമോ പരീക്ഷകനെയോ പരീക്ഷ സംബന്ധിച്ച കാര്യങ്ങൾക്കായി സ്വാധീനിക്കുവാൻ ശ്രമിക്കുകയോ അതിന് മറ്റാരെയെങ്കിലും നിയോഗിക്കുകയോ ചെയ്യുന്നവർക്കും മേൽപ്പറഞ്ഞ ശിക്ഷ നൽകുന്നതാണ്.

19. ഡിപ്പാർട്ട്മെന്റൽ പരീക്ഷക്ക് അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിവരെ പരീക്ഷാർത്ഥികൾക്ക് പേപ്പറുകൾ/മേഖല എന്നിവ മാറ്റുവാനുള്ള അവസരം അവരുടെ പ്രൊഫൈലിൽ ലഭ്യമാകുന്നതാണ്. പരീക്ഷാ പേപ്പറുകൾ പരീക്ഷാർത്ഥികൾ സ്വയം തെരഞ്ഞെടുക്കുന്നതിനാൽ അവസാന

തീയതിക്കുശേഷം യാതൊരു കാരണവശാലും അനുവദിക്കപ്പെട്ട പേപ്പറുകളിൽ മാറ്റം നൽകുന്നതല്ല.

19. (എ) പരീക്ഷയുടെ സെന്ററുകൾ മാറ്റിക്കിട്ടണമെന്നുള്ള അപേക്ഷകൾ സാധാരണഗതിയിൽ പരിഗണിക്കുന്നതല്ല. എന്നാൽ ട്രാൻസ്ഫർ/ട്രെയിനിംഗ് മൂലം സെന്ററുകൾ മാറ്റികിട്ടണമെന്ന് ആഗ്രഹിക്കുന്നവർ അഡ്മിഷൻ ടിക്കറ്റ് കിട്ടിയതിനുശേഷം ബന്ധപ്പെട്ട ഉത്തരവ് സഹിതം പരീക്ഷ തുടങ്ങുന്നതിനു മുമ്പു തന്നെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഡിപ്പാർട്ടുമെന്റൽ പരീക്ഷാ വിഭാഗം ജോയിന്റ് സെക്രട്ടറിക്ക് അപേക്ഷിക്കേണ്ടതാണ്. കമ്മീഷന്റെ ആഫീസിൽ നിന്നും ലഭിക്കുന്ന രേഖാമൂലമായ അനുവാദം കൂടാതെ സെന്ററുകളും പേപ്പറുകളും മാറ്റിയെഴുതുന്ന പരീക്ഷാർത്ഥികളുടെ ഉത്തരക്കടലാസുകൾ അസാധുവാക്കപ്പെടുന്നതാണ്. പരീക്ഷാർത്ഥികൾക്ക് തങ്ങളുടെ ഇഷ്ടപ്രകാരം പരീക്ഷാ കേന്ദ്രങ്ങൾ തെരഞ്ഞെടുക്കുന്നതിന് ഒരു കാരണവശാലും സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതല്ല. എന്നാൽ Region തെരഞ്ഞെടുക്കാവുന്നതും തെരഞ്ഞെടുത്ത Region തന്നെയാണ് Online application ൽ രേഖപ്പെടുത്തിയതെന്നും ഉറപ്പുവരുത്തേണ്ടതാണ്. അപേക്ഷകൾ അയയ്ക്കുന്ന സമയത്ത് പരീക്ഷാർത്ഥികൾ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഡിപ്പാർട്ട്മെന്റൽ പരീക്ഷാസംബന്ധമായുള്ള കത്തിടപാടുകൾ എല്ലാം **ജോയിന്റ് സെക്രട്ടറി (ഡിപ്പാർട്ട്മെന്റൽ പരീക്ഷാ വിഭാഗം), കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം, പിൻ കോഡ്– 695 004** എന്ന വിലാസത്തിൽ ആയിരിക്കേണ്ടതാണ്.

20. എക്സൈസ് ഡിപ്പാർട്ടുമെന്റിന്റെ സ്പെഷ്യൽ റൂൾ ഭേദഗതിയെ തുടർന്ന് കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ നേരിട്ടു നിയമിക്കുന്ന പ്രിവന്റീവ് ആഫീസർമാർക്ക് പ്രൊബേഷനുവേണ്ടി നടത്തുന്ന ഡിപ്പാർട്ട്മെന്റൽ പരീക്ഷകൾ {Excise test Part A - I & II Papers, Part B-III Papers (MOP)} എക്സൈസ് ഗാർഡ് തസ്തികയിലുള്ളവർക്ക് പ്രിവന്റീവ് ആഫീസർ തസ്തികയിലേയ്ക്കുള്ള പ്രൊമോഷന് ബാധകമാക്കിയും എക്സൈസ് ഗാർഡുമാർക്ക് ഇപ്പോൾ നടത്തി വരുന്ന "Departmental Test for Excise Guards as Preventive Officers" എന്ന പരീക്ഷ നിർത്തലാക്കിയും 20.08.2011 ലെ G.O.(P)No.26/2011/P&ARD പ്രകാരം സർക്കാർ ഉത്തരവായിരിക്കുന്നു. 2012 ജനുവരിയിലെ ഡിപ്പാർട്ട്മെന്റൽ പരീക്ഷകൾ മുതൽ ടി ഉത്തരവിന് പ്രാബല്യം നല്കി നടപ്പിലാക്കിവരികയാണ്. ആയതിനാൽ, ഡിപ്പാർട്ട്മെന്റൽ പരീക്ഷയ്ക്ക് അപേക്ഷിക്കുന്ന എക്സൈസ് ഗാർഡ് തസ്തികയിലുള്ളവർ പ്രിവന്റീവ് ആഫീസർ തസ്തികയിലുള്ളവർക്ക് കമ്മിഷൻ ഇപ്പോൾ നടത്തിവരുന്ന ഡിപ്പാർട്ട്മെന്റൽ പരീക്ഷകളുടെ പേപ്പറുകൾ തെരഞ്ഞെടുക്കേണ്ടതാണ്.

21. താഴെ പറയുന്ന ന്യൂനതകളുള്ള അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.

(1) മതിയായ അപേക്ഷാ ഫീസ് ഇല്ലാത്ത അപേക്ഷകൾ.

